

ഖുത്വ്ബ: സത്യസന്ധത–
സ്വായത്തമാക്കേണ്ട സദ്ഗുണം

# സത്യദൂതൻ

2011 ഒക്ടോബർ | ലക്കം 10 വില ₹ 20



## സന്യാസമോ
## ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമോ ?

## ഇരുമ്പ്: വിശുദ്ധഖുർആന്റെ അദ്ഭുത ദൃഷ്ടാന്തം

## മുസ്‌ലിം ലോകത്തിന്റെ ശാസ്ത്ര പിന്നോക്കാവസ്ഥയ്ക്ക് കാരണമെന്ത്?

## വിശുദ്ധ ഖുർആനിൽ നിന്ന്



അദ്ദേഹത്തിന് (ഈസാ നബി (അ)) നാം ഇഞ്ചീൽ നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ, സന്യാസ സമ്പ്രദായത്തെ അവർ നൂതനമായി കെട്ടിച്ചമച്ചുണ്ടാക്കി. അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നതല്ലാതെ നാം അത് (സന്യാസം) അവർക്ക് ശുപാർശ ചെയ്തിട്ടില്ല. എന്നിട്ട് അവരതിനെ വേണ്ട വിധം പാലിച്ചുമില്ല. **(57:28)**

## നബിവചനം



നിങ്ങൾ നിങ്ങളോട് തന്നെ കർക്കശക്കാരനാകരുത്. അപ്പോൾ അല്ലാഹു നിങ്ങളോട് കർക്കശക്കാരനാകും. ഒരു ജനം ഇങ്ങനെകർക്കശക്കാരാവുകയുണ്ടായി. അല്ലാഹു അവരോട് കർക്കശക്കാരനായി. ആ ജനത്തിന്റെ അവശിഷ്ടങ്ങളാണിന്ന് സന്യാസാശ്രമങ്ങളിലും മഠങ്ങളിലുമുള്ളത്. **(അബൂ ദാവൂദ്)**

## വാഗ്ദത്ത മസീഹിന്റെ വചനം



### ചാരിത്ര ശുദ്ധി

മനുഷ്യന്റെ വിചാര ഗതികളെയും അംഗ വിന്യാസങ്ങളെയും സ്വഭാവ ഗുണങ്ങളെയും പ്രത്യേകമായി ഒറ്റ പദങ്ങൾ കൊണ്ട് വിവരിക്കുന്നതിൻ മാത്രം പദബാഹുല്യമുള്ള അറബി ഭാഷയിൽ, അഹിംസാത്മക സ്വഭാവത്തെ സമ്പാദിക്കുന്നതിന് ദൈവം നിർദേശിച്ചിട്ടുള്ള ധാർമിക ഗുണങ്ങൾ നാലു പ്രത്യേക നാമങ്ങളിലാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഒന്നാമത്തേതിന് 'ഇഹ്സാൻ'(ചാരിത്ര ശുദ്ധി) എന്ന പേർ നൽകിയിരിക്കുന്നു. ഈ പദം സ്ത്രീ പുരുഷന്മാരുടെ സന്താനോൽപ്പാദനശക്തിയെ സംബന്ധിച്ചുള്ള പരിശുദ്ധതയെ കുറിക്കുന്നതാണ്.... 'ഇഹ്സാൻ' അഥവാ ചാരിത്ര ശുദ്ധി എന്ന ഗുണം യഥാർഥ ധാർമിക ഗുണമായിത്തീരുന്നത് ദുർനോട്ടം, ദുർവൃത്തി എന്നീ അപരാധങ്ങൾ പ്രവർത്തിക്കാനുള്ള ശക്തി പ്രകൃതിദത്തമായിട്ടുള്ളവൻ ആ വക നിന്ദ്യകൃത്യങ്ങളിൽ നിന്ന് സ്വമേധയാ അകന്നു നിൽക്കുന്ന അവസ്ഥയിലാണ്. എന്നല്ലാതെ ഇളം പ്രായം കൊണ്ടോ ധാതുക്ഷയത്താലോ നപുംസകത്വം കൊണ്ടോ,പ്രായാധിക്യം കാരണമായിട്ടോ ഒരുവനു ശക്തിയില്ലെന്നു വരുകിൽ അവന്റെ വിഷയവിരക്തിയെ 'ഇഹ്സാൻ' എന്ന ധാർമിക ഗുണമായി വിചാരിക്കാവതല്ല. മറിച്ച് അത് അവന്റെ സ്വാഭാവികമായ ഒരു അവസ്ഥയാണെന്ന് പറയേണ്ടിയിരിക്കുന്നു....സഹജാത ഗുണങ്ങൾ വിവേചനബുദ്ധിയുടെ വെളിച്ചത്തിൽ അവസരോചിതം വെളിപ്പെടുകയോ യഥാവിധി വെളിപ്പെടുവാൻ ശക്തങ്ങളായി ഭവിക്കുകയോ ചെയ്യുന്നതായാൽ മാത്രമേ, അവ ധാർമിക ഗുണങ്ങളായിത്തീരുകയുള്ളൂ.

(ഇസ്ലാംമത തത്ത്വജ്ഞാനം)




The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2011 ഒക്ടോബർ
ഹി.ശ.1390 - ഇഖാഅ്
1432 ദുൽഖഅദ് - ദുൽഹജ്
പുസ്തകം 83 ലക്കം 10
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

4 യുഗശബ്ദം

5 എഡിറ്റോറിയൽ


6
ഖുത്വ്ബ
**സത്യസന്ധത: സ്വായത്തമാക്കേണ്ട സദ്ഗുണം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

15
**ആരാണ് ദജ്ജാൽ ?**
ഹദ്റത്ത് മിർസാ ബശീർ അഹ്മദ്

17
**ഇരുമ്പ്: വിശുദ്ധഖുർആന്റെ അദ്ഭുത ദൃഷ്ടാന്തം**
എ.എം.മുഹമ്മദ് സലീം


25
**ഇസ്‌ലാം: അമേരിക്കയിലെ ആദ്യ നാളുകൾ**
അമേരിക്കയിൽ ഇസ്‌ലാംമതം പ്രചരിച്ചതിന്റെ ആദ്യ നാളുകളാണ് ലേഖകൻ വിവരിക്കുന്നത്. അമേരിക്കയിലെ പശ്ചിമ തീരപ്രദേശത്ത് സേവനമനുഷ്ഠിക്കുന്ന അഹ്മദി മിഷനറിയാണ് ലേഖകൻ


12
**സന്യാസമോ ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമോ**
മിർസാ ത്വാഹിർ അഹ്മദ്
അല്ലാഹുവിന്റെ പ്രവാചകനായ ഹദ്റത്ത് ബുദ്ധൻ (അ) അദ്ധ്യാപനങ്ങളിൽ നിന്ന് ബുദ്ധമതം വ്യതിചലിക്കുകയും സന്യാസവും പരിവ്രാചകത്വവും ആത്മീയ സാക്ഷാത്കാരത്തിന്റെ മാർഗങ്ങളായി സ്വീകരിക്കപ്പെടുകയും ചെയ്തു.


21
**മുസ്‌ലിം ലോകത്തിന്റെ ശാസ്ത്ര പിന്നോക്കാവസ്ഥയ്ക്ക് കാരണമെന്ത്?**
ആറോൺ സേഗൾ
മുസ്‌ലിം നാടുകളിലെ ശാസ്ത്ര പിന്നോക്കാവസ്ഥയെ ലേഖകൻ സൂക്ഷ്മമായും വസ്തുനിഷ്ഠമായും പരിശോധിച്ച് വിലയിരുത്തുന്നു. മിഡിൽ ഈസ്റ്റ് ക്വാർട്ടർലിയിൽ വന്ന ലേഖനത്തിന്റെ പരിഭാഷ


28
**വിപ്ലവത്തിന്റെ അർഥം**
കെ.സി. മഖ്ബൂൽ അഹ്മദ്, കോഴിക്കോട്
നാനാവിധത്തിലുള്ള അർഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന വിപ്ലവം എന്ന പദത്തിന്റെ ആശയത്തെപ്പറ്റി ലേഖകൻ വിവരിക്കുന്നു.

31
**ഈസാനബി(അ)യെ മരിക്കാൻ വിടൂ.. ഇസ്‌ലാം ജീവിക്കട്ടെ**
ഷറഫുദ്ദീൻ ഇർഫാനി


35
**സലാഹുദ്ദീൻ അയ്യൂബി**
ഫസൽ അഹ്മദ്

39
കുറിപ്പുകൾ
**പലസ്തീന്റെ വ്യഥാസ്വപ്നം**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman



# ബുദ്ധനും യേശുവും

ഹദ്റത്ത് അഹ്മദ് (അ)

**ബു**ദ്ധനും യേശുവും തമ്മിൽ ഇത്രയേറെ സാദൃശ്യങ്ങളുണ്ടായതെങ്ങനെ എന്നത് തുലോം ചിന്താർഹമായ ഒരു പ്രശ്നമാണ്. ഇന്ത്യയിലേക്കുള്ള യാത്രക്കിടയിൽ യേശു ബുദ്ധമതത്തെക്കുറിച്ച് അറിയാനിടയാവുകയും ബുദ്ധന്റെ ജീവിതയാഥാർഥ്യങ്ങളെക്കുറിച്ച് അറിവ് നേടിയ ശേഷം തന്റെ നാട്ടിൽ തിരിച്ചെത്തി സുവിശേഷങ്ങൾ നിർമിക്കുകയും ചെയ്തു എന്നാണ് ആര്യ സമാജികൾ പറയുന്നത്. ബുദ്ധന്റെ ധർമോപദേശങ്ങൾ യേശു കട്ടെടുത്ത് സ്വന്തത്തിൽ തന്റേതായ ധർമോപദേശങ്ങൾ നിർമിക്കുകയാണുണ്ടായതത്രെ. ബുദ്ധൻ തന്നെ പറ്റി 'വെളിച്ചം' എന്നും 'ജ്ഞാനം' എന്നും സ്ഥാനപ്പേരുകൾ സ്വീകരിച്ചിരുന്നത് പോലെ ആ സ്ഥാനപ്പേരുകളെല്ലാം യേശു തന്നിലും ആരോപിച്ചു. എത്രത്തോളമെന്നാൽ ബുദ്ധന്റെ പരീക്ഷയെക്കുറിച്ചുള്ള നീണ്ട കഥ പോലും തന്റെതാക്കി തീർത്തു. ഇത് പക്ഷേ ആര്യസമാജികളുടെ ഒരു കറ്റു കെട്ടുമാത്രമാണ്. കുരിശു സംഭവത്തിന് മുമ്പ് യേശു ഇന്ത്യയിൽ വന്നു എന്നത് തികച്ചും അയഥാർഥമാകുന്നു. ആ അവസരത്തിൽ അദ്ദേഹം അത്തരമൊരു ദീർഘ പ്രയാണം നടത്തേണ്ടയാതൊരു കാര്യവുമുണ്ടായിരുന്നില്ല. എന്നാൽ ശാം (ഫലസ്തീൻ) ദേശത്തെ ജൂതന്മാർ തന്നെ നിഷേധിക്കുകയും അവരുടെ വിശ്വാസ പ്രകാരം ക്രൂശിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിന് അതിന്റെ ആവശ്യമുണ്ടായിരുന്നുതാനും. എന്നാൽ സുന്ദരമായൊരു ദൈവിക തന്ത്രം ഇവിടെ അദ്ദേഹത്തിന്റെ രക്ഷക്കെത്തി. ഇപ്രകാരം ജൂതന്മാരോടുള്ള അനുകമ്പയും അവർക്ക് ഉപദേശിക്കുന്ന കാര്യത്തിലുള്ള ഉത്ക്കണ്ഠയും നഷ്ടപ്പെട്ടപ്പോൾ ജൂതന്മാർ അവരുടെ ദുഷ്പ്രകൃതി നിമിത്തം സത്യം സ്വീകരിപ്പാൻ കെൽപ്പില്ലാത്ത വിധം ഹൃദയകാഠിന്യമുള്ളവരായി തീർന്നതിനാലും, ജൂതന്മാരിൽ പെട്ട പത്തു ഗോത്രങ്ങൾ ഇന്ത്യയിൽ കുടിയേറിപ്പാർത്തിരിക്കുന്നതായി ദൈവം അദ്ദേഹത്തെ അറിയിച്ചതനുസരിച്ചും ആ പ്രദേശത്തേക്ക് അദ്ദേഹം യാത്രപുറപ്പെട്ടു. ജൂതന്മാരിൽപ്പെട്ട ചില സംഘങ്ങൾ ഇതിനകം ബുദ്ധമതം സ്വകരിച്ചിരുന്നതിനാലും ഈ സത്യപ്രവാചകന് തന്റെ ശ്രദ്ധ ആ ബുദ്ധ മതാനുയായികളുടെ നേരെ തിരിക്കുകയല്ലാതെ നിവൃത്തിയുണ്ടായിരുന്നില്ല. ആ രാജ്യത്തിലെ ബുദ്ധമത പുരോഹിതന്മാർ ബുദ്ധനായ മിശിഹായുടെ ആവിർഭാവം പ്രതീക്ഷിച്ചു കൊണ്ടിരിക്കയായിരുന്നു. ആകയാൽ യേശുവിന്റെ സ്ഥാനപ്പേരുകളും 'നിന്റെ ശത്രുവിനെ സ്നേഹിക്കുക', 'തിന്മയെ എതിരിടായ്ക' എന്നിത്യാദി ധർമോപദേശങ്ങളും ഗൗതമ ബുദ്ധൻ പ്രവചിച്ചതനുസരിച്ച് യേശുവിന്റെ വെളുത്തനിറവും ഈ എല്ലാ അടയാളങ്ങളും പൂർത്തിയായി കണ്ടപ്പോൾ ബൗദ്ധ പുരോഹിതന്മാർ യേശുവിനെ ബുദ്ധനായി തന്നെ കരുതി സ്വീകരിച്ചു.

യേശുവിന്റെ ചില സ്ഥാനപേരുകളും ഉപദേശങ്ങളും ജീവിത വസ്തുതകളും അറിഞ്ഞോ അറിയാതെയോ അക്കാലത്ത് ബുദ്ധനിൽ ആരോപിക്കപെട്ടിരുന്നിരിക്കാം. എന്തെന്നാൽ ചരിത്രം രേഖപ്പെടുത്തുന്ന കാര്യത്തിൽ ഹിന്ദുക്കൾ വലിയ താൽപര്യം പ്രദർശിപ്പിച്ചിരുന്നതായി തെളിയിക്കപ്പെട്ടിട്ടില്ല. യേശുവിന്റെ കാലഘട്ടം വരെയും ബുദ്ധന്റെ ജീവിത സംഭവങ്ങൾ രേഖപെടുത്തപ്പെട്ടിരുന്നില്ല. ആകയാൽ തങ്ങൾ ആഗ്രഹിക്കുന്നതെന്തും ബുദ്ധനിൽ ആരോപിക്കാൻ ബുദ്ധമത പുരോഹിതർക്ക് നല്ല അവസരമായിരുന്നു. ഇപ്രകാരം യേശുവിന്റെ ജീവിതത്തെക്കുറിച്ചും ധാർമികോപദേശങ്ങളെക്കുറിച്ചും അറിയാനിടയായപ്പോൾ അവർ തങ്ങളുടെ മനോവിലാസത്തിനൊത്ത് മറ്റുപലതിനോടൊപ്പം ഇവയും ബുദ്ധനിൽ ആരോപിച്ചു. ബൈബിളിലെ ധർമോപദേശങ്ങളും 'വെളിച്ചം' തുടങ്ങിയ യേശുവിന്റെ ചില സ്ഥാനപ്പേരുകളും സാത്താന്റെ പരീക്ഷയെ കുറിച്ചുള്ള കഥകളും മറ്റും ബുദ്ധനിൽ ആരോപിച്ച് രേഖപ്പെടുത്തിക്കാണുന്നതെല്ലാം ബുദ്ധ മതഗ്രന്ഥങ്ങളിൽ എഴുതിച്ചേർത്തതു കുരിശു സംഭവാനന്തരം യേശു ഈ രാജ്യത്ത് വന്ന കാലത്താണെന്ന് ഞാനിപ്പോൾ തെളിയിച്ചു കാണിക്കാം.

ബുദ്ധനും യേശുവും തമ്മിൽ മറ്റൊരു സാമ്യവും കൂടിയുണ്ട്. പരീക്ഷയുടെ നാളുകളിൽ ബുദ്ധൻ ഉപവാസത്തിലായിരുന്നുവെന്ന് ബുദ്ധ മത ഗ്രന്ഥങ്ങളിൽ പറയുന്നു. ഉപവാസം നാൽപത് ദിവസം നീണ്ടുനിന്നിരുന്നു. യേശുവും നാൽപ്പത്നാൾ ഉപവസിച്ചിരുന്നതായി സുവിശേഷങ്ങൾ വായിച്ചവർ ഓർക്കുമല്ലോ.

ഞാനിപ്പോൾ പ്രസ്താവിച്ചത് പ്രകാരം ബുദ്ധന്റെയും യേശുവിന്റെയും ധാർമികോപദേശങ്ങളിൽ കാണപ്പെടുന്ന സാമ്യം രണ്ടും പഠിച്ചിട്ടുള്ളവരെ അദ്ഭുതപ്പെടുത്തുകതന്നെ ചെയ്യും 'തിന്മയെ എതിർക്കരുത്', 'ശത്രുവിനെസ്നേഹിക്കുക', ദരിദ്രനായി ജീവിക്കുക','അഹംഭാവം, കളവ് അത്യാർത്തി എന്നിവ കൈവെടിയുക' എന്നിങ്ങനെ സുവിശേഷങ്ങൾ പഠിപ്പിക്കുന്നത് തന്നെയാണ് ബുദ്ധന്റെയും പാഠങ്ങൾ. അല്ലാ, ബുദ്ധൻ ഇക്കാര്യങ്ങൾ ഊന്നി പറഞ്ഞു. എത്രത്തോളമെന്നാൽ, ഏതു ജീവിയെയും ഒരു എറുമ്പിനേയോ ചെറു പ്രാണിയെപോലും കൊല്ലുന്നത് പാപമാണ്. ലോകത്തോട് മുഴുവൻ അനുകമ്പ കാണിക്കുക, മനുഷ്യ സമുദായത്തിന്റെയും ജന്തുജാലങ്ങളുടെയും പോലും ക്ഷേമം കാംക്ഷിക്കുക, ഐക്യവും പരസ്പര സ്നേഹവും വളർത്തുക ഇവയാണ് ബുദ്ധമതത്തിൽ മുഴച്ചു നിൽക്കുന്ന പ്രത്യേക പാഠങ്ങൾ. ഇതുതന്നെയാണ് സുവിശേഷങ്ങളുടെയും പാഠങ്ങൾ.

**(മസീഹ് ഹിന്ദുസ്ഥാൻ മെ)**

എഡിറ്റോറിയൽ

# ആത്മീയതയുടെ ഇസ്‌ലാമിക മാർഗം

**ആ**ത്മീയതയുടെ ഉദാത്ത മാതൃക ബ്രഹ്മചര്യത്തിലും ജീവിത വിരക്തിയിലുമധിഷ്ഠിതമായ സന്യാസ ജീവിതമാണ് എന്ന സിദ്ധാന്തം പല മതസ്ഥരും ഉന്നയിക്കുന്നു. ഈ ആത്മീയ ആത്യന്തിക വാദത്തെ വിശുദ്ധ ഖുർആൻ നിരാകരിക്കുന്നു. ഇത്തരം നിലപാടുകൾ മത ലോകത്തെ അപഭ്രംശങ്ങളായികരുതുന്ന ഖുർആൻ പറയുന്നു: 'ഗ്രന്ഥാനുസാരികളേ, നിങ്ങളുടെ മതകാര്യങ്ങളിൽ അന്യായമായ നിലയിൽ നിങ്ങൾ അതിരു കവിയരുത്. മുമ്പ് വഴികേടിലായിപ്പോയ ജനതയുടെ സ്വേച്ഛകളെ നിങ്ങൾ പിൻപറ്റുകയുമരുത്. **അവർ നിരവധി പേരെ വഴിതെറ്റിക്കുകയും (സ്വയം) നേർവഴിയിൽ നിന്ന് തെറ്റിപ്പോകുകയും ചെയ്തു.(5:78)**. മനുഷ്യ പ്രകൃതിക്കും അവന്റെ യുക്തിബോധത്തിനും നിരക്കുന്ന മധ്യമാർഗമാണ് ഇസ്‌ലാം ആതീയ മാർഗമായി നിർദേശിക്കുന്നത്. അതാകട്ടെ അയത്നലളിതവും ഋജുവായതുമാണ്. ഖുർആൻ പറയുന്നു: **'അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത് അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല.(2:186)**

പല മതങ്ങളിലും സന്യാസ സമൂഹ പ്രസ്ഥാനങ്ങൾ(മൊണാസ്റ്റിസിസം) കാണാം. ലൗകിക വിരക്തരായി കുടുംബ ജീവിതത്തിൽ നിന്ന് വിടുതൽ നേടി ബ്രഹ്മചര്യമനുഷ്ഠിച്ച് അവർ കൂട്ടായും ഒറ്റയായും ജീവിതം നയിക്കുന്നു. സന്യാസ ജീവിതം നയിക്കാൻ ദൈവം ഒരുകാലത്തും മനുഷ്യനോട് ആജ്ഞാപിച്ചിട്ടില്ല. സന്യാസ ജീവിതം മനുഷ്യൻ മതത്തിന്റെ പേരിൽ കൃത്രിമമായുണ്ടാക്കിയ ഒരു സമ്പ്രദായമാണെന്നും പ്രകൃതി വിരുദ്ധമായതിനാൽ അത് നിഷ്ഫലവും അസാധ്യവുമാണെന്നുമാണ് ഖുർആന്റെ വാദം. 'സന്യാസ സമ്പ്രദായം അവർ നൂതനമായി കെട്ടിച്ചമച്ചുണ്ടാക്കിയതാണ്. **അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നതല്ലാതെ നാം അത്(സന്യാസം) അവർക്ക് ശുപാർശചെയ്തിട്ടില്ല. എന്നിട്ട് അവരതിനെവേണ്ട വിധം പാലിച്ചുമില്ല.(57:28)**

കുടുംബ ബന്ധം പുലർത്താനും രക്തബന്ധങ്ങളുടെ പവിത്രത നിലനിർത്താനും മനുഷ്യ വംശത്തോടായി അല്ലാഹു ചെയ്യുന്ന ആഹ്വാനം ശ്രദ്ധേയമാണ്: **മനുഷരേ നിങ്ങളെ ഒരേയൊരു സത്തയിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരേയും സ്ത്രീകളേയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെനിങ്ങൾ സൂക്ഷിച്ചുകൊള്ളുക. ഏതൊരുത്തനെമുൻനിർത്തി നിങ്ങൾ പരസ്പരം ചോദിക്കുന്നുവോ ആ അല്ലാഹുവിനെ സൂക്ഷിക്കുക. രക്തബന്ധങ്ങളുടെ കാര്യത്തിൽ നിങ്ങൾ അവനെ(പ്രത്യേകം) സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു നിങ്ങളുടെ മേൽനോട്ടക്കാരനാണ്.(4:2)**. ക്രിസ്തുവും ബുദ്ധനുമടക്കം എല്ലാ മത സ്ഥാപകന്മാരും വിവാഹിതരും കുടുംബ ജീവിതം നയിച്ചവരുമായിരുന്നു. ഇസ്‌ലാമിന്റെ അദ്ധ്യാപനവും അത് തന്നെയാണ്. ഖുർആൻ പറയുന്നു: **സത്യമായും നിനക്ക് മുമ്പ് നാം പല ദൂതന്മാരേയും അയച്ചിട്ടുണ്ട്. അവർക്ക് ഭാര്യമാരേയും സന്തതികളേയും നൽകി.(3:39)**. റസൂൽ തിരുമേനി(സ) അരുളി: വിവാഹ ജീവിതമാണ് നമ്മുടെ മാർഗം നമ്മുടെ മാർഗത്തിൽ നിന്ന് മുഖം തിരിച്ചവൻ നമ്മിൽ പെട്ടവനല്ല.(മുസ്‌ലിം)

ദാമ്പത്യജീവിതം ആത്മീയ മാർഗത്തിന് ഹാനികരമായ ഒന്നായി ഇസ്‌ലാം കരുതുന്നില്ല. വാഗ്ദത്ത മസീഹ് (അ) പറയുന്നു: 'അങ്ങനെഅവൻ കൽപ്പിച്ചിരുന്നുവെങ്കിൽ സകല ജനങ്ങളും അതനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാവുകയും തൽഫലമായി മനുഷ്യ വർഗത്തിന്റെ സന്താനോൽപ്പാദന ക്രിയ നശിച്ച് വളരെ മുമ്പ് തന്നെ ലോകമവസാനി ച്ചുപോകുകയും ചെയ്യുമായിരുന്നു. തന്നെയുമല്ല ചാരിത്രത്തെ പാലിക്കുന്നതിന് ജനനേന്ദ്രിയത്തെ നശിപ്പിക്കുക തുടങ്ങിയ മാർഗങ്ങൾ അവലംബിക്കുകയാണെങ്കിൽ അത് ആ അവയവം പ്രദാനം ചെയ്ത സൃഷ്ടി കർത്താവിന്റെ നേരെയുള്ള ഒരെതിർപ്പു മായിരിക്കുന്നതാണ്. ശക്തിയുണ്ടായിരിക്കെ ഒരുവൻ ദൈവത്തോടുള്ള ഭക്തി നിമിത്തം ദുഷ്പ്രേരണകളെയും ദുർവികാരങ്ങളെയും ജയിച്ചടക്കുന്നതിലാണ് പുണ്യമിരിക്കുന്നത്. (ഇസ്‌ലാം മത തത്ത്വജ്ഞാനം)

# സത്യസന്ധത: സ്വായത്തമാക്കേണ്ട സദ്ഗുണം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



(9 – 09 – 2011 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) വെച്ച് നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.)

**സ**ത്യസന്ധത എന്ന ഗുണം സ്വായത്ത മാക്കാൻ മതങ്ങൾ മാത്രമല്ല പറയുന്നത്. മതവിശ്വാസമുള്ളവരും ഇല്ലാത്തവരു മായ ഓരോ വ്യക്തിയുടെയും പ്രകൃതം ഈ സദ്ഗുണം സ്വായത്തമാക്കണമെന്ന് പറയുന്നുണ്ട്. എന്നാൽ മനുഷ്യപ്ര കൃതം ആഗ്രഹിക്കുന്ന ഈ സദ്ഗുണം അതർഹിക്കുംവിധം പ്രകടമാകുന്നില്ല എന്നത് പരിശോധനയിൽ നമുക്ക് വ്യ ക്തമാകുന്നതാണ്. തങ്ങളുടെ സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് പലരും കളവിനെയാണ് ആശ്രയിക്കു ന്നത്. മനുഷ്യന്റെ വ്യക്തിജീവിതം മുതൽ ആഗോളതലത്തിലുള്ള ബന്ധങ്ങ ളിൽ വരെ സത്യസന്ധത എന്ന ഗുണം സ്വീകരിക്കേണ്ടതിനെക്കുറിച്ച് വളരെ ശക്തമായി പറയപ്പെടുന്നുണ്ടെങ്കിലും സന്ദർഭം വരുമ്പോൾ അതേ ശക്തി യിൽതന്നെ അതിനെ നിഷേധിക്കുകയും ചെയ്യുന്നു. തങ്ങളുടെ താൽപര്യ സംര ക്ഷണത്തിനായി നിത്യജീവിതത്തിലുള്ള നിസ്സാരകാര്യങ്ങൾക്ക് വേണ്ടിപോലും ജനങ്ങൾ അസത്യത്തെ ആശ്രയിക്കുന്നു. **ഖൗലെ സദീദ്** എന്ന് പറയുന്ന യഥാർഥ സത്യസന്ധതയെ നിഷേധിക്കുകയാണ് ചെയ്യുന്നത്. വ്യാപാരങ്ങളിൽ ലോകേ ത്തിലെ വലിയൊരു വിഭാഗം കളവിനെ കൂട്ടുപിടിക്കുന്നു. സാമൂഹിക ബന്ധങ്ങ ളിലും പലപ്പോഴും കളവിനെ ആശ്രയി ക്കുന്നു. നാട്ടിലെ രാഷ്ട്രീയപ്രവർത്ത നത്തിൽ സത്യത്തിന്റെ കഴുത്ത് ഞെരു ക്കിക്കളയുന്നു. ആഗോള രാഷ്ട്രീയരം ഗവും ബന്ധങ്ങളും എല്ലാം അസത്യ ത്തെയാണ് കൂടുതലും അടിസ്ഥാനമാ ക്കുന്നത്. എത്രമാത്രമെന്നാൽ സത്യത്തെ മാത്രം പ്രചരിപ്പിക്കുന്ന മതങ്ങളിൽ പോലും തൽപര കക്ഷികൾ സത്യത്തെ തുണ്ടം തുണ്ടമാക്കിയിരിക്കുകയാണ്. സത്യത്തെ ഒരിക്കലും കാണാൻ പറ്റാത്ത രീതിയിൽ അതിനെ അവർ മൂടിക്കളയു ന്നു. ചിലർ പറയുന്നത്, അസത്യത്തെ സത്യമാക്കി തോന്നിപ്പിക്കുന്നത്ര കളവു പറഞ്ഞുകൊണ്ടേ ഇരിക്കുക എന്നാണ്. അങ്ങനെ കളവ് സത്യമായി അവർക്ക് തോന്നണം. സത്യത്തെ എല്ലാ തല ത്തിലും നശിപ്പിക്കാനുള്ള ഈ നിർഭ യവും ധൈര്യവും കാണിക്കാനുള്ള കാരണം ദൈവത്തിൽ ദൃഢജ്ഞാനം ഇല്ല എന്നതാണ്. അല്ലാഹുവിൽ ദൃഢ വിശ്വാസമുണ്ടായിരുന്നെങ്കിൽ ഇക്കാ ലത്ത് അസത്യത്തെ ആശ്രയിക്കുന്ന രീതിയിൽ ലോകം ആകുമായിരുന്നില്ല.

വ്യക്തി ജീവിതത്തിലും വീടുക ളിലും അസ്വാരസ്യങ്ങൾ ഉണ്ടാകാനുള്ള കാരണം സത്യസന്ധമായ രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നതാണ്. സത്യ സന്ധതയിൽ നിലനിൽക്കാത്തതുകാ രണം ഭാര്യാഭർത്താക്കൻമാർക്കിടയിൽ വിശ്വാസം നഷ്ടപ്പെടുന്നു. മാതാപിതാ ക്കൾ വിവിധ സന്ദർഭങ്ങളിൽ കളവു പറ യുന്നത് കുട്ടികൾ കാണുമ്പോൾ കുട്ടി കളിലും കളവ് പറയുന്ന ശീലം ഉണ്ടാ യിത്തീരുന്നു. പുതിയ തലമുറ തെറ്റായ പ്രവർത്തനങ്ങളിൽ അകപ്പെടുന്നതി നുള്ള കാരണം വീട്ടിൽ കാണുന്ന അസ ത്യത്തോടുള്ള സ്നേഹമാണ്. വീടുക ളിലുള്ള ഇങ്ങനെയുള്ള പെരുമാറ്റം അറിഞ്ഞോ അറിയാതെയോ ചില വീടു കളെ തകർത്തു കളയുന്നു. തങ്ങളുടെ മക്കളെ നശിപ്പിച്ചു കളയുന്നു. സമൂഹ ത്തിലുണ്ടാകുന്ന മറ്റു ബന്ധങ്ങളു ടെയും അവസ്ഥ ഇതുതന്നെയായിരി ക്കും. ഇതേപോലെ വ്യവസായങ്ങളി ലുള്ള കളവിനെക്കുറിച്ച് ഞാൻ പറഞ്ഞു കഴിഞ്ഞു. നിർഭാഗ്യമെന്ന് പറ യട്ടെ. മുസ്‌ലിം നാടുകളിലാണ് ഈ രോഗം കൂടുതലായി കാണപ്പെടുന്നത്. സത്യസന്ധതയെയും സാത്വികതയെ യുംകുറിച്ച് എത്രമാത്രം വലിയ പ്രഖ്യാ പനങ്ങൾ നടക്കുന്നുണ്ടോ അതേ ശക്തി യിൽതന്നെ പ്രവർത്തനമണ്ഡലത്തിൽ അത് നിഷേധിക്കപ്പെടുകയും ചെയ്യുന്നു. രാജ്യത്തുള്ള രാഷ്ട്രീയത്തിലും പൊതു വിൽ വ്യാജത്തെയാണ് ആശ്രയിക്കുന്ന ത്. മുസ്‌ലിംകൾ എന്ന് പറയുന്ന വരോട് സത്യം സ്വീകരിക്കണമെന്നും കളവിനെ പൂർണമായും വർജിക്കണ മെന്നും ശക്തമായി താക്കീത് ചെയ്യപ്പെ ട്ടിട്ടുണ്ട്. എന്നാൽ അവരും അതേ ശക്തി യിൽ തന്നെ കളവിനെ കൂട്ടുപിടിക്കുന്നു. കഴിഞ്ഞ ദിവസം പാക്കിസ്ഥാനിൽ കറാ ച്ചിയിലെയും സിന്ധിലെയും അവസ്ഥ കൾ കണ്ട് ഒരു രാഷ്ട്രീയ നേതാവ് അവിടത്തെ ആളുകളോട് നീരസപ്പെടു കയും അയാൾ തന്റെ ഉള്ളി ലുള്ളതെല്ലാം വിളിച്ചുപറയുകയും ചെയ്തപ്പോൾ ഇതിനെ വിലയിരുത്തി ക്കൊണ്ട് ചില നിരീക്ഷകരും രാഷ്ട്രീയ നേതാക്കളും പറഞ്ഞത് സത്യം വെളി പ്പെടുത്തുക എന്നത് രാഷ്ട്രീയ നേതാ ക്കന്മാരുടെ പ്രവർത്തിയല്ല എന്നാണ്. രാഷ്ട്രീയക്കാർ സത്യം പറയും എന്ന് പ്രതീക്ഷിക്കാവതല്ല. ഇദ്ദേഹം സത്യം പറയുന്നുണ്ടെങ്കിൽ ഇദ്ദേഹം രാഷ്ട്രീയ പ്രവർത്തകനല്ല. ഇയാൾക്ക് ഭ്രാന്തായി രിക്കുകയാണ്.

ഇയാൾ പറഞ്ഞ കാര്യങ്ങൾ അവ

രാരും നിഷേധിച്ചിട്ടില്ല. ഇതിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ ഇയാൾ സത്യം പറയുന്നത്കൊണ്ട് ഭ്രാന്തനായിരിക്കുന്നു എന്നാണ് അവർ പറയുന്നത്. ഈ വ്യക്തി ഇത് പറഞ്ഞുകൊണ്ട് തന്റെ രാഷ്ട്രീയ ജീവിതവും ഭൗതിക നേട്ടങ്ങളും കുരുതികൊടുത്തിരിക്കുകയാണ്. ഇത് ഒരു ഭ്രാന്തന് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇവരെ സംബന്ധിച്ചിടത്തോളം സത്യസന്ധത അധഃപതനത്തിന് കാരണമാകുമെന്നാണ്. ഇതാണ് ഇവരുടെ അവസ്ഥ. അതുകൊണ്ട് ഇവരുടെ കാഴ്ചപ്പാടനുസരിച്ച് രാഷ്ട്രീയവും ഭരണവുമെല്ലാം അല്ലാഹുവിന്റെ വചനങ്ങളേക്കാളും ഉയർന്നതാണ്. അല്ലാഹുവും അവന്റെ റസൂലും കളവ് പറയരുതെന്ന് പറയുന്നു. എന്നാൽ ഇവർ പറയുന്നത് രാഷ്ട്രീയത്തിനും ഭരണത്തിനുംവേണ്ടി കളവ് പറയുക. അത് പറയുന്നില്ലെങ്കിൽ നിങ്ങൾ നശിക്കുന്നതാണെന്നാണ്. ഇതെല്ലാമായിരുന്നിട്ടു കൂടി ഇവർ മുസ്‌ലിംകൾ തന്നെ. അഹ്മദികൾ അമുസ്‌ലിംകളും. അഹ്മദികൾ സത്യത്തിന്റെ സംരക്ഷണാർഥം തങ്ങളുടെ ജീവനും സമ്പത്തും വ്യവസായങ്ങളും ഭൗതികനേട്ടങ്ങളും എല്ലാം പോരാട്ടത്തിൽ ഇറക്കിയിരിക്കുകയാണ്. കാരണം ഇവർ ഏകനായ നാഥനെ ആരാധിക്കുന്നവരാണ്. ആ ദൈവം പറഞ്ഞത് കളവ് ശിർക്കാണെന്നാണ്. അവസാന ശരീഅത്ത് ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ഇറങ്ങിയ ആ പ്രവാചകനിൽ വിശ്വസിക്കുന്നവർ കൂടിയാണവർ. ആ പ്രവാചകൻ പറഞ്ഞത് എല്ലാ തിന്മയുടെയും അടിവേര് കളവാണെന്നാണ്.

ആഗോള രാഷ്ട്രീയ രംഗം നാം നോക്കുകയാണെങ്കിൽ മുസ്‌ലിം ഭരണകർത്താക്കളായാലും പാശ്ചാത്യ ഭരണകൂടങ്ങളായാലും എല്ലാവരുടെയും അവസ്ഥ ഒന്നുതന്നെ. ചില നാടുകൾ പരസ്പരമുള്ള ബന്ധത്തിൽ സത്യത്തെ പ്രകടിപ്പിക്കുന്നുണ്ട്. അല്പമൊക്കെ സത്യസന്ധത ഇവരിലുണ്ട്. എന്നാൽ മറ്റു രാഷ്ട്രങ്ങളെ കുറിച്ച് , വിശിഷ്യ മുസ്‌ലിം രാഷ്ട്രങ്ങളെക്കുറിച്ചുള്ള ഇവരുടെ നിലപാട് മറ്റു ഭരണകൂടങ്ങളോടുള്ള ഇവരുടെ നിലപാട് തികച്ചും വ്യത്യസ്തമാണ്. ഇറാഖിനെ ഇവർ ആക്രമിച്ചതിലൂടെ ഇവരുടെ തനിനിറം പ്രത്യക്ഷപ്പെടുകയുണ്ടായി. സദ്ദാം ഹുസൈനെ നിഷ്കാസനം ചെയ്യാനായി ഇറാഖിനെ തകർത്ത് തരിപ്പണമാക്കി. അവരുടെ വിഭവങ്ങൾ പിടിച്ചെടുത്തതിനുശേഷം അവർ പറഞ്ഞത് തങ്ങൾക്ക് തെറ്റുപറ്റി എന്നാണ്. സദ്ദാം ഹുസൈൻ മാരകവും ഭീകരവുമായ ആയുധങ്ങളുമായി അയൽരാജ്യങ്ങളെയും ലോകത്തെതന്നെയും തകർക്കാൻ പോകുന്നു എന്നാണ് തങ്ങൾക്ക് അറിവ് ലഭിച്ചിരുന്നത്. എന്നാൽ അങ്ങനെയുള്ള ആയുധങ്ങളൊന്നും തങ്ങൾക്കവിടെ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നവർ പിന്നീട് പറഞ്ഞു. ഇറാഖിനുശേഷം ലിബിയ ഉന്നം വെച്ചു. ഇപ്പോൾ പറയുന്നത് ആ രാജ്യത്തെക്കുറിച്ച് തങ്ങൾക്ക് കിട്ടിയ വിവരങ്ങളും തെറ്റായിരുന്നു എന്നാണ്. അത്രയൊന്നും അക്രമം അവിടെ നടക്കുന്നില്ല എന്നവർ പറഞ്ഞു. ഈ വിവരങ്ങളെല്ലാം പാശ്ചാത്യ പ്രസ്സുകൾ തന്നെയാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇവരുടെ നിരീക്ഷണങ്ങളാണ് പുറത്ത് വരുന്നത്. ആദ്യമാദ്യം വ്യാജമായ പ്രൊപഗണ്ടകൾ നടത്തി ആക്രമിക്കും. പിന്നീട് സത്യസന്ധരാണെന്ന് അറിയിക്കാനായി തങ്ങളുടെതന്നെ മീഡിയകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് തങ്ങൾക്ക് തെറ്റുപറ്റി എന്ന് പറയും. തങ്ങൾക്ക് ലഭിച്ച വിവരമനുസരിച്ച് ഒന്നും ഇല്ല എന്നവർ പിന്നീട് പറയുന്നു.

യഥാർഥത്തിൽ ഈ സത്യം വെളിപ്പെടുത്തുന്നതും അവരുടെ കളവിനെ മൂടിവെക്കാനാണ്. അവരുടെ ഉദ്ദേശ്യം ആ രാജ്യങ്ങളിലെ വിഭവങ്ങൾ കയ്യടക്കുക എന്നതാണ്. അതവർ നേടിയെടുക്കുന്നു. ഇതിനുള്ള അവസരവും മുസ്‌ലിംകൾതന്നെയാണ് നൽകുന്നത്. രാജ്യത്തിന്റെ നൂറുകണക്കിന് ദശലക്ഷം ഡോളറുകൾ ജനങ്ങൾക്കായി ചെലവഴിച്ചിരുന്നെങ്കിൽ ഒരിക്കലും ആ നാടുകളിൽ ഇങ്ങനെയുള്ള ഫിത്നകളും കുഴപ്പങ്ങളും ഉടലെടുക്കുമായിരുന്നില്ല. ചുരുക്കത്തിൽ ആഗോളതലത്തിലുള്ള കളവിനെ വ്യാപിപ്പിക്കുന്നതിലും സത്യത്തെ മൂടിവെച്ചുകൊണ്ട് അതിനെ തകർത്തുകളയുന്നതിലും ഓരോ രാഷ്ട്രവും അവരവരുടെ കഴിവനുസരിച്ച് പങ്കാളികളാകുന്നുണ്ട്. അവർ കരുതുന്നത് ഇതുമുഖേന തങ്ങൾ രക്ഷപ്പെടുമെന്നാണ്. ഈ ലോകത്ത് ഇനി അവർ രക്ഷപ്പെട്ടാൽതന്നെ ഒരു ഭാവി ജീവിതമുണ്ട്. പരലോകമുണ്ട്. അവിടെ എല്ലാ കണക്കുകളും കൃത്യമായി പരിശോധിക്കപ്പെടുന്നതാണ്.

ഈ ഭൗതികരായവരിൽ മാത്രമല്ല കളവു കണ്ടുവരുന്നത്. മതത്തിന്റെ നാമധാരികളായവർ പോലും സത്യത്തെ ചവിട്ടിമെതിക്കുകയും അസത്യത്തിന് വളരാൻ അവസരം നൽകുകയും ചെയ്യുന്നു. ഇതിൽ ഇസ്‌ലാമിന്റെ പ്രതിയോഗികളുമുണ്ട്. ഇക്കാലത്ത് നബി(സ) യുടെ പ്രിയപ്രേമിയുടെ എതിരാളികളുമുണ്ട്. അവരുടെ കൂട്ടത്തിൽ മുസ്‌ലിംകളുമുണ്ട്. അവരും ഇസ്‌ലാമിന്റെ ശത്രുക്കളുടെ അതേ സ്ഥാനം തന്നെയാണ് അലങ്കരിക്കുന്നത്. സത്യമെന്താണെന്ന് അവർക്കറിയാം. എന്നാൽ തങ്ങളുടെ നേട്ടങ്ങൾക്കായും അധികാരങ്ങൾക്കായും അവർ വ്യാജത്തെ കൂട്ടുപിടിക്കുന്നു. അവർ ജനങ്ങളുടെ മനസ്സിനെ വിഷലിപ്തമാക്കുന്നതിന് മത്സരിച്ച് മുന്നേറുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഗ്രന്ഥങ്ങൾ വായിച്ച് ദർസ് നൽകുന്നവർ അവരുടെ കൂട്ടത്തിലുണ്ട്. അതിൽ നിന്ന് തെളിവുകൾ എടുത്ത്കൊണ്ട് പ്രസംഗിക്കുന്നവരും അവരിലുണ്ട്. കാരണം ഇസ്‌ലാമിന്റെ വൈരികളെ നേരിടാൻ ഇവിടെനിന്നല്ലാതെ മറ്റെവിടെ നിന്നും ഇവർക്ക് തെളിവുകൾ ലഭിക്കാനുള്ളസാഹിത്യങ്ങളില്ല. ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആണ് അതിശക്തവും പ്രബലവുമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിന്റെ എതിരാളികളെ നേരിട്ടിട്ടുള്ളത്. ഇതിനെ ആർക്കും ഖണ്ഡിക്കാൻ സാധ്യമല്ല. എന്നാൽ സാധാരണക്കാരെ വഞ്ചിക്കുന്നതിനായി പറയുന്നത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) എന്ന വ്യക്തി കള്ളനാണെന്നാണ്. ടെലിവിഷൻ ചാനലുകളിൽ വന്ന് ദർസുകൾ നൽകുകയും പ്രസംഗിക്കുകയും ചെയ്യുന്ന അവരുടെ വലിയ പണ്ഢിതന്മാരെക്കുറിച്ച് ചിലർ എന്നോട് പറഞ്ഞിട്ടുള്ളതാണിത്. അവരുടെ വീടുകളിൽ തഫ്സീർ കബീറിന്റെ വാള്യങ്ങളും നമ്മുടെ മറ്റു പുസ്തകങ്ങളും കണ്ടിട്ടുണ്ട്. അവർ ഇതെല്ലാം വെച്ചിരിക്കുന്നത് നമുക്കെതിരിൽ ആക്ഷേപം ഉന്നയിക്കാൻ മാത്രമല്ല. അതവർ ചെയ്യുന്നുണ്ട്. അവർ ഇതിൽ നിന്ന് തെളിവുകൾ എടുത്ത്കൊണ്ട് ദർസുകളും മറ്റും നൽകുന്നുണ്ട്. ഇവർക്ക് ഇസ്‌ലാമിന്റെ മഹത്ത്വം പ്രകടമാക്കുന്നതിൽ ഒരു താൽപര്യവുമില്ല. ഇവർ ഒരിക്കലും സാധാരണക്കാരോട് സത്യം തിരിച്ചറിയാനുള്ള മാർഗമിതാണെന്ന് പറയുകയുമില്ല. ഇവരുടെ അധികാരം നഷ്ടപ്പെടുമെന്ന ഭയമാണ് ഇവർക്കുള്ളത്. ഇതാണ് ഇവരുടെ പ്രവർത്തനം.

അല്ലാഹു തന്റെ വരിഷ്ഠ ദാസരെ അയക്കുന്ന കാലത്തെല്ലാം എതിരാളികൾ ഈ രീതിയിലാണ് പ്രവർത്തിക്കാറുള്ളത്. എന്നാൽ അല്ലാഹുവിന്റെ പദ്ധതിയും കൂടെ നടക്കും. അല്ലാഹുവിന്റെ പദ്ധതിയാണ് വിജയിക്കുക. സത്യത്തെ

യാണ് അല്ലാഹുവിന്റെ പദ്ധതി വിജയിപ്പിക്കുക. അതുകൊണ്ടാണ് അല്ലാഹു ലോകത്തേക്ക് എപ്പോഴും പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നത്. കളവ് അതിന്റെ സീമകളെ അതിലംഘിക്കുമ്പോൾ, കുഴപ്പങ്ങൾ അതിന്റെ പരിധികളെ മറികടക്കുമ്പോൾ, സത്യം വിനഷ്ടമായിത്തീരുമ്പോൾ അല്ലാഹുവിന്റെ വരിഷ്ഠദാസർ, അവന്റെ പ്രവാചകന്മാർ വരികയും അവർ സത്യത്തെ ലോകത്ത് പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നു. അവർ എതിർപ്പുകളുണ്ടായിട്ടും സത്യത്തിന്റെ പ്രചാരകരായി മാറുന്നു. അതിൽ അവർ മുന്നേറുന്നു. അവരുടെ വഴികളിൽ ശത്രു പക്ഷം തടസ്സങ്ങൾ സൃഷ്ടിച്ചാലും അല്ലാഹുവിന്റെ വിധി വിജയിക്കുകതന്നെ ചെയ്യുന്നതാണ്. അല്ലാഹുവിന്റെ വിധി ഈ പ്രവാചകന്മാർക്കൊപ്പമായിരിക്കും ഉണ്ടാകുക. അവരെ സഹായിച്ചുകൊണ്ടിരിക്കും. ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നോടും അല്ലാഹു ചെയ്തിരിക്കുന്ന വാഗ്ദാനം ഇതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവൻ ഇത് പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

ചില മതങ്ങൾ പഴയകാല സംഭവങ്ങൾ വിവരിച്ചുകൊണ്ട് തങ്ങളുടെ വിശ്വാസികളുടെ വിശ്വാസം ദൃഢപ്പെടുത്തുന്നു. ചിലത് അടുത്ത് നടന്ന സംഭവങ്ങൾ വിവരിച്ചുകൊണ്ട് അവരുടെ പ്രവാചകന്മാരുടെ സത്യത്തെ സ്ഥാപിക്കുകയും അതിൽ വിശ്വസിച്ചവർക്ക് പ്രത്യേകം താൽപര്യം ഉണ്ടാക്കുകയും ചെയ്യുന്നു. ചിലർക്ക് അല്ലാഹു താൻ അയച്ച വ്യക്തിയെക്കുറിച്ച് വിവരം നൽകിക്കൊണ്ട് അവരെ വഴികാട്ടുന്നു. ചുരുക്കത്തിൽ അല്ലാഹു അയച്ച വ്യക്തിയുടെ സത്യസന്ധതയാണ് അദ്ദേഹത്തിലേക്ക്, ആ വരിഷ്ഠ ദാസന്റെ ജീവിതത്തിലേക്ക് ജനശ്രദ്ധ ആകർഷിക്കാൻ കാരണമായിത്തീരുന്നത്. ചിലർ അദ്ദേഹത്തെ കണ്ടും ചിലർ ആ പ്രവാചകന്റെ ജമാഅത്തിനെ കണ്ടും അല്ലാഹുവിൽ നിന്ന് നേർമാർഗം ലഭിച്ചുകൊണ്ട് ഹിദായത്ത് കരസ്ഥമാക്കുന്നു.

നാം തിരുനബി (സ) യുടെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അക്കാലത്തെ കാഫിറുകൾപോലും ആ മഹാത്മാവിനെ സിദ്ദീഖ്, അൽ അമീൻ എന്നീ പേരുകളിലാണ് വിളിച്ചിരുന്നത്. മക്കയിലെ ജനങ്ങളെയും കുടുംബങ്ങളെയും ഒരുമിച്ച്കൂട്ടി തിരുനബി(സ) ചോദിച്ചിരുന്നു. ഈ മലയ്ക്ക് അപ്പുറം ഒരു സൈന്യം ഒളിച്ചിരിക്കുന്നുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ആ സൈന്യത്തെ നിങ്ങൾ കാണുന്നില്ലെന്നത് ശരിതന്നെ. ഇത് അസംഭവ്യമായ കാര്യമായിരുന്നു. കാരണം ആ മലയ്ക്കുപിന്നിൽ ഒരു സൈന്യം ഒളിച്ചിരുന്നാൽ അവിടെ ഇരുന്നുകൊണ്ട് തീർച്ചയായും കാണാൻ സാധിക്കുന്നതാണ്. ഇതെല്ലാമായിരുന്നിട്ടുകൂടി അവർ എല്ലാം ഏകസ്വരത്തിൽ പറഞ്ഞത്; ഏ മുഹമ്മദ് (സ) ! താങ്കൾ ഒരിക്കലും കളവ് പറഞ്ഞിട്ടില്ല. അതുകൊണ്ട് ഞങ്ങൾ അത് വിശ്വസിക്കുന്നതാണ്. ഈ സംഭവം തിരുനബി (സ) യുടെ സത്യതക്കുള്ള തെളിവാണ്. പിന്നീട് അവർക്ക് തബ്ലീഗ് ചെയ്തപ്പോൾ ഈ ഭൗതികരായ മനുഷ്യർ, കഠിന ഹൃദയരായവർ വിശ്വസിച്ചില്ല. അവരുടെ പര്യവസാനം വളരെ മോശമായിരുന്നു. ചിലർ പിന്നീട് മുസ്ലിംകളായി മാറി.

ചുരുക്കത്തിൽ പ്രവാചകന്മാർ തങ്ങളുടെ സത്യത മുഖേനയാണ് ലോകരെ അംഗീകരിപ്പിക്കുന്നത്. ഖുർആനിൽ നബി (സ) യുടെ ഈ വാക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

"ഞാൻ ഇതിനുമുമ്പും ഒരു ദീർഘകാലം നിങ്ങൾക്കിടയിൽ ജീവിച്ചിട്ടുണ്ട്. നിങ്ങൾ ബുദ്ധി പ്രയോഗിക്കുന്നില്ലേ?"

ഇതാണ് നുബുവ്വത്തിനും അല്ലാഹു അയച്ചവനാണെന്നതിനും തെളിവായി നൽകിയിരുന്നത്. ഞാൻ ഒരു ദീർഘകാലം നിങ്ങളോടൊപ്പം കഴിച്ചുകൂട്ടിയിട്ടുണ്ട്. ഞാൻ ഒരിക്കലും കളവ് പറഞ്ഞിട്ടില്ല. ഇപ്പോൾ എന്റെ പ്രായം അധികരിച്ചിരിക്കുന്നു. ഞാനിതാ വാർധക്യത്തിലെത്തിയിരിക്കുന്നു. ഇനി ഇപ്പോഴാണോ ഞാൻ കളവ് പറയുക. അതും അല്ലാഹുവിന്റെ പേരിലോ! അല്ലാഹു കളവിനെ ശിർക്കിനോടാണ് ഉപമിച്ചത്. അതും എന്റെ അദ്ധ്യാപനത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഞാൻ ഇവിടെ വന്നിരിക്കുന്നത് തൗഹീദ് സ്ഥാപിക്കാനാണ്. ഇതായിരുന്നു തിരുനബി (സ) യുടെ മറുപടി. പ്രവാചകന്മാരുടെ തബ്ലീഗിന്റെ സുപ്രധാനമാർഗവും ആയുധവും അവരുടെ സത്യസന്ധതയായിരുന്നു. അവരുടെ ജീവിതത്തിലെ എല്ലാ തുറകളിലും സത്യത്തിന്റെ തിളക്കം കാണാൻ സാധിക്കുന്നതാണ്. ഇതും പറഞ്ഞുകൊണ്ടാണ് അവർ തബ്ലീഗ് നടത്തുന്നത്. തങ്ങളുടെ സന്ദേശം എത്തിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഇപ്രകാരം ഇൽഹാം ഉണ്ടായിട്ടുണ്ട്.

''ഞാൻ ഒരു ദീർഘകാലംവരെ നിങ്ങൾക്കിടയിൽ ജീവിച്ചിട്ടുണ്ട്. നിങ്ങൾ ചിന്തിക്കുന്നില്ലേ?." ഇതുസംബന്ധമായി നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ മസീഹ് മൗഊദ് (അ) പറയുന്നു. ഏകദേശം 1882 ൽ അല്ലാഹു എനിക്ക് ഒരു വഹ്യ് ഇറക്കി.

അതിൽ ആലിമുൽ ഗൈബായ അല്ലാഹു പറയുന്നത്, ഒരു എതിരാളിക്കും തന്നെ നിന്റെ മുൻകാല വ്യക്തിജീവിതത്തിൽ ഒരു ന്യൂനതയും ആരോപിക്കാൻ കഴിയുകയില്ല എന്നാണ്. ഇപ്പോൾ എന്റെ വയസ്സ് 65 ആയിട്ടുണ്ട്. ഏതെങ്കിലും ഒരു വ്യക്തിക്ക് അവർ അടുത്തുള്ളവരോ അകലെയുള്ളവരോ ആകട്ടെ, അവർക്കാർക്കും എന്റെ മുൻകാലജീവിതത്തിൽ ഒരു ന്യൂനതയും ആരോപിക്കാൻ കഴിയില്ല. എന്റെ മുൻകാലജീവിതത്തിലെ പവിത്രതയെക്കുറിച്ച് എതിരാളികളെകൊണ്ട് അല്ലാഹു പറയിപ്പിച്ചിട്ടുണ്ട്. മുഹമ്മദ് ഹുസൈൻ തന്റെ ഇശാഅതുസ്സുന്ന എന്ന മാഗസിനിൽ പലപ്രാവശ്യം ശക്തമായ ഭാഷയിൽ എന്നെക്കുറിച്ചും എന്റെ കുടുംബത്തെക്കുറിച്ചും പുകഴ്ത്തി എഴുതിയത്പോലെ. ഈ വ്യക്തിയെക്കുറിച്ചും ഇദ്ദേഹത്തിന്റെ കുടുംബത്തെക്കുറിച്ചും എന്നെക്കാളും കൂടുതൽ അടുത്തറിയുന്നവർ മറ്റാരുമില്ലെന്നും അയാൾ വാദിക്കുകയുണ്ടായി. നീതിബോധത്തോടുകൂടി അദ്ദേഹത്തിന്റെ അറിവനുസരിച്ച് പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്.

ചുരുക്കത്തിൽ സത്യസന്ധത എന്നത് ഒരു പ്രവാചകന്റെ സത്യത്തിനും തബ്ലീഗിനുമുള്ള വലിയ മാർഗമാണ്. അതുകൊണ്ടാണ് ഒരു ദീർഘകാലം നിങ്ങളുടെ ഇടയിൽ ഞാൻ ജീവിച്ചിരുന്നിട്ടുണ്ടെന്നതും ഞാൻ ഒരിക്കലും കളവ് പറഞ്ഞട്ടില്ലെന്നതും ഇനി ഞാൻ കളവു പറയുമോ എന്നുമുള്ള പ്രവാചകന്മാരുടെ വാക്കുകൾ എടുത്ത് പറഞ്ഞുകൊണ്ട് ഇത് തന്റെ വരിഷ്ഠ ദാസരുടെ പ്രത്യേകമായ ഒരു ഗുണമാണെന്ന് അല്ലാഹു വിശേഷിപ്പിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ ഉദ്ധരണി നിങ്ങൾ കേട്ടുകഴിഞ്ഞു. അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തെക്കുറിച്ച് ശത്രുക്കൾക്ക് പോലും ഒരു ന്യൂനതയും പറയാൻ കഴിയാതിരിക്കെ, സത്യം എന്ന ഉൽകൃഷ്ട ഗുണം അദ്ദേഹത്തിൽ ഇല്ലെന്ന് എങ്ങനെ പറയാൻ കഴിയും? ഇന്നുള്ള മൗലവിമാർ എന്ത് തന്നെ ആക്ഷേപിച്ചാലും ആക്ഷേപിച്ചുകൊള്ളട്ടെ. ഇവർ വായകൊണ്ട് പിറുപിറുക്കുന്നെങ്കിൽ പിറുപിറുക്കട്ടെ. എന്നാൽ ഒരിക്കലും തന്നെ ഒന്നും തെളിയിക്കാൻ ഇവർക്ക് സാധ്യമല്ല. ഇന്നും സദുദ്ദേശ്യക്കാരായവർ അല്ലാഹുവിനോട് ഹിദാ

യത്ത് ചോദിക്കുന്നു. അല്ലാഹു അവർക്ക് മസീഹ് മൗഊദ് (അ) ന്റെ സത്യത വെളി പ്പെടുത്തിക്കൊടുക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അംഗീകരിച്ചവരാണ് നാം. പ്രവാചകനെ അംഗീകരിക്കുന്ന ജമാഅത്തംഗങ്ങളുടെ കടമ അവർ ഏതൊരു പ്രവാചകനെ യാണോ അംഗീകരിക്കുന്നത് അദ്ദേഹ ത്തിന്റെ സത്യത്തെ ലോകത്ത് പറയുക എന്നതാണ്. ലോകരെ നേർമാർഗത്തി ലേക്ക് കൊണ്ടുവരേണ്ടതാണ്. ഇക്കാ ലത്ത് ഇസ്‌ലാമാണ് എല്ലാ മതങ്ങളു ടെയും കേന്ദ്രമായ അവസാന മതം. തന്റെ അദ്ധ്യാപനങ്ങളെ ശരിയായ രീതി യിൽ സമർപ്പിക്കുന്ന മതം ഇതുമാത്രമാ ണ്. ഈ മതത്തിൽ മാത്രമേ അല്ലാഹു വിന്റെ ഗ്രന്ഥം അതിന്റെ തനതായ രൂപ ത്തിൽ ഇപ്പോഴും നിലനിൽക്കുന്നുള്ളൂ. ഇത് ഖിയാമത്ത് നാൾവരെ നില നിൽക്കുന്നതാണ്. ഇൻശാ അല്ലാഹ്. അതിന്റെ വാദവും ഇതുതന്നെ. ഇത് സത്യത്തിന്റെയും മാർഗദർശനത്തിന്റെ യും ഉറവിടമാണ്. മറ്റെല്ലാ മത ഗ്രന്ഥ ങ്ങളിലും കഥകളും കളവുകളും കൂടി ച്ചേർന്നിരിക്കുന്നു. അതുകൊണ്ട് ഈ സത്യത്തെ ലോകത്ത് അറിയിക്കുക എന്നത് ഒരു മുസ്‌ലിമിന്റെ കടമയാണ്. എന്നാൽ മുസ്‌ലിംകളിൽ ഭൂരിഭാഗവും തെറ്റായ പ്രവർത്തികളിൽ മുഴുകിയിരി ക്കുകയാണ്. അവർക്ക് മറ്റുള്ളവരെ സത്യപന്ഥാവിൽ എങ്ങനെ നടത്താൻ സാധിക്കും. ഒരിക്കൽ ഒരു സദസ്സിൽ മുഴു വനും ക്രിസ്ത്യാനികളായിരുന്നു. അവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സന്ദേശത്തെക്കുറിച്ചും ഈ സന്ദേശം മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കും എല്ലാവർക്കും ഉള്ളതാ ണെന്നും സദ്പ്രകൃതക്കാർ ആ മഹാ ത്മാവിന്റെ കൈകളിൽ ഒരുമിച്ച് കൂട്ടപ്പെ ടുന്നതാണെന്നും എല്ലാം അവിടെ സംസാരിക്കുകയുണ്ടായി. ഹിന്ദുക്കളാ യാലും ക്രിസ്ത്യാനികളായാലും മുസ്‌ലിംകളായാലും അവരെല്ലാം ഇതിൽ വന്നുചേരുമെന്നും പറഞ്ഞു. അപ്പോൾ ആ ക്രിസ്തീയ സഹോദരൻ പറഞ്ഞു. അദ്ദേഹം യൂണിവേഴ്സിറ്റിയി ലെ പ്രൊഫസറായിരുന്നു. മതത്തോട് നല്ല ബന്ധമുള്ള ആളുമായിരുന്നു. ആദ്യം മുസ്‌ലിംകളെ ശരിയാക്കട്ടെ. എന്നിട്ട് ഞങ്ങൾ ക്രിസ്ത്യാനികളിലേക്ക് തിരിയട്ടെ എന്നു പറഞ്ഞു. ഞാൻ അതി നുള്ള മറുപടി അപ്പോൾ നൽകിയിരു ന്നു. എന്നാൽ ഒരു യാഥാർഥ്യം ഇതിൽ അടങ്ങിയിട്ടുണ്ട്. മുസ്‌ലിംകളെ ശരിയാ ക്കേണ്ടത് അനിവാര്യം തന്നെയാണ്. മുസ്‌ലിംകൾ കാരണമായി ചിലപ്പോൾ ലജ്ജിക്കേണ്ടതായിവരുന്നു. ഏതായിരു ന്നാലും ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്നിരിക്കുന്നത് മുസ്‌ലിംകളുടെയും സംസ്കരണത്തിനായാണ്. മുസ്‌ലിംക ളോട് തിരുനബി (സ) പറഞ്ഞിരുന്നത് ഇമാം മഹ്ദി വന്നാൽ നിങ്ങൾ അദ്ദേ ഹത്തെ വിശ്വസിക്കണം എന്നായിരുന്നു. മഞ്ഞുകട്ടയിൽ മുട്ടുകുത്തി പോകേണ്ടി വന്നാലും വിശ്വസിക്കണം.

എന്നാൽ തിരുനബി (സ) യുടെ പ്രിയ പ്രേമിയുടെ ജമാഅത്തിൽ അംഗ ങ്ങളാണെന്ന് വാദിക്കുന്ന അഹ്മദിക ളായ നാം ഈ സത്യസന്ദേശത്തെ ലോകത്ത് എത്തിക്കേണ്ടതാണ്. എന്നാൽ അതെങ്ങനെ നമുക്ക് സാധിക്കും? അതിനായി ആദ്യം നാം സത്യസന്ധരാണെന്ന് തെളിയിക്കേണ്ടി യിരിക്കുന്നു. പ്രവാചകന്മാർ തങ്ങളുടെ സത്യത്തിനുള്ള തെളിവ് തങ്ങളുടെ ജീവിതത്തിൽ സത്യസന്ധതക്കുള്ള മാതൃകകൾ പ്രകടിപ്പിച്ചുകൊണ്ടാണ് നൽകിയിരിക്കുന്നത്. നിത്യജീവിതത്തി ലുള്ള പൊതുകാര്യങ്ങളിൽ മുതൽ അതീവ പ്രാധാന്യമുള്ള പ്രശ്നങ്ങളിൽ വരെ അവർ ഒരിക്കലും കളവ് പറഞ്ഞി ട്ടില്ല. അതുകൊണ്ട് നമ്മുടെ പെരുമാറ്റ ത്തിലും സത്യസന്ധത നമുക്കും പ്രക ടിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ഒരു പ്രവൃത്തിയാണ് പ്രവാചകരെ അംഗീക രിക്കുന്നവർ ചെയ്യേണ്ടത്. പ്രവാചകന്മാർ ഏതുരീതിയിൽ തങ്ങളുടെ സത്യസന്ധ തക്കുള്ള മാതൃകകൾ സമർപ്പിക്കു ന്നുവോ അവരെ അംഗീകരിക്കുന്നവരും ആ രീതിയിൽ മാതൃകകളായി മാറണം. തിരുനബി(സ)യുടെ മാതൃക പിൻപറ്റണ മെന്നാണ് നമ്മോട് കൽപ്പിക്കപ്പെട്ടിരിക്കു ന്നത്. അതുകൊണ്ട് ഈ മാതൃകയി ലൂടെ ചരിച്ചുകൊണ്ട് സത്യസന്ധതയാ കുന്ന ഈ സൽസ്വഭാവത്തെ ഏറ്റവും കൂടുതൽ പ്രകടിപ്പിക്കുന്നവരായി നാം മാറേണ്ടതാണ്. അപ്പോഴാണ് മസീഹ് മൗഊദ് (അ) ന്റെ പ്രവർത്തനത്തെ നമുക്ക് പൂർത്തിയാക്കാൻ സാധിക്കുക യുള്ളൂ. അപ്പോൾ മാത്രമാണ് തിരു നബി(സ)യുടെ സന്ദേശത്തെ ലോകത്ത് എത്തിക്കുന്നതിൽ നമുക്ക് വിജയിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ സത്യസ ന്ധതയുടെ ഉന്നത നിലവാരം കരസ്ഥ മാക്കണമെങ്കിൽ നമ്മുടെ പ്രവൃത്തി യിലും വാക്കുകളിലും എല്ലാ തല ത്തിലും തന്നെ സത്യസന്ധത പ്രകടിപ്പി ക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗാർഹിക ജീവിതം മുതൽ നമ്മുടെ ചുറ്റുപാടുള്ള ജീവിതം വരെ സത്യസന്ധതക്ക് മാതൃ കയായിരിക്കണം. അപ്പോൾ മാത്രമേ നമ്മുടെ വാക്കുകളിൽ അനുഗ്രഹം ഉണ്ടാവുകയുള്ളൂ. അപ്പോൾ മാത്രമെ നമ്മുടെ സ്വഭാവങ്ങളും സത്യസന്ധ തയും മറ്റുള്ളവരിൽ സ്വാധീനം ചെലു ത്തിക്കൊണ്ട് അഹ്മദിയ്യത്തിന്റെ സമീ പത്തേക്ക് അവരെ കൊണ്ടുവരികയു ള്ളൂ. ഇതിനായി നമുക്ക് കഠിനപ്രയത്നം ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങളെ സത്യത്തിൽ അലങ്ക രിക്കേണ്ടിയിരിക്കുന്നു. നാം അല്ലറ ചില്ലറ സാമ്പത്തിക ലാഭത്തിനായി കള വിനെ ആശ്രയിക്കുകയാണെങ്കിൽ നമ്മുടെ വാക്കുകൾക്ക് എന്ത് സ്വാധീന മാണുണ്ടാവുക.

ജമാഅത്തിന്റെ പ്രചാരണപ്രവർത്ത നങ്ങൾക്കായി നമ്മുടെ വ്യക്തിപരമായ സംസ്ക്കരണം വരുത്തേണ്ടതിന്റെയും സൽപ്പേര് കരസ്ഥമാക്കേണ്ടതിന്റെയും അതിയായ ആവശ്യമുണ്ട്. നമ്മുടെ കളവ് പിടിക്കപ്പെടുമ്പോൾ നാം പ്രയാ സത്തിൽ അകപ്പെടും എന്ന് മാത്രമല്ല, ജമാഅത്തിന്റെയും ഇസ്‌ലാമിന്റെയും ദുഷ്പേരിനാണ് കാരണമായിത്തീരുന്ന ത്. ഇതേപോലെയുള്ള മറ്റുചില ദുസ്വ ഭാവങ്ങളുമുണ്ട്. ചില യുവാക്കളുടെ മോശമായ കൂട്ടുകെട്ടുമായുള്ള ബന്ധം, ഭാര്യാഭർത്താക്കന്മാർക്കിടയിലുള്ള പ്രശ്നങ്ങൾ ചിലപ്പോൾ പോലീസിന്റെ അടുത്ത് വരെ കാര്യങ്ങൾ ചെന്നെത്തു ന്നു. അവിടെ ഏതെങ്കിലും ഒരു കക്ഷി തെറ്റായ രീതിയിൽ കാര്യങ്ങൾ വിവരി ക്കുന്നു. ഏതായിരുന്നാലും ഇതെല്ലാം തന്നെ ജമാഅത്തിന്റെ ദുഷ്പേരിനാണ് കാരണമായിത്തീരുന്നത്. സമൂഹത്തിൽ തെറ്റായ സ്വാധീനം ഇതുമുഖേന ഉണ്ടാ വുകയും ഇത് തബ്ലീഗിന് തടസ്സമായി ത്തീരുകയും ചെയ്യുന്നു. ഇതുകൂടാതെ കാര്യങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന രീതി യിൽ വിവരിക്കുന്ന ശീലം വളർന്നുവ ന്നാൽ ജമാഅത്തിനകത്തും തന്റെ കാര്യത്തിൽ തെറ്റായ രീതിയിൽ വിവ രിക്കുന്നു. അങ്ങനെ കളവ് കാരണം എല്ലാ കൃത്യങ്ങളിലും അനുഗ്രഹമി ല്ലാത്ത ഒരവസ്ഥ കൈവരുന്നു.

ഞാൻ പറഞ്ഞതുപോലെ വീട്ടിൽ കുട്ടികളിൽ ഇത് മോശമായ സ്വാധീനം ചെലുത്തുന്നു. എന്തെങ്കിലും പറ ഞ്ഞാൽ അത് ഗൗരവത്തോടെ കാണു കയില്ല. പല കുട്ടികളും ഇതുസംബന്ധ മായി എനിക്കെഴുതാറുണ്ട്. ഞങ്ങളുടെ പിതാവ് പുറത്ത് സത്യസന്ധനും മാന്യ നുമാണെന്ന് അറിയപ്പെടുന്നു. ജമാഅ ത്തിനുവേണ്ടി ത്യാഗം ചെയ്യുന്നവനാ ണെന്നും അറിയപ്പെടുന്നു. എന്നാൽ

വീട്ടിനകത്ത് എന്താണെന്ന് ഞങ്ങൾക്കറിയാം. കാര്യങ്ങൾ തെറ്റായ രീതിയിൽ അവലംബിക്കുന്നു. സത്യത്തിൽ നിന്ന് അകന്നിരിക്കുന്നവനാണ്. അങ്ങനെയുള്ള പിതാക്കൾക്ക് മക്കളിൽ നല്ല സ്വാധീനം ചെലുത്താൻ കഴിയുമോ? അതല്ലെങ്കിൽ കാര്യങ്ങൾ തെറ്റായി വിവരിക്കുന്ന മാതാക്കൾക്ക് മക്കളിൽ എന്ത് നല്ല സ്വാധീനം ചെലുത്താൽ കഴിയും. എന്തുചോദിച്ചാലും കളവിനെയായിരിക്കും അവർ കൂട്ടുപിടിക്കുക. തങ്ങൾ ശരിയാണെന്ന നിലപാടായിരിക്കും അവർക്കുണ്ടാകുക. അങ്ങനെയുള്ളവർ തബ്ലീഗ് ചെയ്താൽ ഒരു സ്വാധീനവും മറ്റുള്ളവരിൽ ഉണ്ടാകുകയില്ല. വീട്ടിലുള്ള കുട്ടികളിൽ പോലും ദുഃസ്വാധീനം ഇടുന്നവർക്ക് പുറത്ത് എന്ത് സംസ്കതാണ്. നമ്മുടെ വിടുകളിൽ അസ്വസ്ഥതകൾ നിറഞ്ഞിരിക്കുമ്പോൾ മറ്റുള്ളവരെ ഇതിലേക്ക് ക്ഷണിച്ച് നിങ്ങളുടെ അസ്വസ്ഥതകൾ ഇവിടെ വന്ന് ദൂരീകരിക്കുക എന്ന് നമുക്കെങ്ങനെ പറയാൻ സാധിക്കും? നാം മറ്റുള്ളവരുടെ അടുത്ത് ചെന്ന് സ്നേഹത്തിന്റെ തബ്ലീഗ് ചെയ്യുമ്പോൾ നമ്മുടെ അയൽവാസികളുമായുള്ള നമ്മുടെ ബന്ധം മോശമാണെങ്കിൽ അതിനെന്തു വില. വിശുദ്ധ ഖുർആനിൽ അയൽവാസികളുടെ അവകാശമാണ് ഏറ്റവും കൂടുതൽ എന്ന് പറഞ്ഞിട്ടുണ്ട്. ഇസ്ലാമിൽ അയൽവാസികൾക്ക് ഏറ്റവും കൂടുതൽ അവകാശങ്ങൾ നൽകിയിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു." നിങ്ങളുടെ ബോഴാണ്. ഈ വ്യക്തി കള്ളനാണെങ്കിൽ ആരുടെ സത്യത്തെയാണോ ഈ വ്യക്തി പ്രചരിപ്പിക്കുന്നത് ആ വ്യക്തിയുടെ സത്യസാക്ഷ്യവും ചോദ്യചിഹ്നമായി അവശേഷിക്കുന്നതാണ്. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത് നമ്മോടൊപ്പം ചേർന്ന് നമുക്ക് ചീത്തപ്പേരിന് കാരണമാകരുത്. അതുകൊണ്ട് അഹ്മദിയ്യത്തിന്റെ വിജയത്തിനായി സത്യസന്ധതയെയാണ് നാം കൂട്ടുപിടിക്കേണ്ടത്.

ഇസ്ലാമിന്റെ അദ്ധ്യാപനം സത്യമാണെന്നതിൽ യാതൊരു സംശയവുമില്ല. വിശുദ്ധ ഖുർആനും സത്യമാണ്. ഈ അദ്ധ്യാപനം ഖിയാമത്ത് നാൾവരെ നിലനിൽക്കുകയും ചെയ്യുന്നതാണ്. നബി (സ) അവസാനശരീഅത്ത് പ്രവാചകനാണ്. പുതിയ ഒരു ശരീഅത്തും പുതിയ ഒരു സത്യവും അല്ലാഹുവിൽ നിന്ന് ഇനി വരില്ല. നുബുവ്വത്തിന്റെ എല്ലാ ശ്രേഷ്ഠതകളും തന്നെ തിരുനബി(സ)യിൽ അവസാനിച്ചിരിക്കുന്നു. തിരുനബി (സ) യുടെ സത്യസന്ധനായ പ്രേമിയുടെ വാദവും തികച്ചും സത്യം തന്നെ. വരുമെന്ന് പ്രവചിക്കപ്പെട്ട വാഗ്ദത്ത മഹ്ദിയും മസീഹും അദ്ദേഹം തന്നെയാണ്. ഇസ്ലാമിന്റെ വിജയം അഹ്മദിയ്യത്തിന്റെ വിജയവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. എന്നാൽ ഈ വിജയത്തിന്റെ ഭാഗമായിത്തീരുന്നതിനും ഈ സത്യത്തെ പ്രചരിപ്പിക്കുന്നതിനും അഹ്മദിയുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിനും വേണ്ടി നമുക്ക് നമ്മുടെ പ്രവർത്തനത്തെ സത്യസന്ധതയിൽ നിലയുറപ്പിക്കേണ്ടിയിരിക്കുന്നു. ഏതൊരു അദ്ധ്യാപനത്തെയാണോ നാം തബ്ലീഗ് ചെയ്യുന്നത് ആ അദ്ധ്യാപനമനുസരിച്ച് നമ്മുടെ ജീവിതത്തെ നമുക്ക് ചിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഇസ്ലാമിനായി നിശ്ചയിച്ചിരിക്കുന്ന വിജയത്തിന്റെ ഭാഗമായി നാം തീരണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഇക്കാലത്ത് അല്ലാഹു തിരുനബി(സ) യുടെ പ്രിയ പ്രേമിക്ക് നൽകിയിരിക്കുന്ന വിജയവാഗ്ദാനത്തിന് അർഹരായി നാം മാറണമെന്നുണ്ടെങ്കിൽ നമുക്ക് ഓരോ നിമിഷവും നമ്മെ ആത്മപരിശോധനക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. നാം എത്രമാത്രം സത്യസന്ധരാണെന്ന് നോക്കേണ്ടി വരും. നമ്മുടെ വീടുകളിലും നമ്മുടെ ചുറ്റുപാടിലും ജമാഅത്തിന്റെ കാര്യത്തിലും നമ്മുടെ കച്ചവടത്തിലും എല്ലാം ഒരാത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ പരിശോധനാഫലം അസ്വസ്ഥത ഉളവാക്കുന്നതാ

> സത്യസന്ധതയുടെ ഉന്നത നിലവാരം കരസ്ഥമാക്കണമെങ്കിൽ നമ്മുടെ പ്രവൃത്തിയിലും വാക്കുകളിലും എല്ലാ തലത്തിലും തന്നെ സത്യസന്ധത പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗാർഹിക ജീവിതം മുതൽ നമ്മുടെ ചുറ്റുപാടുള്ള ജീവിതം വരെ സത്യസന്ധതക്ക് മാതൃകയായിരിക്കണം

രണമാണ് വരുത്താൻ കഴിയുക. അതുകൊണ്ട് ഇവ്വിധം കാര്യങ്ങൾ ഓരോ അഹ്മദിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമ്മിൽ ഇങ്ങനെയുള്ള തെറ്റായ കാര്യങ്ങൾ വളർന്ന് വരുന്നുണ്ടെങ്കിൽ, അത് വർധിച്ചുവരുന്നുണ്ടെങ്കിൽ പറയുന്നത് ഒന്നും പ്രവർത്തിക്കുന്നത് മറ്റൊന്നും എന്ന് പറഞ്ഞ ആ കൂട്ടരിൽ നാമും ഉൾപ്പെടുന്നതാണ്.

അഹ്മദിയ്യത്ത് സത്യമാണെന്ന് നാം മുദ്രാവാക്യം വിളിക്കാറുണ്ട്. യഥാർഥ ഇസ്ലാം ഇതാണെന്ന് നാം പറയാറുണ്ട്. സ്നേഹം ഏവരോടും വെറുപ്പ് ആരോടുമില്ല എന്ന് നാം പറയാറുണ്ട്. എന്നാൽ ആദ്യം നാം ഈ സ്നേഹം നൽകേണ്ടത് നമ്മുടെ വീട്ടിലാണ്. അവിടെയാണ് സത്യം സ്ഥാപിക്കേണ്ടത്. തന്റെ കുടുംബത്തിനും ബന്ധുമിത്രാധികൾക്കുമാണ് ഈ സ്നേഹം നൽകേണ്ടത്. തന്റെ ജമാഅത്തിലെ വ്യക്തികൾക്ക് സ്നേഹം നൽകണം. തങ്ങളുടെ ചുറ്റുപാടിൽ ഈ സ്നേഹം നൽകണം. അപ്പോഴാണ് നമ്മുടെ സ്നേഹം വ്യാപിച്ചുകൊണ്ട് മുന്നേറുക. സത്യത്തിൽ നിന്ന് സത്യം വ്യാപിച്ചുകൊണ്ടേ പോകുന്നതാണ്. അതല്ലെങ്കിൽ നമ്മുടെ ഈ മുദ്രാവാക്യം വിളിയെല്ലാം അർഥശൂന്യമായിത്തീരുന്ന ദീനീ സഹോദരൻ നിങ്ങളുടെ അയൽവാസിയാണ്. വെറും വീട്ടിനടുത്തുള്ളവർ മാത്രമല്ല അയൽവാസി. ജമാഅത്തിലെ സഹോദരന്മാർ നിങ്ങളുടെ അയൽവാസിയാണ്. ആ അയൽവാസിയുടെ അവകാശങ്ങൾ നൽകേണ്ടതാണ്. അതുകൊണ്ട് നാം സത്യസന്ധരാണെങ്കിൽ പരസ്പരമുള്ള ബന്ധങ്ങളെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അതല്ലെങ്കിൽ നമ്മുടെ തബ്ലീഗ് ബർക്കത്തില്ലാത്തതായിത്തീരും. അല്ലാഹു പറയുന്നു. വിശ്വസിച്ചവരേ! നിങ്ങൾ ചെയ്യാത്തത് എന്തിന് നിങ്ങൾ പറയണം. നിങ്ങളുടെ പ്രവർത്തനം നിങ്ങൾ പറയുന്നത് പോലെയല്ലെങ്കിൽ ഇത് കാപട്യമാണ്. ഇതിൽ ഒരുവിധ അനുഗ്രഹവും ഉണ്ടാകുകയില്ല. എപ്പോഴും അനുഗ്രഹമില്ലാത്ത ഒരവസ്ഥയായിരിക്കും ഉണ്ടാകുക. വിശ്വാസത്തെ നിങ്ങൾ വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തമില്ലായ്മയാൽ കളങ്കിതമാക്കരുത്. ഏതൊരു സത്യന്ധനായ പ്രവാചകന്റെ സത്യസന്ധനായ പ്രേമിയോടൊപ്പം നിങ്ങൾ നിങ്ങളെ ബന്ധിപ്പിച്ചിരിക്കുന്നുവോ അദ്ദേഹവുമായി നിങ്ങളുടെ ബന്ധം ശരിക്കും സ്ഥാപിക്കുന്നത് നിങ്ങൾ കള്ളനാണെന്ന് ആരും വിരൽ ചൂണ്ടാത്ത അവസ്ഥ വരു

ണെങ്കിൽ നാം ഇരുന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അഹ്മദിയ്യത്തിന്റെ വിജയം സുനിശ്ചിതമാണ്. **ഇൻശാ അല്ലാഹ്.** നിത്യവും ഈ വിജയം നാം കാണുകയും ചെയ്യുന്നു. എന്നാൽ സത്യസന്ധത പ്രകടിപ്പിക്കാത്തവർ ഈ വിജയത്തിന്റെ ഭാഗമായിത്തീരുന്നതല്ല. സത്യം ലഭിച്ചതിനുശേഷവും നാം നമ്മുടെ പ്രവർത്തനങ്ങളെ അസത്യത്തിൽ നിന്നും പവിത്രമാക്കാൻ എത്രമാത്രം ശ്രമിച്ചിട്ടുണ്ടെന്ന് ചിന്തിക്കേണ്ടതാണ്.

അബൂസുഫിയാൻ മക്കാവിജയസമയത്ത് തിരുനബി (സ) യോട് പറഞ്ഞിരുന്നത് ഞങ്ങൾ സത്യവാന്മാരായിരുന്നെങ്കിൽ, ഞങ്ങളുടെ ദൈവങ്ങൾ സത്യവാന്മാരായിരുന്നെങ്കിൽ, അവർ ശക്തരായിരുന്നെങ്കിൽ, വല്ല കഴിവും അവർക്കുണ്ടായിരുന്നുവെങ്കിൽ, ഏതൊരു നിസ്സഹായാവസ്ഥയിലാണോ താങ്കൾ ഈ മക്കയിൽ നിന്നും പുറത്ത് പോയിരുന്നതും താങ്കളെ നശിപ്പിക്കാൻ ഞങ്ങൾ ചെയ്ത പരിശ്രമങ്ങളും എല്ലാം നോക്കുമ്പോൾ താങ്കൾക്ക് പകരം ആ വിജയസോപാനത്തിൽ ഇന്നിരിക്കേണ്ടത് ഞങ്ങളായിരുന്നു. എന്നാൽ താങ്കൾ ജീവിതമാസകലം സത്യത്തിന്റെ പ്രകാശം പരത്തിയതുപോലെ, എപ്പോഴും സത്യം മാത്രം താങ്കളുടെ നാവിൽ നിന്ന് പുറപ്പെടുന്നതുപോലെ ഈ പ്രപഞ്ചത്തിന്റെ ഉടമസ്ഥനായ നാഥൻ ഏകനാണെന്ന താങ്കളുടെ പ്രഖ്യാപനവും ഇന്ന് വിജയിക്കുകയുണ്ടായി. ആ ദൈവത്തെ ആരാധിക്കുക, അവനാണ് യഥാർഥ ദൈവം എന്ന താങ്കളുടെ ഈ പ്രഖ്യാപനം സത്യമായി പുലർന്നു. ഇസ്‌ലാമിന്റെ ദൈവം തീർച്ചയായും സത്യദൈവമാണ്. അവനെ വിശ്വസിക്കുന്നവരും സത്യസന്ധരാണ്. അതുകൊണ്ട് ഞാനും കലിമ ചൊല്ലുന്നു എന്ന് അബൂസുഫിയാൻ പ്രഖ്യാപിച്ചു. അങ്ങനെ അദ്ദേഹം ഇസ്‌ലാമിൽ പ്രവേശിച്ചു.

ലോകം കണ്ട സത്യത്തിന്റെ മാതൃകയായിരുന്നു ഇത്. കൊടിയ ശത്രുവിനെപ്പോലും സത്യത്തിന്റെ ഉമ്മറപ്പടിയിൽ അത് നെറ്റികുത്തിപ്പിക്കുകയുണ്ടായി. തിരുനബി (സ) ലോകത്തെ മഹാവിപത്തിൽ കണ്ടപ്പോൾ സത്യത്തിന്റെ പ്രകാശം മൂലം ഈ അന്ധകാരത്തെ അകറ്റി മനുഷ്യരെ ദൈവമനുഷ്യരാക്കിത്തീർക്കുകയുണ്ടായി. മുശ്‌രിക്കുകളെ തൗഹീദിന്റെ വക്താക്കളാക്കി മാറ്റി. മക്കയിലെ നിഷേധികളുടെ വ്യാജത്തെ സത്യവും ദൈവ വാഗ്ദാനവും തുണ്ടം തുണ്ടമാക്കുകയുണ്ടായി. ഇന്ന് ഹദ്‌റത്ത് മസീഹ് മൗഊദ് (അ) നോടും ഇതേ വാഗ്ദാനമാണുള്ളത്. ആ മഹാത്മാവ് മുഖേനയാണ് ഇസ്‌ലാമിന്റെ വിജയം ഉണ്ടാക്കുക എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. എന്നാൽ നമുക്ക് ദൈവികമനുഷ്യരായിത്തീരേണ്ട ആവശ്യമാണുള്ളത്. സത്യത്തെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റേണ്ടിയിരിക്കുന്നു. സത്യത്തിൽ നിലയുറപ്പിച്ചുകൊണ്ട് തങ്ങളുടെ വിശ്വാസത്തെ ദൃഢപ്പെടുത്തേണ്ട ആവശ്യമാണുള്ളത്. അപ്പോഴാണ് ഈ കാഴ്ചകൾ നമുക്ക് കാണാൻ സാധിക്കുക.

ഹദ്‌റത്ത് മസീഹ് മൗഊദ് (അ) ന്റെ കൈകളിൽ ബൈഅത്ത് ചെയ്തവർ നമ്മളാണ്. നാം ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്തിരിക്കുന്നു. സത്യം ജനങ്ങളിൽ നിലനാട്ടുമെന്നും കളവിനെയും ശിർക്കിനെയും ഇല്ലാതാക്കുമെന്നും പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അതുകൊണ്ട് സത്യത്തെ പ്രകടമാക്കേണ്ടതും സത്യസന്ധതയെ പുനഃസ്ഥാപിക്കേണ്ടതും അഹ്മദികളുടെ ഉത്തരവാദിത്വമാണ്. കാരണം സത്യസന്ധനായ പ്രവാചകൻ (സ) യുടെ പ്രിയ പ്രേമിയിൽ ബൈഅത്ത് ചെയ്തുകൊണ്ട് സത്യത്തെ ലോകത്ത് പുനഃപ്രതിഷ്ഠിക്കുമെന്ന് പ്രതിജ്ഞ എടുത്തവരാണ് നമ്മൾ. പ്രതിജ്ഞാപാലനത്തെക്കുറിച്ച് അല്ലാഹു നമ്മോട് ചോദിക്കുന്നതാണ്.

ലോകം ഇന്ന് കരയിലും കടലിലും കുഴപ്പം വ്യാപിച്ചിരിക്കുന്നു എന്നുള്ള കാഴ്ചയാണ് കാണിക്കുന്നത്. തന്റെ ദാസരോട് അതിന്റെ അനുഗ്രഹങ്ങൾ ചൊരിയുന്ന അല്ലാഹു ഹദ്‌റത്ത് മസീഹ് മൗഊദ് (അ) മുഖേനയും അദ്ദേഹത്താൽ സ്ഥാപിക്കപ്പെട്ട ജമാഅത്ത് മുഖേനയും ഈ കുഴപ്പങ്ങളെ ഇല്ലാതാക്കാനുള്ള സംവിധാനം ഒരുക്കുകയുണ്ടായി. ഖിലാഫത്ത് അലാ മിൻഹാജ നുബുവ്വത്ത് മുഖേന ഒരു ജമാഅത്തിനെ സ്ഥാപിച്ചുകൊണ്ട് നമുക്ക് സത്യത്തെ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രതീക്ഷകൾ നൽകുകയും ചെയ്തു. അതുകൊണ്ട് എല്ലാ തലത്തിൽ നിന്നും ഈ കുഴപ്പത്തെ ഇല്ലാതാക്കുകയും സത്യത്തെ പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുക എന്നത് ഈ ജമാഅത്തുമായി തങ്ങളെ ബന്ധപ്പെടുത്തുന്ന ഓരോ അഹ്മദിക്കും നിർബന്ധമാണ്. ഈ കുഴപ്പങ്ങളെയും കളവിനെയും വീടുകളിൽ നിന്ന് നമുക്ക് പുറത്താക്കേണ്ടിയിരിക്കുന്നു. അവ വീട്ടിൽ ഫിത്നക്ക് കാരണമായിത്തീർന്നിരിക്കുകയാണ്. ഈ ഫസാദിനെ നമ്മുടെ ചുറ്റുപാടിൽ നിന്നും നമ്മുടെ നഗരങ്ങളിൽ നിന്നും ഈ ലോകത്ത് നിന്നും ഉന്മൂലനം വരുത്തേണ്ടിയിരിക്കുന്നു. അങ്ങനെ ലോകത്ത് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ശാന്തിയുടെയും അന്തരീക്ഷം സംജാതമായിത്തീരട്ടെ.

ലോകത്തുള്ള കുഴപ്പങ്ങളും ഫസാദുകളും ദൂരീകരിക്കാനായി വന്ന പ്രവാചകന്റെ അനുയായികളാണ് നാം. ആ പ്രവചകൻ ലോകത്തിന് കാരുണ്യവാനായാണ് വന്നിരിക്കുന്നത്. ആ പ്രവാചകനെക്കുറിച്ച് അല്ലാഹു പറയുന്നത് നിന്നെ നാം ലോകത്തിന് അനുഗ്രഹമായിട്ടല്ലാതെ അയച്ചിട്ടില്ല എന്നാണ്. ലോകത്ത് സത്യത്തെ വിജയിപ്പിച്ചുകൊണ്ട് കുഴപ്പങ്ങളെ അവസാനിപ്പിച്ചുകൊണ്ട് ഈ പ്രവാചകൻ കാരുണ്യവാനായിത്തീർന്നു. അതിനാൽ ഈ സത്യവാനും കാരുണ്യവാനുമായ പ്രവാചകന്റെ ചര്യ പിൻതുടരുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ ആളുകളെയും സത്യസന്ധതയാൽ നമ്മിലേക്ക് ആകൃഷ്ടരാക്കുക. അവർക്ക് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശം എത്തിക്കുക. അന്യരെയും സത്യസന്ധതയുടെ ആയുധംകൊണ്ട് കീഴ്പ്പെടുത്തുക. പിസ്റ്റളും തോക്കും പീരങ്കികളും വെടിയുണ്ടകളും കൊണ്ട് ജീവിതങ്ങളെ നശിപ്പിക്കാനേ കഴിയുകയുള്ളൂ. എന്നാൽ നമ്മുടെ ജീവിതത്തിലൂടെ നാം പ്രകടമാക്കുന്ന സത്യസന്ധത എന്ന ആയുധം ജീവൻ നൽകുന്ന ആയുധമാണ്. ഈ ആയുധം എടുത്ത്കൊണ്ട് ഓരോ അഹ്മദിയും ഇന്ന് പോർക്കളത്തിൽ ഇറങ്ങേണ്ടതാണ്. അല്ലാഹു നമുക്ക് സത്യത്തെ പ്രചരിപ്പിക്കുന്ന ഈ ആത്മീയ ആയുധം കൈയിലെടുത്ത്കൊണ്ട് ലോകത്തുള്ള സദ്പ്രകൃതക്കാരെയും സത്യാന്വേഷികളെയും തേടിപ്പിടിച്ച് പൈശാചികമായ ഒരു ശക്തിക്കും തകർക്കാൻ കഴിയാത്ത സത്യത്തിന്റെ ഉറച്ച മതിൽകെട്ടുകൾ പണിയാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. സത്യത്തിന്റെ ഈ പ്രകാശം തിരുനബി (സ) യുടെ പ്രകാശമാണ്. അത് അല്ലാഹുവിന്റെ പ്രകാശത്തിന്റെ പ്രതിബിംബമാണ്. അത് ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുമാറാകട്ടെ. ഇൻശാ അല്ലാഹ്. ലോകം നബി (സ) യുടെ പതാകക്കുകീഴെ ഒരുമിച്ച് കൂടിക്കൊണ്ട് തൗഹീദിന്റെ ദൃശ്യം കാഴ്ചവെക്കുന്നവരായി മാറട്ടെ. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ■

**വിവ. എം. നാസിർ അഹ്മദ്,**
**കൊടിയത്തൂർ**

ലേഖനം

# സന്യാസമോ ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമോ?

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്



**അല്ലാഹുവിന്റെ പ്രവാചകനായ ഹദ്റത്ത് ബുദ്ധൻ (അ) ന്റെ അദ്ധ്യാപനങ്ങളിൽ നിന്ന് ബുദ്ധമതം വ്യതിചലിക്കുകയും സന്യാസവും പരിവ്രാചകത്വവും ആത്മീയ സാക്ഷാത്കാരത്തിന്റെ മാർഗങ്ങളായി സ്വീകരിക്കുകയും ചെയ്തു.**

**സു**ഖദുഃഖങ്ങളിൽ നിന്നും വ്യാകുലതകളിൽ നിന്നും ആത്മാവിനെ പൂർണമായും മോചിപ്പിക്കാൻ ലോകവിരക്തിയും ലൗകിക ബന്ധങ്ങളുടെ പരിവർജനവുമാണ് ബുദ്ധമതത്തിലെ അന്തിമമായ ഉപാധികൾ. ആത്മാവും ഭൗതിക പ്രലോഭനങ്ങളും തമ്മിലുള്ള സംഘർഷം മനസ്സിലാക്കാൻ ബുദ്ധമതം സന്യാസം സ്വീകരിക്കുന്നു. സഹനവും ദൃഢനിശ്ചയവുമില്ലാത്ത ഒരാൾക്ക് ഈ വെല്ലുവിളി അജയ്യമാണ്. പക്ഷേ ഈ സന്യാസത്തിൽ മാത്രമാണ് ബുദ്ധമതം വാഗ്ദാനം ചെയ്യുന്നതിന്റെ പ്രതീക്ഷകൾ നിലകൊള്ളുന്നത്. ലൗകിക ജീവിതം കെട്ടിപ്പടുക്കുന്ന എല്ലാറ്റിന്റെയും നിരാകരണവും പ്രലോഭനീയമായ എല്ലാറ്റിൽ നിന്നുമുള്ള ജീവിതത്തിന്റെ പിൻവാങ്ങലും മാത്രമാണ് നിർവാണത്തിലേക്കും ശാശ്വത ശാന്തിയിലേക്കുമുള്ള ഏക മാർഗം.

ആയതിനാൽ വികാരങ്ങളുടെ സമ്പൂർണമായ പരിവർജനം കേവല സത്യമായിരിക്കുമെന്ന് ബുദ്ധമതം അവകാശപ്പെടുന്നു. ലൗകിക സമ്പത്തിനും അധികാരത്തിനും മറ്റൊരാളുടെ സ്നേഹം കരസ്ഥമാക്കാൻ പോലുമുള്ള ആർത്തി പൂർത്തീകരിക്കപ്പെടാതെ പോകുമ്പോൾ ഇച്ഛാഭംഗവും ദുഃഖവുമായിരിക്കും ഫലം. അപ്രകാരം വിദ്വേഷം ഒരാളുടെ മനസ്സിന്റെ ശക്തിയെ നശിപ്പിക്കുന്നു. ഈ ശക്തികളെല്ലാം മനുഷ്യന്റെ ആത്മീയശക്തിയെ നശിപ്പിക്കുന്നു. മനുഷ്യന്റെ നൈസർഗിക പ്രകൃതി മാറ്റാൻ കഴിയാത്തിടത്തോളം അവന്റെ ആഗ്രഹങ്ങളെ ഒരിക്കലും പിടിച്ചു നിറുത്തുവാൻ സാധ്യമല്ല എന്ന വസ്തുതയിലേക്കാണ് ഇത് ഊന്നൽ നൽകുന്നത്. ഭൗതിക വസ്തുക്കളുമായുള്ള ബന്ധം വിച്ഛേദിക്കാതെ പൂർണമായും സംതൃപ്തിയോ സായൂജ്യമോ ആർജിക്കുവാൻ സാധ്യമല്ല.

ബുദ്ധമതക്കാരെ സംബന്ധിച്ചിടത്തോളം ആത്യന്തിക മോക്ഷം ലഭിക്കാനുള്ള പരിവർജനത്തിന്റെ സുദീർഘമായ വഴിയിലെ തുടക്കമിതാണ്. ഭൗതികാർഥത്തിൽ ജീവിതം സുഖകരമാക്കുന്നതെല്ലാം ഒരാൾ വർജിക്കേണ്ടതുണ്ട്. പഞ്ചേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട പരിവർജനത്തിന്റെ സമരമാണത്. കണ്ണിന് കാണാനാഗ്രഹിക്കുന്നതിന്റെയും കാതിന് കേൾക്കാനാഗ്രഹിക്കുന്നതിന്റെയും വർജനം, സ്പർശനത്തിന്റെയും രുചിയുടെയും ഗന്ധത്തിന്റെയും വർജനം, മനുഷ്യഹൃദയത്തെ വിക്ഷുബ്ധമാക്കുന്ന എല്ലാറ്റിന്റെയും വർജനം. ഭൗതിക സ്വാധീനത്താൽ അകപ്പെടുകയും അടിമപ്പെടുകയും ചെയ്യുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കിക്കൊണ്ട് അടിമപ്പെടലിന്റെ അപകടത്തിൽ നിന്ന് രക്ഷ തേടേണ്ടതുണ്ട്. ചുരുക്കത്തിൽ ബുദ്ധമതത്തിലെ നിരാകരണത്തിലൂടെയുള്ള ശാന്തി സങ്കല്പം എന്നത് ലളിതമായി പറഞ്ഞാൽ ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടത്തിന്റെ അഥവാ പലായന വാദത്തിന്റെ മറ്റൊരു പേരാണ്.

മനുഷ്യനിലെ പ്രലോഭനങ്ങൾക്കെതിരെ പോരടിച്ച് അതിനെ അതിജയിക്കുകയും ആത്മാവിന്റെ നിയന്ത്രണത്തിൽ അതിനെ കൊണ്ടുവരികയും ചെയ്യേണ്ടതിന് പകരം ലൗകിക ജീവിതവേദിയിൽ നിന്ന് പിൻമാറി ഒഴിഞ്ഞു പോവണമെന്ന് ആത്മാവിനെ ഉപദേശിക്കുകയാണ് ബുദ്ധമതം ചെയ്യുന്നത്. ഒരാളുടെ ആഗ്രഹങ്ങളിൽ നിന്ന് ജനിക്കുന്നതെല്ലാം അയാളുടെ അഹംബോധത്തെ തൃപ്തിപ്പെടുത്താനുള്ളതാണ്. അവ താഴ്ന്നതും ഭൗതികവും ഹീനവും അന്തിമമായി അതേ അഹംബോധത്തിന്റെ ഗുണത്തിനു വേണ്ടി പരിത്യജിക്കേണ്ടതുമാണെന്നാണ് ബുദ്ധമതം പറയുന്നത്. അത്തരത്തിലുള്ള ഒളിച്ചോട്ടത്തിലൂടെ ലഭിക്കുന്ന ശാന്തി മരണത്തിൽ കവിഞ്ഞ മറ്റൊന്നുമല്ല. അതായത് ജീവിതത്തിന്റെ നിഷേധമാണത്.

ശാന്തി എന്നത് രണ്ട് വിധത്തിലുണ്ട്. മരണവും ഒരുവിധത്തിലുള്ള ശാന്തിയായി എണ്ണാവുന്നതാണ്. ശാന്തിക്കും മരണത്തിനുമിടയിൽ ഒരു വിഭജനരേഖ വരക്കുക എന്നത് എളുപ്പമുള്ള പണിയല്ല. ഉദാഹരണത്തിന് പരാജയത്തിന് കീഴടങ്ങി അപമാനത്തോടെ രാജിവെച്ചൊഴിയുന്ന അവസ്ഥയെ ഉദാഹരിക്കാം. വിജയത്തിന്റെ സംതൃപ്തിയും പരാജയത്തിന്റെ ശാന്തതയും ഒരുപോലെയാണെങ്കിലും ധ്രുവങ്ങളുടെ അന്തരമുണ്ട്. ഒന്ന് ജീവിതവും മറ്റൊന്ന് മരണവുമാണ്. മതങ്ങളുടെ തിരിച്ചറിയലും വർഗീകരണവും ചിലപ്പോൾ ഇതോടനുബന്ധിച്ച്

ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കാറുണ്ട്. ഓരോ മതവും ശാന്തിയുടെയും സംതൃപ്തിയുടെയും ഒരേ ആത്യന്തിക ലക്ഷ്യത്തിലേക്ക് ആളുകളെ ക്ഷണിക്കുന്നതായി കാണാറുണ്ട്. എന്നാൽ ചില മതങ്ങൾ മരണത്തിനു മുമ്പിൽ ശാന്തമായി കീഴടങ്ങുന്നതിനേക്കാൾ മഹത്തായ ലക്ഷ്യങ്ങൾക്ക് വേണ്ടി തിന്മക്കെതിരെ വിശുദ്ധ യുദ്ധം നടത്താനാണ് ഇഷ്ടപ്പെടുന്നത്. അത്തരം മതങ്ങൾ ശുദ്ധ ധാർമികതക്കെതിരെയുള്ള ഏതൊരു വെല്ലുവിളിയേയും ധീരമായി നേരിടുകയും അതിനെ പരാജയപ്പെടുത്തുകയും ചെയ്യുന്നു. അതിനെ തുടർന്ന് വരുന്ന ശാന്തതക്കാണ് വാസ്തവത്തിൽ നിർവാണം എന്ന് പറയുന്നത്.

ബുദ്ധമതം അതിന്റെ ജീർണാവസ്ഥയിലായിരുന്നപ്പോൾ ഉള്ളത് പോലെയുള്ള മതങ്ങൾ അതിന്റെ അനുയായികളെ പലായനത്തിന്റെ പറുദീസയിൽ ശാന്തി കണ്ടെത്താൻ ഉപദേശിക്കുന്നു. അവരെ തങ്ങളുടെ നൈസർഗികമായ ആഗ്രഹങ്ങളിലേക്ക് വശീകരിക്കുന്ന എല്ലാ പ്രലോഭനങ്ങളിൽ നിന്നുമുള്ള ഒളിച്ചോട്ടമാണ് അത് പഠിപ്പിക്കുന്നത്. ഒരു ബുദ്ധമതസ്ഥൻ തന്റെ അന്തരാത്മാവിന്റെ സുരക്ഷിതമായ സ്ഥാനത്തക്ക് ഉൾവലിയുന്നു. ശൂന്യത എന്നൊക്കെ അവ്യക്തമായി വിശേഷിപ്പിക്കപ്പെടുന്ന ഒരവസ്ഥയാണത്. എന്നാൽ, മറ്റുള്ളവർക്ക് അന്തമായതും സത്തയില്ലാത്ത ഉൺമയുടെ ഗുണം ആവഹിക്കുന്നതുമായ എന്തോ ഒന്നിലേക്കുള്ള ഉൾവലിയലാണത്. അവർ ദൈവത്തെകുറിച്ചാണോ സംസാരിക്കുന്നത്? ആരും അദ്ഭുതപ്പെട്ടു പോകും. എന്നാൽ, അഭിപ്രായങ്ങൾ വ്യത്യസ്തമാണ്. അധികപേരും വിശ്വസിക്കുന്നത് ആ അവസ്ഥയിൽ എത്തിയ ഒരാൾക്ക് മാത്രമേ അത് തിരിച്ചറിയാൻ സാധിക്കൂ എന്നാണ്. അത് ദൈവത്തിലേക്കുള്ള ആത്യന്തികമായ മടക്കമാകുന്നില്ലെങ്കിൽ മിക്ക ബുദ്ധമത പണ്ഡിതന്മാർക്കും ദൈവത്തിന്റെ ഏത് രൂപത്തിലുള്ള അസ്തിത്വവും അംഗീകരിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കേണ്ടി വരും. അപ്പോൾ പിന്നെ ഈ ശൂന്യതയുടെ യഥാർഥ നിർവചനം തികഞ്ഞ നാശവും സമ്പൂർണ മരണവുമാണ്.

ചുരുക്കത്തിൽ പരമമായ ശാന്തിയും നിർവാണവും ലഭിക്കാൻ വേണ്ടി മനുഷ്യജീവിതത്തെ കരുപ്പിടിപ്പിക്കുന്ന അഞ്ച് ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട എല്ലാ സ്വാഭാവിക ആഗ്രഹങ്ങളെയും നിരാകരിക്കുകയാണ് വേണ്ടത്. തീർച്ചയായും എല്ലാ ബുദ്ധമതാനുയായികൾക്കും ഒരിക്കലും ഒരേ സമയം എത്തിച്ചേരാൻ കഴിയാത്ത ഒരു ലക്ഷ്യമാണത്. എങ്കിലും ഓരോ സത്യസന്ധനായ അനുയായിയും അത് ലഭിക്കാൻ വേണ്ടി സർവനാശത്തിന്റെ ചെങ്കുത്തിലേക്ക് അടിവെച്ചടിവെച്ച് തങ്ങളുടെ പ്രയാണം തുടരേണ്ടതുണ്ട്.

ഈ വസ്തുത ഒന്നുകൂടി വിശദീകരിക്കാനും ഈയൊരു പ്രത്യേക കാര്യം വായനക്കാരന് മനസ്സിലാവാനും വേണ്ടി കശ്മീരിലെ ഒരു യാചകന്റെ കഥ വിവരിക്കുന്നത് ഉചിതമായിരിക്കും. കശ്മീരിൽ ഒരു യാചകനുണ്ടായിരുന്നു. അദ്ദേഹം പകുതി സൂഫിയും പകുതി യാചകനുമായിരുന്നു. ജീവിതത്തിൽ വളരെ അത്യാവശ്യകാര്യങ്ങൾക്ക് വേണ്ടി മാത്രമേ അദ്ദേഹം ഭിക്ഷ ചോദിച്ചിരുന്നുള്ളൂ. അതിനപ്പുറം അദ്ദേഹം യാചിച്ചില്ല. ചിലപ്പോൾ അദ്ദേഹം ധ്യാനത്തിലും ആരാധനയിലും മുഴുകി എന്തിനോ വേണ്ടി ആത്മാമ്പേഷണം നടത്താറുണ്ടായിരുന്നു. ഒരിക്കൽ ഒരു സിദ്ധൻ ആ യാചകനുമായി കണ്ടുമുട്ടുകയും അദ്ദേഹം പഴയ ആളെ പോലെയല്ല എന്ന് പെട്ടെന്ന് തിരിച്ചറിയുകയും ചെയ്തു. കാരണം യാചകൻ സന്തോഷത്താൽ തുള്ളിച്ചാടുകയും ആത്മഹർഷത്താൽ നൃത്തം ചവിട്ടുകയും ചെയ്യുന്നുണ്ടായിരുന്നു.

സിദ്ധൻ നൃത്തം ചവിട്ടുന്ന യാചകനോട് ചോദിച്ചു: 'ബാബാ എന്താണ് ഈ വമ്പിച്ച മാറ്റത്തിന് കാരണം? നിങ്ങളിൽ ആ പഴയ ദാരിദ്ര്യത്തിന്റെ വിവശതയൊന്നും കാണുന്നില്ലല്ലോ. എന്താണ് നിങ്ങൾ നേടിയത്? താങ്കൾക്ക് വല്ല നിധിയും ലഭിച്ചുവോ?

'അതെ' എന്നായിരുന്നു യാചകന്റെ ഉത്തരം. 'വിലമതിക്കാനാവാത്ത അമൂല്യമായൊരു നിധി'! ഒരാൾക്ക് അയാളുടെ എല്ലാ ആഗ്രഹങ്ങളും സഫലമായാൽ എങ്ങനെ അയാൾ ഹർഷപുളകിതനാകാതിരിക്കും?

ഈ ഉത്തരം കേട്ടപ്പോൾ യാചകനോടു സിദ്ധൻ ചോദിച്ചു: 'ശിരസ് മുതൽ പാദം വരെ ചേറിൽ പുരണ്ട് മുഷിഞ്ഞ വസ്ത്രവും കീറപ്പുതപ്പുമാണല്ലോ താങ്കൾ ധരിച്ചിരിക്കുന്നത്. അപ്പോൾ എങ്ങനെയാണ് താങ്കളുടെ എല്ലാ ആഗ്രഹങ്ങളും സഫലങ്ങളായി എന്നു പറയാൻ സാധിക്കുന്നത്?

സിദ്ധനോട് നിഷേധഭാവത്തിൽ കൈ ചലിപ്പിച്ചുകൊണ്ട് യാചകൻ അഗാധമായ ജ്ഞാന ദൃഷ്ടിയോടെ നോക്കിക്കൊണ്ട് പറഞ്ഞു: 'ഓർക്കുക, ഒരാൾക്ക് ആഗ്രഹങ്ങളൊന്നുമില്ലാതിരിക്കുമ്പോൾ മാത്രമാണ് അയാളുടെ ആഗ്രഹങ്ങളെല്ലാം നിറവേറ്റപ്പെടുന്നത്. അത്തരത്തിലുള്ള എന്റെ മഹത്തായൊരു മോക്ഷത്തിന്റെ സന്ദർഭമാണിത്. താങ്കൾ ദൂരെപ്പോകുക, എന്നെ നൃത്തം ചെയ്യാനനുവദിക്കുക.'

മനോഹരമായ ഈ ഉത്തരം സിദ്ധനെ അമ്പരപ്പിച്ചുകളഞ്ഞു. പക്ഷേ, ഒരിക്കൽ കൂടി ആ ഉത്തരം അവലോകനം ചെയ്തുകൊണ്ട് അത് മനോഹരമാണ് എന്നും അപ്രകാരം തന്നെ അത് ശൂന്യമാണെന്നും അംഗീകരിക്കേണ്ടി വരും. അയാളുടെ വ്യക്തിപരമായ പരിമിതമായ ലോകത്ത് യാതൊരു മാറ്റവും സംഭവിച്ചിട്ടില്ലായിരുന്നു. ചുറ്റുമുള്ള ലോകം അതേ ദുഖവും വേദനയും യാതനയും കഷ്ടാനുഭവങ്ങളും നിറഞ്ഞ ലോകം തന്നെ. ചുറ്റുമുള്ള ലോകം പഴയത് പോലെ മർദനത്തിന്റെയും പീഡനത്തിന്റെയും സ്വേച്ഛാധിപത്യത്തിന്റെതുമാണ്. പഴയത് പോലെ തന്നെ അയാൾക്ക് ജീവിക്കാൻ ഭക്ഷണവും വെള്ളവും വായുവും ഇപ്പോഴും അനുപേക്ഷണീയങ്ങളായ ആവശ്യങ്ങളാണ്. ആഗ്രഹങ്ങളിൽ നിന്ന് ഒരാൾക്ക് മോചനം നേടാം. എന്നാൽ ആവശ്യങ്ങളിൽ നിന്ന് മോചനം നേടാൻ സാധ്യമല്ല.

എന്തൊരു മാറ്റം വരുത്തിയാലും ആ മാറ്റം അയാളിൽ മാത്രം സംഭവിക്കുന്നതായിരുന്നു. പക്ഷേ, ആ മാറ്റങ്ങൾ എക്കാലത്തും നിലനിൽക്കുമെന്ന് ആർക്കറിയാം. ഒരുപക്ഷേ അത് ഒരു നിമിഷ നേരത്തേക്കുള്ള വിജയമായിരിക്കും. ഒരു പക്ഷേ ഒരു തണുപ്പുള്ള രാത്രിയിൽ അദ്ദേഹത്തിന്റെ ആഗ്രഹം തനിക്കു ചുറ്റും അൽപം ചൂടോ കുറച്ച് വസ്ത്രമോ ഒരു അഭയ കേന്ദ്രമോ ഒരു നെരിപ്പോടിൽ നിന്നുള്ള ചൂടോ ആയിരുന്നേക്കും. ഒരു പക്ഷേ ഒരാൾക്ക് രോഗം വന്നാൽ അയാൾ രോഗശമനം വരുത്തുന്ന ഒരാളെ ആഗ്രഹിക്കുകയും അയാൾക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യും. ജീവിതത്തിന്റെ കഠിന യാഥാർഥ്യങ്ങളുടെ വെല്ലുവിളികളെ എങ്ങനെയാണ് അയാൾക്ക് കീഴടക്കുവാൻ സാധിക്കുക? അതിനുത്തരം ബുദ്ധ സന്യാസിക്ക് മാത്രമേ അറിയൂ. ആഗ്രഹങ്ങളെ കീഴടക്കി എന്നത് ആത്മനിഷ്ഠാപരമായ ഒരു തോന്നൽ എന്നതിൽ കവിഞ്ഞ് മറ്റൊന്നുമല്ല. വാസ്തവത്തിൽ നിസ്സഹായാവസ്ഥയിലേക്കുള്ള സമ്പൂർണമായ കീഴ്പ്പെടലാണത്. അതിനെ നിങ്ങൾക്ക് ശാന്തിയെന്നോ മരണമെന്നോ വിളിക്കാം. എന്ത് പേരിട്ട് അതിനെ വിളിച്ചാലും യഥാർഥ നിർവാണമെന്ന് അതിനെ വിളിക്കാൻ സാധ്യമല്ല.

ജീവിതവുമായി ബന്ധപ്പെട്ടതിന്റെയും അതിന് സഹായകമായതിന്റെയുമെല്ലാം നിഷേധത്തിലൂടെ സമാധാനം അന്വേഷിക്കുന്നത് ഇന്ത്യയിലെ രണ്ട് മുഖ്യമതങ്ങളായ ഹിന്ദുമതത്തിലും ബുദ്ധമതത്തിലുമാണ് കണ്ടു വരുന്നത്. ഇത് അതിജീവന സമരത്തിന്റെ അസ്തിത്വത്തേയും അർഹതയുള്ളതിന്റെ അതിജീവന സമരത്തിന്റെയും നിഷേധത്തിനു തുല്യമാണ്. മനുഷ്യന്റെ സമാധാനാന്വേഷണത്തിൽ ഇത് ആരോപിക്കുമ്പോൾ ഇതിനർഥം കീഴടങ്ങൽ എന്നോ പരാജയത്തിന്റെ ഏറ്റുവാങ്ങൽ എന്നോ മാത്രമായിരിക്കും.

ഇവിടെ നാം ഹിന്ദുമതത്തിന്റെയോ ബുദ്ധമതത്തിന്റെയോ സ്ഥാപകരുടെ അധ്യാപനങ്ങൾ ചർച്ച ചെയ്തിട്ടില്ല. നാം പരിശോധിച്ചത് ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷം ജീർണപ്രായമായ അവയുടെ തത്ത്വശാസ്ത്രത്തെയാണ്. അവ രണ്ടും അവയുടെ ദിവ്യമായ ഉറവിടങ്ങളിൽ നിന്ന് വളരെ വിദൂരപ്പെട്ടു പോയിരിക്കുന്നു. മിസ്റ്റിസിസത്തിലേക്കും സൂഫിസത്തിലേക്കും ഗതിമാറിയ ലോകത്തിലെ പ്രബലങ്ങളായ മറ്റു മതങ്ങളുടെ വഴി തന്നെയാണ് അവരും പിന്തുടർന്നത്. മുൻപറഞ്ഞ മിസ്റ്റിക്കുകളും സൂഫികളും ഒരിക്കലും ദൈവവിശ്വാസവുമായുള്ള ബന്ധം വിച്ഛേദിച്ചിട്ടില്ല. പകരം ദൈവികമതങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെ ആത്മനിഷ്ഠാപരമായ അവരുടെ ആത്മീയ അനുഭവമേഖലകൾ അവർ കണ്ടെത്തുകയായിരുന്നു. ആ ആത്മീയാനുഭവങ്ങൾ ദൈവിക വെളിപാടിനേക്കാൾ അവരുടെ ഉള്ളിൽ നിന്നു തന്നെയുള്ള അന്തഃപ്രചോദനാനുഭവങ്ങളായിരുന്നു.

ഹിന്ദുമതത്തിലേയും ബുദ്ധമതത്തിലേയും യോഗതത്ത്വശാസ്ത്രങ്ങൾ ആ മതങ്ങളുടെ മൂലപ്രമാണങ്ങളിലെ യാതൊരു അടയാളവും കാണാത്ത വിധം അവയുടെ പാരമ്പര്യ അധ്യാപനങ്ങളിൽ നിന്ന് പൂർണമായും വിച്ഛേദിക്കപ്പെട്ടു. വെളിപാടുകളായിരുന്നു ബുദ്ധന്റെ പരമമായ ആത്മീയസ്രോതസ്സ്. പിൽക്കാലത്ത് അത് വെളിപാടുകളിൽ നിന്ന് സ്വാത്മപ്രചോദനങ്ങളിലേക്കും ധ്യാനത്തിലേക്കും, മനനത്തിലേക്കും വഴിമാറി. ബുദ്ധമതം തുടക്കത്തിൽ ഹിന്ദുമതത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. പിന്നീട് വിചിത്രമാർഗേണ യോഗവിദ്യയുടെ ദർശനത്തിലൂടെയും ആചരണത്തിലൂടെയും രണ്ടു മതങ്ങളും ഒന്നിച്ചു ചേരുകയാണുണ്ടായത്.

യോഗവിദ്യയുടെ ആദ്യത്തെ അധ്യാപനങ്ങൾ തന്ത്രവിദ്യയുടെ മതരേഖകളിൽ മാത്രമായിരുന്നു കാണപ്പെട്ടത്. ഈ മതരേഖകൾ ബുദ്ധന്(അ) ശേഷം അഞ്ഞൂറു വർഷങ്ങൾ കഴിഞ്ഞ ശേഷമാണ് സമാഹരിക്കപ്പെട്ടത്. ബുദ്ധമതശ്രേണിയിലെ അത്യുന്നതരായ ചിലർക്ക് മാത്രമേ ഈ മതരേഖകൾ കാണാൻ അനുവാദമുണ്ടായിരുന്നുള്ളൂ. സാധാരണ ജനങ്ങളിൽ നിന്ന് അത് വളരെ രഹസ്യമായിട്ടാണ് സൂക്ഷിച്ചിരുന്നത്. തന്ത്രവിദ്യയുടെ രഹസ്യസ്വഭാവത്തിന് ഇരട്ടി തവണ ഉറപ്പ് വരുത്തുവാൻ ഇത് നിഗൂഢഭാഷയിൽ രഹസ്യ സാങ്കേതിക പദങ്ങളുപയോഗിച്ചാണ് എഴുതിയിരുന്നത്. സാധാരണക്കാർക്ക് ഒരിക്കലും അത് വായിക്കാൻ സാധ്യമല്ലായിരുന്നു. വളരെ കാലങ്ങൾക്ക് ശേഷമാണ് താന്ത്രിക ഗ്രന്ഥങ്ങളുടെ ഉള്ളടക്കം പണ്ഡിതന്മാർക്ക് പ്രാപ്യമായത്. പവിത്ര ഗ്രന്ഥങ്ങൾ എന്ന് വിളിക്കപ്പെടുന്ന ഈ ഗ്രന്ഥങ്ങൾ പണ്ഡിതന്മാർ കണ്ടപ്പോൾ അവർ ഞെട്ടിത്തരിച്ചുപോയി. അവ അങ്ങേയറ്റം അധാർമികവും അസാന്മാർഗികവുമായിരുന്നു. അതിൽ പിശാചിനെ കുറിച്ചും പേടിപ്പെടുത്തുന്ന ദുർഭൂതങ്ങളെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. അത് മുഴുവനും മനുഷ്യന്റെ സാമാന്യബോധത്തെ അമ്പരപ്പിക്കുന്ന രീതിയിൽ ലൈംഗിക വികാരങ്ങളെക്കുറിച്ചും അശ്ലീലതയെക്കുറിച്ചും ജുഗുപ്സാവഹമായ രീതിയിൽ എഴുതിയിരിക്കുന്നു. തന്ത്രവിദ്യയിലെ യോഗികളുടെ അറപ്പുളവാക്കുന്ന അധ്യാപനങ്ങളിലുള്ളത് പോലെ ഒരൊറ്റ പദവും ബുദ്ധന്റെ (അ) വിശുദ്ധ വചനങ്ങളിൽ കാണുവാൻ സാധ്യമല്ല.

ഒരുപക്ഷേ ഈ പൈശാചികമായ അസംബന്ധങ്ങളും ലൈംഗിക ആഭാസങ്ങളും പ്രതീകങ്ങളും അലങ്കാരോക്തികളായിരിക്കും. ഒരുപക്ഷേ അത്തരത്തിലുള്ള ഗൂഢാത്മക ഭാഷയിലെ രഹസ്യം ജീവിച്ചിരിക്കുന്ന യോഗികൾക്ക് അറിയാത്തതുമായിരിക്കും. അല്ലെങ്കിൽ രണ്ടായിരം വർഷങ്ങൾക്ക് മുമ്പേയുള്ള ബുദ്ധമത പൗരോഹിത്യ സമൂഹം കണ്ടുപിടിച്ചതും അവർക്ക് മാത്രമറിയുന്നതുമായ സാങ്കേതിക ഭാഷയുമായിരിക്കാമിത്. പക്ഷേ, അവരെല്ലാം വളരെ മുമ്പേ മരിച്ചു കഴിഞ്ഞു. തന്ത്രവിദ്യയുടെ കാലഘട്ടവും അവരോടൊപ്പം തിരോഭവിച്ചു. എന്തായിരുന്നാലും തന്ത്രവിദ്യയിലെ നിഗൂഢാത്മകമായ യോഗവിദ്യ അതിജീവിക്കുകയുണ്ടായി. ഇക്കാലത്തും തന്ത്രത്തിലെ യോഗവിദ്യയുടെ സൂക്ഷ്മമായ ശാസ്ത്രം തിരിച്ചറിഞ്ഞ് അത് പ്രയോജനപ്പെടുത്തുന്ന പണ്ഡിതന്മാരുണ്ട്.

യോഗവിദ്യ ഹിന്ദുമതത്തിൽ മനസ്സിലാക്കപ്പെടുകയും ആചരിക്കുകയും ചെയ്യുന്നത് പോലെ ബുദ്ധമതത്തിലും മനസ്സിലാക്കപ്പെടുകയും ആചരിക്കപ്പെടുകയും ചെയ്യുന്നു. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം വ്യക്തമായി പറയുക സാധ്യമല്ല. ഇവ തമ്മിൽ എന്തെങ്കിലും നിസ്സാരമായ വ്യത്യാസങ്ങളുണ്ടെങ്കിൽ തന്നെ അവ നാമമാത്രമായിരിക്കും. അവരെ ഹിന്ദു സന്യാസിയെന്നോ ബുദ്ധഭിക്ഷുവെന്നോ വിളിച്ചാലും ദൈവപ്രീതിക്ക് വേണ്ടി ലൗകിക കാര്യങ്ങളിൽ നിന്ന് വിരക്തനാവുക എന്നതിന് രണ്ടു കൂട്ടർക്കും വ്യത്യാസമൊന്നുമില്ല. അവർക്ക് എന്ത് നാമങ്ങൾ നൽകിയാലും അത് ഒരേ അർഥമാണ് ഉൾക്കൊള്ളുന്നത്. അവരുടെ ദിവ്യമായ വ്യക്തിത്വത്തിൽ അത് അണുമണിതൂക്കം വ്യത്യാസം ഉണ്ടാക്കുന്നില്ല. അവർ കണ്ടെത്തിയതും ജ്ഞാനപ്രബുദ്ധമെന്ന് കണക്കാക്കുന്നതുമായ അവരുടെ അന്തർമണ്ഡലത്തിലെ അനുഭവങ്ങൾ ഒരിക്കലും ലോകത്തിന്റെ മുഖഛായ മാറ്റി മറിക്കില്ല. ഇത്തരത്തിൽപ്പെട്ട വ്യക്തികളായി ശ്രീകൃഷ്ണനേയും (അ) ബുദ്ധനേയും (അ) കണക്കാക്കുക എന്നത് അവരുടെ ബഹുമതിക്ക് അപമാനകരമാണ്. അവർ മറ്റു പ്രവാചകന്മാരെ പോലെ ദൈവത്തിന്റെ പക്കൽ നിന്നുള്ള വിപ്ലവകാരികളാണ്. അവരുടെ ധാർമികവും ആത്മീയവുമായ വിപ്ലവത്തിന്റെ ദർശനങ്ങൾ വെളിപാടുകളുടെ ദിവ്യസ്രോതസ്സിൽ നിന്നുള്ളതാണ്. തിന്മക്കും അസത്യത്തിനുമെതിരെ പോരാടാൻ അവർ ആഹ്വാനം ചെയ്തു. അവർ തങ്ങളുടെ ജീവിതത്തിൽ മുഴക്കിയ സമരത്തിന്റെ ശംഖൊലി ആത്മനിഷ്ഠാപരമായിരുന്നില്ല. അത് ബാഹ്യ ലോകത്ത് സംഭവിച്ചതായിരുന്നു. ഇരുട്ടിന്റെ ശക്തികളുമായി നടത്തിയ ഒരു തുറന്ന വിശുദ്ധ യുദ്ധമായിരുന്നു അത്. അർഹതയുള്ളതിന്റെ അതിജീവനസമരമായിരുന്നു തുടർന്ന് സംഭവിച്ചത്. ശ്രീകൃഷ്ണ(അ)ന്റേയും ബുദ്ധ(അ)ന്റേയും ജീവിത കഥ വ്യക്തമായും ഈ രീതിയിലുള്ള ഒരു ചിത്രമാണ് വരച്ചുകാട്ടുന്നത്. അവർ സമരയോദ്ധാക്കളായിരുന്നു. ജീവിതത്തിൽ നിന്ന് ഒളിച്ചോടിയ ആത്മഹന്താക്കളായിരുന്നില്ല. അവരുടെ വിശ്വാസം വെളിപാടുകളിൽ നിന്ന് ഉദ്ഭൂതമായതാണ്. അവരുടെ അധ്യാപനങ്ങൾ പ്രചോദനാത്മകങ്ങളായിരുന്നു. പക്ഷേ, ആ അധ്യാപനങ്ങൾ ഒരിക്കലും

# ആരാണ് ദജ്ജാൽ ?



ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ)

മുസ്‌ലിംകൾ വളരെയേറെ തെറ്റിദ്ധരിച്ച ദജ്ജാലിന്റെ യഥാർഥ അർഥവും വിവക്ഷയും വിവരിക്കുന്നു.

ദജ്ജാൽ എന്നപദം കച്ചവട ചരക്കുകൾ വഹിച്ചുക്കൊണ്ട് സഞ്ചരിക്കുന്ന ജനക്കൂട്ടത്തിന് ഉപയോഗിക്കുന്ന പദമാണ്. വിശ്വാസയോഗ്യവും സുപ്രസിദ്ധവുമായ 'താജുൽ ഉറൂസ് ' എന്ന അറബി നിഘണ്ടുവിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ അർഥത്തെ മുൻനിർത്തി നോക്കുമ്പോൾ ദജ്ജാൽ, തങ്ങളുടെ കച്ചവട ചരക്കുകൾ പേറിക്കൊണ്ടു ലോകം മുഴുവൻ സഞ്ചരിക്കുന്ന വമ്പിച്ചൊരു ജനസമൂഹമാണെന്നു മനസ്സിലാകുന്നതാണ്. അവരുടെ തൊഴിൽ കച്ചവടമായിരിക്കും. അവർ വലിയ പണക്കാരായിരിക്കും. ലോകം മുഴുവൻ അവർ സഞ്ചാരം കൊണ്ടുതരണം ചെയ്യും. ഒരു സ്ഥലവും അവർ പ്രാപിക്കാത്തതായി ബാക്കിയാക്കുകയില്ല. മതപരമായി ഭയങ്കരായ കള്ളവിശ്വാസത്തിൽ അടിയുറച്ചവരായിരിക്കുകയും ചെയ്യും.

ഇനി, താഴെ കാണുന്ന വിവരണത്തെയും മുകളിൽ ചേർത്ത ഹദീസുകളിലെ വിവരണത്തെയും ഒന്നു സംയോജിപ്പിച്ചു നോക്കുക. അപ്പോൾ ദജ്ജാൽ കൊണ്ടുദ്ദേശിക്കപ്പെട്ടതു ഇക്കാലത്ത് മുഴുവനും പരന്നിട്ടുള്ള, പശ്ചിമ രാജ്യങ്ങളിലെ ക്രൈസ്തവ ജനതയാണെന്ന് മനസ്സിലാക്കാൻ കഴിയും. മുകളിൽ പറഞ്ഞ എല്ലാ ലക്ഷണങ്ങളും പ്രത്യക്ഷമായി അവരിൽ തെളിഞ്ഞു കാണുന്നുണ്ട്. ഒറ്റക്കണ്ണനായിരിക്കുമെന്നതിന്റെ സൂചന അവരുടെ ഭൗതികത്വമാണ് . അതായത് അദ്ധ്യാത്മികതയുടെ കണ്ണ് മൂടപ്പെട്ടിരിക്കുകയും ലൗകികതയുടെ കണ്ണ് നല്ലത്പോലെ തുറന്നിരിക്കുകയും ചെയ്യും. അവരുടെ രണ്ടു കണ്ണുകൾക്കിടയിൽ 'കാഫിർ' എന്ന് എഴുതിയിരിക്കുന്നതിന്റെ സാരം എഴുത്തറിയുന്നവരും അല്ലാത്തവരുമായ എല്ലാ സത്യവിശ്വാസികൾക്കും അറിയാൻ കഴിയുന്ന തെറ്റായ വിശ്വാസം അതായത് ഈസാ നബി ദൈവമാണെന്ന വിശ്വാസം അവരുടെ പ്രധാന ലക്ഷണമായിരിക്കുമെന്നതാണ്. ആകാശ ഭൂമികളിൽ സ്വാധീനം ചെലുത്തുക, ഭൂമിയിൽ നിന്ന് നിക്ഷേപം പുറത്തെടുക്കുക, മരിപ്പിക്കുക, ജീവിപ്പിക്കുക മുതലായ ലക്ഷണങ്ങൾ അവരുടെ ശാസ്ത്ര വിജ്ഞാനത്തിന്റെയും കണ്ടുപിടുത്തങ്ങളുടെയും ശക്തിയേയും രാഷ്ട്രീയ സാമ്പത്തിക മേധാവിത്വത്തേയുമാണ് സൂചിപ്പിക്കുന്നത്. അങ്ങനെയെങ്കിൽ ഈ കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ അധികാരത്തിൽ പെട്ടവയാണ്. അവയെ സൃഷ്ടികളുമായി ബന്ധപ്പെടുത്തുന്നത് ദൈവദൂഷണമാകുന്നു. ദജ്ജാലോടുകൂടി സ്വർഗ നരകങ്ങൾ ഉണ്ടായിരിക്കുമെന്ന് പറഞ്ഞതിന്റെ അർഥം ഏതൊരുവൻ അവരോടുകൂടി ചേരുകയും അവരുടെ കല്പ്പന അനുസരിക്കുകയും അവരുടെ മതം വിശ്വസിക്കുകയും ചെയ്യുന്നുവോ അവന്

---

സ്വാത്മപ്രചോദനത്തിൽ നിന്ന് ഉദ്ഭവിച്ചതല്ല.

ഇക്കാലത്തെ ബുദ്ധമതസ്ഥരിൽ ബഹുഭൂരിപക്ഷവും മതമെന്നാൽ ബുദ്ധൻ(അ) ധ്യാനത്തിലൂടെ കണ്ടെത്തിയ ജ്ഞാനം അഥവാ 'ബുദ്ധി' യാണെന്ന് കരുതുന്നു. അവരുടെ ദർശനങ്ങൾ മുഴുവനും ബുദ്ധന്(അ) ഉണ്ടായ ആത്മപ്രചോദനങ്ങളാണെന്നാണ് അവർ വാദിക്കുന്നത്.

ദൈവത്തിൽ വിശ്വസിക്കുന്ന ഒരാളുടെ വീക്ഷണകോണിലൂടെ നോക്കുമ്പോൾ അന്തഃപ്രചോദനം എന്നത് താൻ ആത്മീയമായി ഉയർന്നു എന്നു തോന്നുന്ന ഒരു മനഃശാസ്ത്ര പ്രതിഭാസമല്ലാതെ മറ്റൊന്നുമല്ല. ഈ തോന്നലുണ്ടാകുന്ന ഉത്തേജിതാവസ്ഥയിൽ പരമമായ ശാന്തിയുടെ അക്ഷുബ്ധത അനുഭവപ്പെടുന്നു. ഹർഷോന്മാദത്തിന്റെ ഈ അവസ്ഥയിൽ നിന്ന് സാധാരണ ജീവിതത്തിലേക്ക് തിരിച്ചെത്തുമ്പോൾ ജീവിത ലക്ഷ്യത്തിനുതകുന്ന, അതായത് മനുഷ്യവംശം എത്തിച്ചേരാൻ കൊതിക്കുന്ന എന്തോ ഒന്നു ലഭിച്ചു എന്ന പ്രതീതിയുണ്ടാകുന്നു.

ഈ മനഃശാസ്ത്രപരമായ അനുഭൂതിയെയാണ് അവർ ആദ്ധ്യാത്മിക പ്രബുദ്ധതയായും ഭൗതിക ബന്ധങ്ങളിൽ നിന്നുള്ള മോചനമായും കരുതി അഹങ്കരിക്കുന്നത്. അങ്ങനെയുള്ള അനുഭൂതികളിൽ മികച്ച ഒന്നിനു പോലും പാപികളായ മനുഷ്യരിൽ എന്തെങ്കിലും വസ്തുനിഷ്ഠാപരമായ മാറ്റങ്ങൾ വരുത്തുവാൻ സാധ്യമല്ല. അദൃശ്യലോകത്ത് നിന്ന് ഒരു മാത്ര പോലും ദൃശ്യലോകത്തിലേക്ക് മാറ്റുവാൻ അവരെക്കൊണ്ടാവില്ല. അതിന് ഇരുട്ടിനെ വെളിച്ചമാക്കി മാറ്റുവാൻ സാധ്യമല്ല. ചരിത്രത്തിൽ കുഴിച്ചു മൂടിയ ഒരു അജ്ഞാതസംഭവവും അന്തഃപ്രചോദനം വീണ്ടെടുത്തിട്ടില്ല. വരാനിരിക്കുന്ന സംഭവങ്ങളിലേക്ക് ദൃഷ്ടിപായിക്കാൻ അതിനാവില്ല.

സ്വയം നിരാകരണത്തിന്റെ തത്ത്വശാസ്ത്രം പിന്തുർന്നാൽ അതിന്റെ അനിവാര്യമായ പരിണിതഫലം മനുഷ്യസമൂഹത്തിന്റെ നാശമായിരിക്കും. ദിവ്യജ്ഞാനത്താൽ പ്രബുദ്ധനായ ബുദ്ധ (അ)ന്റെ ജ്ഞാനം അന്തഃപ്രചോദനാത്മകമാണ് എന്ന മുരട്ടുവാദത്തിൽ ആരോപിക്കുകയാണെങ്കിൽ ബുദ്ധ (അ) നിൽ അത് യാതൊരു ആദരവും ജനിപ്പിക്കുന്നില്ല. ബുദ്ധൻ (അ) ദിവ്യവെളിപാടുകൾ എന്ന പാനപാത്രത്തിൽ നിന്ന് അത്യഗാധമായി പാനം ചെയ്ത് അമരത്വപദം പൂകുകയാണുണ്ടായത്. അത് അന്തഃപ്രചോദനത്തിൽ നിന്നുള്ള ജ്ഞാനമായിരുന്നില്ല.

ബാഹ്യമായി ഒരു സ്വർഗം ലഭിക്കുകയും ഏതൊരുവൻ അവരുടെ ദുർബോധനത്തിൽ നിന്നും തെറ്റായ വിശ്വാസത്തിൽ നിന്നും അകന്ന് നിൽക്കുന്നുവോ അവന് ബാഹ്യമായി ഒരു നരകയാതന അനുഭവിക്കേണ്ടിവരുകയും ചെയ്യുമെന്നാണ്. എന്നാൽ യഥാർഥത്തിൽ ആ സ്വർഗം നരകവും ആ നരകം സ്വർഗവുമായിരിക്കും. അവരോടൊന്നിച്ച് അപ്പത്തിന്റെ മലയും വെള്ളത്തിന്റെ തോടും ഉണ്ടായിരിക്കുമെന്നതിന്റെ അർഥം ഒരു വ്യാഖ്യാനം ആവശ്യമില്ലാത്തവിധം വ്യക്തമാണ്. മേൽ പറഞ്ഞലക്ഷണമെല്ലാം പാശ്ചാത്യജനങ്ങളിൽ എത്ര വ്യക്തമായി കാണപ്പെട്ടുവെന്ന് നോക്കുക. അവസാന കാലത്ത് ദജ്ജാൽ പുറപ്പെടുമെന്ന് പറഞ്ഞത്കൊണ്ട് മനസ്സിലാകുന്നത് അവൻ മുമ്പുള്ളവനാണെന്നാണ്. ചില ഹദീസുകൾ ഈ സംഗതി സൂചിപ്പിക്കുന്നുണ്ട്. എന്നാൽ മുമ്പ് അവൻ അവന്റെ രാജ്യത്ത് ബന്ധനസ്ഥനായിരുന്നുവെങ്കിൽ ഖിയാമത്തിനടുത്ത് പ്രതാപത്തോടുകൂടി പുറത്തുവരികയും മുഴുവൻ ലോകത്തും പരക്കുകയും ചെയ്യും. അത് അങ്ങനെതന്നെ സംഭവിച്ചു. പാശ്ചാത്യർ മുമ്പ് അവരുടെ രാജ്യങ്ങളിൽ ഉറങ്ങിക്കിടക്കുകയായുരുന്നു. എന്നാൽ ഇന്ന് ഉണർന്നു ഭൂമുഖം മുഴുവനും പരന്നിരിക്കുകയാണ്.

നബി തിരുമേനി(സ) ദജ്ജാലിനെ ഒറ്റ വ്യക്തിയുടെ രൂപത്തിൽ കണ്ടസ്ഥിതിക്ക് അവൻ എങ്ങനെയാണ് ഒരു ജനസമൂഹമായി തീരുന്നതെന്ന സംശയം അർഥരഹിതമാണ്. എന്തെന്നാൽ നബി തിരുമേനി(സ) ആ കാഴ്ച കണ്ടത് ആദ്ധ്യാത്മിക ദർശനത്തിലായിരുന്നു. അതിനെപ്പറ്റി ബുഖാരിയിൽ പറയുന്നത് ഇപ്രകാരമാണ്.

''ഞാൻ ഉറങ്ങിക്കൊണ്ടിരിക്കെ കഅ്ബ പ്രദക്ഷിണം ചെയ്യുന്നതായി ക്കണ്ടു.'' സ്വപ്നങ്ങൾ പലപ്പോഴും വ്യാഖ്യാന വിധേയമാണെന്ന സംഗതി സർവരാലും സമ്മതിക്കപ്പെട്ടതാണ്. സ്വപ്നത്തിൽ പലപ്പോഴും വ്യക്തി സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നതാണ്. ഉദാഹരണമായി ഈജിപ്തിലെ അസീസ് ഏഴുകൊല്ലത്തെ ക്ഷാമത്തെപറ്റി ഏഴുമെലിഞ്ഞ പശുക്കളെയാണ് സ്വപ്നത്തിൽ കണ്ടെതെന്ന് സൂറ: യൂസുഫിൽ പറയുന്നു. അതിന് ഹ്ദ്റത്ത് യൂസുഫ് നബി(അ) വ്യാഖ്യാനം നൽകിയത് ഒരു പശു ഒരു കൊല്ലത്തെ മുഴുവൻ നാൽക്കാലികൾക്കെന്നല്ല മുഴുവൻ ജന്തുജാലങ്ങളെ തന്നെയും പ്രതിനിധാനം ചെയ്യുന്നുവെന്നാണ്. പശു മെലിഞ്ഞു കണ്ടത് ക്ഷാമത്തെയും ഏഴു പശുക്കളെ കണ്ടത് ഏഴു കൊല്ലത്തെ ക്ഷാമത്തെയും അത് സൂചിപ്പിക്കുന്നുവെന്നും അദ്ദേഹം വ്യാഖ്യാനിച്ചു. അങ്ങനെഎല്ലാ നാൽക്കാലികളേയും പ്രതിനിധാനം ചെയ്യുന്ന വിധം കണ്ടത് ഒരു പശുവിനെയാണ്. ഇതേപ്രകാരം തന്നെയാണ് നബി (സ) തിരുമേനിക്കു ദജ്ജാലിനേയും ഒരു വ്യക്തിയുടെ രൂപത്തിൽ അല്ലാഹു കാണിച്ചുകൊടുത്തത്. അത് ദർശനരൂപാത്മകമായ ഭാഷയോട് തികച്ചും യോജിച്ചത് തന്നെയാണ്. ചുരുക്കത്തിൽ ദജ്ജാൽ എന്നത്കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ഒരുവ്യക്തിയല്ലെന്നും നേരേ മറിച്ച് ഇക്കാലത്ത് ക്രിസ്തുമതം സ്വീകരിച്ച ഭൗതികോന്മുഖമായ പാശ്ചാത്യ നാഗരിക സമൂഹമാണെന്നുള്ളതാണ് വാസ്തവം. അതിനുള്ള തെളിവുകൾ താഴെ പറയുന്നവയാണ്:-

1-അറബി ഭാഷയിൽ ഒരു സമൂഹത്തിന് ദജ്ജാൽ എന്നുപറയും. അതിനാൽ അതൊരു വ്യക്തി ആയേതീരൂ എന്നില്ല.

2-ദജ്ജാലിനെക്കുറിച്ച് പറയപ്പെട്ടിട്ടുള്ള അടയാളങ്ങളും അവനുണ്ടായിരിക്കേണ്ട കഴിവുകളും ഒരു വ്യക്തിയിൽ ഒരുമിച്ചു കൂട്ടുകയെന്നത് ബുദ്ധിക്കും യുക്തിക്കും യോജിക്കാത്തതാണ്.

3-ദജ്ജാലിന്റെ ലക്ഷണങ്ങൾ വിവരിക്കുന്നതിനായി ഉപയോഗിക്കപ്പെട്ടിട്ടുള്ള പദങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ആ പ്രവചനങ്ങൾ ഉപമാലങ്കാരങ്ങളിലധിഷ്ഠിതമാണെന്ന് നല്ലത് പോലെ മനസ്സിലാകുന്നു. ബാഹ്യാർഥമായി എടുക്കുകയാണെങ്കിൽ നഊദുബില്ലാഹ്, ദജ്ജാലിന് ചില ദൈവിക ശക്തികളുണ്ടെന്ന് സമ്മതിക്കേണ്ടിവരും.

4- ദജ്ജാലിന് പറയപ്പെട്ടിട്ടുള്ള എല്ലാ ലക്ഷണങ്ങളും ക്രൈസ്തവ മതം സ്വീകരിച്ച പാശ്ചാത്യ നാഗരികതയിൽ തെളിഞ്ഞു കാണുന്നുണ്ട്.

5-ദജ്ജാലിന്റെ കുഴപ്പം ഏറ്റവും വലിയ കുഴപ്പമായിരിക്കുമെന്നാണ് പറയപ്പെട്ടിരിക്കുന്നത്. ക്രൈസ്തവ ജനതയുടെ ഭൗതികത്വവും തത്ത്വചിന്തയും ഇന്നു മതത്തിനും ദൈവ വിശ്വാസത്തിനും വരുത്തിത്തീർത്ത കെടുതി മുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്നും മേലിൽ ഉണ്ടായിരിക്കാൻ നിവൃത്തിയില്ലെന്നും അനുഭവം മനസ്സിലാക്കിത്തരുന്നു. കൂടാതെ ഇസ്‌ലാമിനെ തിരെയുള്ള ഏറ്റവും വലിയ കുഴപ്പം ക്രിസ്തു മതത്തിന്റെ ഭാഗത്തു നിന്നുമായിരിക്കുമെന്നും വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നു.

6-ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്നു രക്ഷ പ്രാപിക്കുന്നതിനായി സൂറ: കഹ്ഫിന്റെ പ്രാരംഭ വചനങ്ങൾ ഓതിക്കൊണ്ടിരിക്കാൻ നബിതിരുമേനി (സ) ഉപദേശിച്ചിട്ടുണ്ട്, എന്നാൽ ആ സൂറ:യുടെ പ്രാരംഭ വചനങ്ങളിലേക്ക് ദൃഷ്ടിപതിച്ചാൽ അവിടെ നമുക്ക് കാണാൻ കഴിയുന്നത് ക്രിസ്തു മതത്തിന്റെ തെറ്റായ വിശ്വാസങ്ങളുടെ ഖണ്ഡനം മാത്രമാണ്. സൂറ:കഹ്ഫിലെ ആദ്യ വചനങ്ങൾ ഇവയാണ്

"ഏതൊരുവൻ അവന്റെ അടിയാന് ഒരു ഗ്രന്ഥം ഇറക്കിയിരിക്കുന്നുവോ ആ അല്ലാഹുവിനത്രേ എല്ലാ സ്തുതിയും.... അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചുവെന്നു പറയുന്ന ജനങ്ങളെ ഭയപ്പെടുത്താനും ഉണർത്താനും വേണ്ടിയുള്ളതാണത്. അതിനെക്കുറിച്ച് അവർക്കോ അവരുടെ പിതാക്കൾക്കോ യാതൊരറിവുമില്ല. അവരുടെ വായകളിൽ നിന്ന് പുറപ്പെടുന്നവാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല."

ഇക്കാലത്ത് അസാധാരണ നിലയിൽ പ്രതാപം പ്രാപിക്കുകയും ലോകം മുഴുവൻ പരക്കുകയും ചെയ്തിട്ടുള്ള പാശ്ചാത്യ ക്രൈസ്തവ ജനതയാണ് ദജ്ജാൽ എന്നതിലേക്ക് ഇതിനേക്കാൾ കവിഞ്ഞ മറ്റെന്ത് തെളിവാണുള്ളത്? ഈ ദജ്ജാലിന്റെ ദജ്ജാലിയത്ത് അവരുടെ ഭൗതികത്വവും തത്ത്വജ്ഞാനവും തെറ്റായ വിശ്വാസവുമാണ്. കണ്ണുള്ളവർ കണ്ടുകൊള്ളട്ടെ. ഹ്ദ്റത്ത് അഹ്മദ്(അ) എതിരാളികളായ മൗലവിമാരെ അഭിസംബോധനചെയ്തുകൊണ്ട് പറയുകയാണ്: ''അവിവേകികളേ! ദജ്ജാൽ അദ്ഭുത സൃഷ്ടിയായ വ്യക്തിയാണെന്ന് കരുതി നിങ്ങൾ കാത്തിരിക്കുകയാണ്. എന്നാൽ നിങ്ങളുടെ സാങ്കൽപികമായ ആ ദജ്ജാലിന്റെ പിതാവിന് പോലും ആലോചിക്കാൻ കഴിയാത്ത ഭയങ്കരമായ വഞ്ചനയും കുഴപ്പവുമാണ് നിങ്ങളുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്.

8-നബിതിരുമേനി(സ)യുടെ അനുചരന്മാരിൽ ഒരാളായ തമീം ദാരി ദജ്ജാലിനെ ഒരു ചർച്ചിൽ ബന്ധിതമായ അവസ്ഥയിൽ (സ്വപ്നത്തിൽ) കണ്ടതായി 'സഹീഹു മുസ്‌ലിമി'ൽ രേഖപെടുത്തിയിരിക്കുന്നു. അദ്ദേഹം ആ സംഗതി നബി തിരുമേനി(സ) യോടും തിരുമേനി ജനങ്ങളോടും പറഞ്ഞു.

ഇതെല്ലാം ദജ്ജാൽ ആരാണെന്നതിലേക്ക് വ്യക്തമായ സൂചനനൽകുന്നു. ■



# ഇരുമ്പ്: വിശുദ്ധഖുർആന്റെ അദ്ഭുത ദൃഷ്ടാന്തം

എ. എം. മുഹമ്മദ് സലീം

നാം ഇരുമ്പ് ഇറക്കിയിരിക്കുന്നു. അതിൽ കഠിനമായ ശക്തിയും മനുഷ്യർക്ക് പല പ്രയോജനങ്ങളുമുണ്ട്. (വിശുദ്ധ ഖുർആൻ. സൂറ: അൽ- ഹദീദ് :26)

**ആ**ഡംബര പ്രതാപത്തിന്റെ പ്രതീകവും മനുഷ്യന് ആകർഷണീ യവുമായ സ്വർണം, വെള്ളി എന്നീ ലോഹങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആനിൽ പ്രതിപാദനമുണ്ട്. എന്നാൽ വിശുദ്ധഖുർആന്റെ ഒരു അദ്ധ്യായ ത്തിന്റെ തലവാചകമായി അല്ലാഹു തിരഞ്ഞെടുത്തിരിക്കുന്നത് ഇരുമ്പിനെയാണ്. 'അൽ ഹദീദ്' (ഇരുമ്പ്) എന്ന നാമമുള്ളതാണ് ആ അദ്ധ്യായം. മാത്രമല്ല ഇരുമ്പിന്റെ പ്രയോജനത്തെക്കുറിച്ച് വാഴ്ത്തിപ്പറയുകയും ചെയ്തിരിക്കുന്നു. മനുഷ്യന്റെ ഭൗതിക പുരോഗ തിക്ക് അസാധാരണവും അദ്ഭുതകരവുമായ പങ്ക് നിർവഹിക്കുകയും, പ്രപഞ്ച നിർമിതിയിൽ നിർണായകമായ ഒരു സ്ഥാനം വഹിക്കുകയും ചെയ്യുന്ന ഇരുമ്പിനെപ്പറ്റിയുള്ള ഖുർആൻ വചനങ്ങൾ അതീവ ഗഹനവും അർഥ ഗർഭവുമാണ്. മനുഷ്യ ചരിത്രത്തിന്റെ ഭാഗധേയം നിർണയിച്ച സൈനിക മുന്നേറ്റങ്ങളിലും ആയുധ ശക്തിയിലും ഇരുമ്പ് ഗണ്യമായ സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്. ചരിത്രപരമായ ഈ പ്രാധാന്യത്തിന് പുറമേ ഭൗതിക ശാസ്ത്രപരമായി ഇരുമ്പിന്റെ പ്രാധാന്യം അളവറ്റതാണ്. 'അതിൽ മനുഷ്യർക്ക് പല പ്രയോജനങ്ങളുമുണ്ട്'' എന്ന ഖുർആനിക വചനം അന്വർഥമാക്കുമാറ് ആധുനിക കാലത്തെ മനുഷ്യന്റെ നാഗരിക പുരോഗതിയിലും ജീവിതം സുഖകരമാക്കിതീർക്കുന്നതിലും ഇരുമ്പ് വഹിച്ചിട്ടുള്ള പങ്ക് അതുല്യമാണ്.

### ഇരുമ്പിന്റെ അക്ഷര സംഖ്യാമൂല്യം

വിശുദ്ധ ഖുർആനിലെ 57-ാമത്തെ അദ്ധ്യായത്തിന്റെ പേരാണ് 'ഹദീദ്' അഥവാ ഇരുമ്പ്. ഹദീദ് എന്ന പദത്തിലെ അക്ഷര സംഖ്യാ മൂല്യത്തിൽ നിന്ന് തുടങ്ങുന്നു ഈ അദ്ഭുതങ്ങൾ. ദൈവിക ഭാഷയായ അറബിഭാഷയിലെ അക്ഷരസംഖ്യാ മൂല്യത്തെക്കുറിച്ച് അല്പം പ്രതിപാദിക്കേണ്ടിയിരിക്കുന്നു. അറബിഭാഷയിലെ 28 അക്ഷരങ്ങൾക്കും ഓരോ സംഖ്യാ മൂല്യം നൽകുന്ന സമ്പ്രദായത്തിനാണ് 'ഹിസാബുൽ ജുമ്മൽ' എന്നു പറയുന്നത് (Gemetrical Number- or- Numerical value of Letters) (പട്ടിക നോക്കുക). അബ്ജദ് എന്നാണ് ഈ രീതി വ്യാപകമായി അറിയപ്പെടുന്നത്. അറബി അക്ഷരമാല യിലെ ആദ്യത്തെ നാല് അക്ഷരങ്ങൾ ചേർത്താണ് അബ്ജദ്' എന്ന് പറയുന്നത്. ഈ രീതിയിൽ അക്ഷരങ്ങ ളുടെ സംഖ്യ കൂട്ടിയാണ് 'ബിസ്മില്ലാ ഹിർറഹ് മാനിർറഹീം' എന്ന വചന ത്തിന് 786 എന്നെഴുതുന്നത്. അറബി, ഹിബ്രു, സംസ്കൃതത്തിൽ ഈ ഗൂഢാക്ഷര സമ്പ്രദായം പണ്ട് കാലത്ത് മന്ത്രതന്ത്രങ്ങൾക്കും ആഭിചാരത്തിനും വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നു. മലയാളത്തിലെ 'കടപയാദി' എന്നറിയ പ്പെടുന്ന അക്ഷര സംഖ്യാമൂല്യ രീതിക്ക് 'അബ്ജദു'മായി സാമ്യമുണ്ട്.

ഇരുമ്പിന് ലാറ്റിനിൽ ഫെറം (Ferrum) എന്നാണ് പറയുക. ഇതിന്റെ ചുരുക്കെഴുത്തായ Fe ആണ് രാസനാമമായി ശാസ്ത്രത്തിൽ ഇരുമ്പ് എന്നറിയപ്പെടുന്നത്. ഇരുമ്പ് അടക്കം എല്ലാ മൂലകങ്ങളുടേയും ഭൗതിക ഗുണം നിർണയിക്കുന്നത് അതിന്റെ ആറ്റത്തിലെ ന്യൂക്ലിയസ്സിനുള്ളിലെ പ്രോട്ടോൺ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതിനെയാണ് ആറ്റോമിക് സംഖ്യ എന്ന് പറയുന്നത്. പ്രകൃതിയിൽ ഇന്നുവരെ അറിയപ്പെട്ട മൂലകങ്ങളെ ഇങ്ങനെശാസ്ത്രീയമായി ക്രമത്തിൽ വർഗീകരിച്ച പട്ടികയെയാണ് പീരിയോഡിക്ക് ടേബിൾ (Periodic Table) അഥവാ ആവർത്തനപട്ടിക എന്ന് പറയുന്നത് (ചിത്രം നോക്കുക). ഇതിൽ ഇരുമ്പിന്റെ ആറ്റോമിക്ക് സംഖ്യ 26 ആണ്. വിശുദ്ധ ഖുർആനിൽ ഇരുമ്പിന് പ്രയോഗിച്ചത് 'ഹദീദ്' എന്ന പദമാണ്. ഹദീദ് എന്ന പദത്തെ അറബിയിലെ അക്ഷര സംഖ്യാ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഗണിച്ചു നോക്കിയാൽ 26 എന്ന് കൃത്യമായി ലഭിക്കും എന്നത് കൗതുകകരമല്ലേ?.

(ح =8+ د =4+ ي =10+ د =4 = 26)

'ഹദീദ്' എന്ന പദത്തിന്റെ മാത്രം സംഖ്യാമൂല്യം 26 ആണെങ്കിൽ 'അൽ ഹദീദ്' എന്ന അദ്ധ്യായ നാമത്തിന്റെ സംഖ്യാമൂല്യം 57 ആണ്. അങ്ങനെവരുമ്പോൾ 57-ാമത്തെ സൂറത്താണ് അൽ ഹദീദ് എന്ന കാര്യവും ഒരു ഗണിതാദ്ഭുതമാണ്. മറ്റൊന്ന് ഇരുമ്പിന്റെ ആറ്റോമിക് സംഖ്യ 26 ആണല്ലോ. 'അൽ ഹദീദ്' എന്ന സൂറത്തിലെ 26-ാമത്തെ വചനത്തിലാണ് ഹദീദ് എന്ന പദമുള്ളത്. ശ്രദ്ധേയമായ കാര്യം ഖുർആന്റെ പ്രാരംഭ വചനമായ ബിസ്മിയടക്കം ആയത്തിന്റെ നമ്പറായി എണ്ണുന്ന അഹ്മദികളുടെ എണ്ണൽ സമ്പ്രദായത്തിൽ മാത്രമെ 26-ാമത്തെ നമ്പറായി പ്രസ്തുത വചനം

വരികയുള്ളൂ.

**ഇരുമ്പിന്റെ ലഭ്യതയും പ്രയോജനങ്ങളും**

പ്രപഞ്ചത്തിൽ ഏറ്റവും കൂടുതലുള്ള ആറാമത്തെ മൂലകമാണ് ഇരുമ്പ്. ഭൂമിയിൽ ഏറ്റവും കൂടുതലുള്ള ലോഹവും ഇരുമ്പാണ്. ഭൂമിയുടെ പുറംതോടിൽ ഭൂവൽക്കത്തിൽ അലൂമിനിയം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലഭ്യമായ ലോഹവും ഏറ്റവും കൂടുതലായുള്ള നാലാമത്തെ മൂലകവും ഇരുമ്പാണ്. ഇത് ഭൂവൽക്കത്തിന്റെ 5ശതമാനം ഭാഗം വരും. ഭൂമിയുടെ മൊത്തം ഭാരത്തിന്റെ 35 ശതമാനം ഇരുമ്പാണ്. ഭൂമിയുടെ ഉപരിതലത്തിൽ മറ്റുമൂലകങ്ങളുമായി പ്രതിപ്രവർത്തിച്ച് കലർപ്പായ രൂപത്തിൽ യൗഗികങ്ങളായാണ് ഇരുമ്പ് കാണപ്പെടുന്നത്. ഭാരമേറിയ മൂലകമായ ഇരുമ്പ് അധികവും ഭൂമിയുടെ അകക്കാമ്പിലാണ് ശുദ്ധ രൂപത്തിൽ കാണപ്പെടുന്നത്. എല്ലാമൂലകങ്ങളിലും വെച്ച് ജീവനെ സംബന്ധിച്ചിടത്തോളം ഇരുമ്പിനെ പോലെ പ്രാധാന്യമേറിയ മറ്റൊരു മൂലകമില്ല. ഭൂമി ഒരു ജൈവ ഗ്രഹമായി തീരാനാവശ്യമായ താപം സമ്മാനിക്കുന്നതിൽ ഗണ്യമായ പങ്ക് ഇരുമ്പിനുണ്ട്. ഭൂമിക്ക് ചാക്രിക സ്വഭാവമുള്ള ജലമണ്ഡലം രൂപപ്പെടാനും ഭൂമിയിൽ വാതകങ്ങൾ ഉണ്ടാവാനും ഇത് സഹായകരമായി തീരുന്നു. ഭൂമിയിലെ അകക്കാമ്പിലെ ഉരുകിയ ഇരുമ്പ് ഭീമകാരമായ ഒരു ഡയനാമോ പോലെ പ്രവർത്തിച്ചാണ് ഭൂമിക്ക് കാന്തിക ശക്തി നൽകുന്നത്. ഈ കാന്തിക മണ്ഡലമാണ് വിനാശകരമായ അൾട്രാ വയലറ്റ് രശ്മികളെ തടഞ്ഞു നിർത്തുന്ന ഓസോൺ പാളി സംരക്ഷിക്കുന്നത്.

'അതിൽ കഠിനമായ ശക്തിയും മനുഷ്യർക്ക് പല പ്രയോജനങ്ങളുമുണ്ട്' എന്ന ഖുർആൻ വചനത്തെ അന്വർഥമാക്കുന്നതാണ് ഇരുമ്പിന്റെ പ്രയോജനങ്ങൾ. ആധുനിക നാഗരികതയുടെയും ശാസ്ത്ര സാങ്കേതിക പുരോഗതിയുടെയും നട്ടെല്ലാണ് ഇരുമ്പ് എന്ന് പറഞ്ഞാൽ അത് തെറ്റാകില്ല. ഇരുമ്പിന്റെ സമൃദ്ധമായ സുലഭത കൊണ്ട് അത് ഏറ്റവും വിലകുറഞ്ഞ ഒരു ലോഹമായി തീരുന്നു. ഇരുമ്പിന് അടിച്ചു പരത്താൻ സാധിക്കുന്ന ആഘാത വർധ്യത (Malleability), വലിച്ച് നീട്ടാവുന്ന തന്യത (Ductibility) എന്നീ ഭൗതിക ഗുണങ്ങളുണ്ട്. അതുപോലെ മറ്റു മൂലകങ്ങളുമായി വിവിധ അനുപാതത്തിൽ ചേർത്ത് കൊണ്ട് അതിന്റെ കാഠിന്യത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് വിവിധ സങ്കരലോഹങ്ങൾ (Alloy) നിർമിച്ചെടുക്കാനും സാധ്യമാവും. പുരാതനകാലം മുതൽക്കേ വികസനത്തിന് നിദാനമായ ഈ ലോഹവിദ്യകൾ ദാവൂദ് നബി(അ)ക്ക് അറിയാമായിരുന്നുവെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. 'തീർച്ചയായും നാം ദാവൂദിന് അനുഗ്രഹം നൽകിയിട്ടുണ്ട്. ...അദ്ദേഹത്തിന്ന് ഇരുമ്പിനെ മയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു(34:11). ദാവൂദ് നബി(അ)യുടെയും മകൻ സുലൈമാൻ നബി(അ)യുടെയും സൈനികവിജയങ്ങൾക്കും വിശ്വപ്രശസ്തമായ സമ്പൽ സമൃദ്ധിക്കും കാരണങ്ങളിലൊന്ന് ലോഹവിദ്യയെക്കുറിച്ചുള്ള അറിവായിരിക്കാം.

Table of Sequential & Gematrical Values of the Arabic Alphabet

| Sequential Value | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Arabic Letters | ا | ب | ج | د | ه | و | ز | ح | ط | ي | ك | ل | م | ن |
| English | elif | be | cim | dal | he | vav | ze | ha | tı | ye | kef | lam | mim | nun |
| Gematrical Value | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 20 | 30 | 40 | 50 |

| Sequential Value | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Arabic Letters | س | ع | ف | ص | ق | ر | ش | ت | ث | خ | ذ | ض | ظ | غ |
| English | sin | ayn | fe | sad | kaf | re | şin | te | se | hı | zel | dad | zı | ğayn |
| Gematrical Value | 60 | 70 | 80 | 90 | 100 | 200 | 300 | 400 | 500 | 600 | 700 | 800 | 900 | 1000 |

അബ്ജ്ദി (അറബി അക്ഷരസംഖ്യ) ന്റെ പട്ടിക

ആധുനിക കാലത്ത് മൊട്ടുസൂചി മുതൽ വിമാനംവരെയുള്ള വസ്തുക്കൾ നിർമിക്കാനുള്ള മുഖ്യ പദാർഥമാണ് ഇരുമ്പ്. ഇരുമ്പിന്റെ വാണിജ്യപരമായ വിവിധ ഇനങ്ങൾ ഇന്ന് നമുക്ക് സുപരിചിതമാണ്. പച്ചിരുമ്പ് (Pig iron),വാർപ്പിരുമ്പ് (Cast Iron), കാരിരുമ്പ് (Wrought Iron), ഉരുക്ക് (Steel) എന്നീ പേരുകളിൽ അവ അറിയപ്പെടുന്നു. കാർബൺ, ക്രോമിയം, സിലിക്കൺ, മോലിബ്ഡം എന്നീ മൂലകങ്ങൾ ചേർത്താണ് വിവിധ ആവശ്യങ്ങൾക്കായുള്ള ഇരുമ്പിന്റെ അല്ലോയികൾ ഉൽപ്പാദിപ്പിക്കുന്നത്. ലോഹങ്ങൾ മുറിക്കാനും തുളക്കാനും ടെങ്ങ്സ്റ്റൺ ചേർത്ത് അതികടുപ്പമേറിയ മെറ്റലുകൾ നിർമിക്കുന്നു. ഇത്തരം സങ്കര ലോഹങ്ങൾ കൊണ്ടാണ് റോക്കറ്റുകളുടെ നോസിലുകളും സബ്മറൈൻ മിസൈലുകളും സാറ്റ്ലൈറ്റുകളും ന്യൂക്ലിയർ റിയാക്റ്ററുകളും നിർമിക്കുന്നത്.

ഇരുമ്പിൽ വളരെ കുറഞ്ഞതോതിൽ കാർബൺ ചേർത്തു നിർമിക്കുന്ന കാസ്റ്റ്അയേൺ കൊണ്ട് തുരുമ്പെടുക്കാത്ത ഫർണിച്ചറുകൾ, വേലികൾ, ഗ്രില്ലുകൾ, ഗെയിറ്റുകൾ എന്നിവ നിർമിക്കുന്നു, അതുപോലെ അടുക്കള പാത്രങ്ങളും പൈപ്പുകളും നിർമിക്കാൻ കാസ്റ്റ് അയേൺ ഉപയോഗിക്കുന്നു. കാരിരുമ്പ് അഥവാ വ്റോട്ട് അയേണും കാസ്റ്റ് അയേൺ പോലെ കുറഞ്ഞ അനുപാതത്തിൽ കാർബൺ ചേർത്ത് ഉൽപ്പാദിപ്പിക്കുന്നതാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ പല നിർമാണ പ്രവർത്തനങ്ങളും വ്റോട്ട് അയേൺ കൊണ്ട് നിർമിച്ചതാണ്. വളരെ പുരാതനകാലത്ത് ഡൽഹിയിലെ ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ (ബി.സി 375-413) കാലത്ത് നിർമിച്ച ഡൽഹിയിലെ കുത്തബ് മിനാർ കോംപ്ളക്സിലെ ഇരുമ്പ് സ്തൂപം 98% വും വ്റോട്ട് അയേൺ അഥവാ കാരിരുമ്പാണ്. അത്പോലെ 1889 ൽ നിർമിച്ച് ലോകാദ്ഭുതങ്ങളിലൊന്നായി ഗണിക്കപ്പെടുന്ന പ്യാരീസിലെ ഈഫൽ ടവറും 18, 19 നൂറ്റാണ്ടുകളിലെ പല പാലങ്ങളും നിർമിക്കപ്പെട്ടത് വ്റോട്ട് അയേൺകൊണ്ടാണ്. ഈയടുത്തകാലത്തായി ഇരുമ്പുകൊണ്ടുള്ള മറ്റൊരു പ്രയോജനം കൂടി ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. സമുദ്രത്തെ ജൈവ സാന്ദ്രമാക്കാനും അന്തരീക്ഷത്തിലെ കാർ

ബൺ മലിനീകരണം ഇല്ലാതാക്കാനുമായി ഇരുമ്പിനെഫലപ്രദമായി ഉപയോഗിക്കുന്ന ഒരു സമ്പ്രദായം ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. അയേൺ ഫെർട്ടിലൈസേഷൻ (Iron Fertilis ation) എന്നാണ് ഇത് അറിയപ്പെടുന്നത്. അതായത് പോഷണക്കുറവ് മൂലം സമുദ്ര മേഖലകൾ പ്ലവസസ്യങ്ങളി (Plankton)ല്ലാതെ വന്ധ്യമാവാറുണ്ട്. പ്ലവ സസ്യങ്ങൾ ഭക്ഷിക്കുന്ന മത്സ്യ സമ്പത്തോ ജൈവ സമ്പത്തോ അവിടെ ഉണ്ടാവാറില്ല. ഈ പ്രശ്നം പരിഹരിക്കാൻ ശാസ്ത്രജ്ഞന്മാർ ഇരുമ്പിനെയാണ് ആശ്രയിക്കുന്നതെന്ന് എലയ 1988 Nature ലെ ഒരു ലേഖനത്തിൽ ജോൺ മാർട്ടിൻ എന്ന ഓഷ്യനോഗ്രഫർ ചൂണ്ടിക്കാട്ടുന്നു. അതായത് സമുദ്ര ജലത്തിൽ എളുപ്പം ലയിക്കുന്ന 'അയേൺ മൈക്രോ ന്യൂട്രിയന്റ്'' കലർത്തിയാൽ ആ സമുദ്ര മേഖല യിൽ പ്ലവസസ്യങ്ങൾ ധാരാളം വളരുകയും അവിടുത്തെ മത്സ്യസമ്പത്തും ജൈവ സമ്പത്തും വർദ്ധിക്കുകയും ചെയ്യും. മാത്രമല്ല ഏറ്റവും സുപ്രധാനമായ കാര്യം കാലാവസ്ഥയെ തകിടം മറിക്കുന്ന അന്തരീക്ഷത്തിലെ കാർബൺ ആധിക്യത്തെ ഈ പ്ലവസസ്യങ്ങൾ ആഗിരണം ചെയ്ത് കാർബൺ അളവ് കുറച്ച് പരിസ്ഥിതിയെ സംന്തുലിതമാക്കുകയും ചെയ്യും. കരയിൽ മരങ്ങൾ നട്ടുവളർത്തി പരിസ്ഥിതി സംരക്ഷിക്കുന്നത് പോലെ കടലിലെ വനവൽക്കരണമാണിത്. ഇരുമ്പ് വൈദ്യ ശാസ്ത്രത്തിൽ

മനുഷ്യ ശരീരത്തിന് ഏറ്റവും പ്രയോജനകരമായ ഒരു മൂലകമാണ് ഇരുമ്പ്. ശ്വാസകോശത്തിൽ നിന്ന് ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഓക്സിജനെ വഹിച്ചുകൊണ്ടു പോകുകയും ഉപാപചയ പ്രവർ ത്തനങ്ങൾ (Metabolism) നടത്തുകയും ചെയ്യുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് ഇരുമ്പാണ്. ചുകന്ന രക്താണുക്കളിലെ ഹിമോഗ്ലോബിന്റെ ഒരു ഘടകമാണ് ഇരുമ്പ്. ഇരുമ്പും പ്രോട്ടീനും കൊണ്ടാണ് ഹിമോഗ്ലോബിൻ നിർമിച്ചിരിക്കുന്നത്. നമ്മുടെ ശരീരത്തിലെ മുഖ്യ ഊർജ്ജ സ്രോതസ്സായ ATP (Adenosine Triphosphate)ഉൽപ്പാദിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത് ഇരുമ്പാണ്. ഇരുമ്പിന്റെ ശോഷണം ശരീരത്തെ ബാധിക്കുകയും വിളർച്ച അനുഭവപ്പെടുകയും ചെയ്യും. ഇതിന് ഇരുമ്പ് അടങ്ങിയ പച്ചക്കറികളും ഭക്ഷണ പദാർഥങ്ങളും ധാരാളം



കഴിക്കേണ്ടതാണ്. അയേൺ ഓക്സൈഡ് ലായനി കാൻസർ- ട്യൂമർ ചികിത്സയിൽ വിജയകരമായി ഉപയോഗിച്ചതിന്റെ റിപ്പോർട്ടുണ്ട്. ജർമനിയിലെ പ്രശസ്തമായ ചാരിറ്റീ ഹോസ്പിറ്റലിലെ ഡോ.ആന്റിയാസ് ജോർദാൻ വികസിപ്പിച്ചെടുത്തതാണ് ഈ ചികിത്സാരീതി. മാഗ്നറ്റിക് ഫ്ളുയിഡ് ഹൈപ്പർ തെർമിയ (ഉന്നത താപത്തിലുള്ള കാന്തിക ദ്രാവകം) ഉപയോഗിച്ചുകൊണ്ടുള്ള ഒരു ടെക്നിക്കാണ് അദ്ദേഹം വികസിപ്പിച്ചെടുത്തത്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിക്കളോയ് എന്ന് യുവാവിന്റെ കാൻസർ രോഗം മൂന്ന് മാസം കൊണ്ട് പൂർണമായും ചികിത്സിച്ചു മാറ്റുകയുണ്ടായി. ചികിത്സാരീതി ഏകദേശം ഇങ്ങനെയാണ്.

1 ഒരു പ്രത്യേക സിറിഞ്ചിലൂടെ അയേൺ ഓക്സൈഡ് ദ്രാവകം ട്യൂമറിലേക്ക് ഇഞ്ചക്ട് ചെയ്യുന്നു. ഈ ദ്രാവകം രോഗിയുടെ ട്യൂമർ കോശങ്ങളിലാകമാനം വ്യാപിക്കുന്നു. ശതകോടിക്കണക്കിലുള്ള അയേൺ ഓക്സൈഡ് ദ്രാവകത്തിലെ ആറ്റങ്ങൾ ശ്വേത രക്താണുക്കളേക്കാൾ ആയിരം മടങ്ങ് ചെറുതാണ്. അതുകൊണ്ട് എല്ലാ രക്ത കുഴലുകളിലൂടെയും ഇത് അനായാസം കടന്നുപോകുന്നു.

2-അതിന് ശേഷം രോഗിയെ ശക്തമായ ഒരു കാന്തിക മണ്ഡലത്തിലേക്ക് പ്രവേശിപ്പിക്കുന്നു.

3-ഈ മാഗ്നറ്റിക്ക് മണ്ഡലം ട്യൂമറിന്റെ ഭാഗത്ത് കേന്ദ്രീകരിച്ച് ടൂമറിലെ അയേൺ ആറ്റങ്ങളെ ഉത്തേജിപ്പിച്ച് ചലിപ്പിക്കുന്നു. ഇങ്ങനെ45 ഡിഗ്രിയോളം ട്യൂമറിലെ താപം ഉയർത്തുന്നു. കുറച്ച് നിമിഷങ്ങൾക്കകം കാൻസർ കോശങ്ങൾ സ്വയം പ്രതിരോധിക്കാനാകാതെ നശിക്കുകയോ ക്ഷീണിക്കുകയോ ചെയ്യുന്നു.

4- പിന്നീട് കീമോ തെറാപ്പി നൽകി രോഗിയെ പൂർണ രോഗവിമുക്തനാക്കുന്നു.

ഇരുമ്പും കാന്തവും തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കിയാണ് ഈ ചികിത്സാ രീതി വികസിപ്പിച്ചെടുത്തിരിക്കുന്നത്. അപ്രകാരം ഇരുമ്പിന്റെ കാന്തികതയോട് പ്രതികരിക്കുന്ന ഗുണത്തെ അടിസ്ഥാനമാക്കി ബ്രയിനിലെ ട്യൂമർ ഇമേജിങ്ങ് സിസ്റ്റവും ചികിത്സാരീതികളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതെല്ലാം 'ഇരുമ്പിൽ മനുഷ്യർക്ക് പല പ്രയോജനങ്ങളുമുണ്ടെ'ന്ന ഖുർ ആൻ വചനത്തിന്റെ സാക്ഷാത്ക്കാരമാണ്.

## ഇരുമ്പ് ആകാശത്ത് നിന്ന്

**രാവും പകലും മാറിമാറി വരുന്നതിലും അല്ലാഹു ആകാശത്തു നിന്നും ജീവിത വിഭവങ്ങളിറക്കി അത് മുഖേന അവൻ ഭൂമിയെ അതിന്റെ നിർജീവാവസ്ഥയ്ക്ക് ശേഷം ജീവിപ്പിക്കുന്നു എന്നതിലും കാറ്റുകളെ ഗതി മാറ്റി നിയന്ത്രിക്കുന്നതിലും ചിന്തിച്ചു മനസ്സിലാക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്(.45:6) അവനത്രെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് കാണിച്ചു തരികയും ആകാശത്തുനിന്ന് വിഭവങ്ങൾ ഇറക്കി തരികയും ചെയ്യുന്നത്. (40: 14)**

ആകാശവും ഭൂമിയുമടങ്ങുന്ന ഖുർആൻ വിവരിച്ച ഈ പ്രപഞ്ച സാകല്യത്തിലാണ് ഭൂമണ്ഡലത്തിൽ ജീവിതോത്സവങ്ങൾ ആഘോഷി

## The Periodic Table of the Elements

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 H Hydrogen 1.00794 | | | | | | | | | | | | | | | | | 2 He Helium 4.003 |
| 3 Li Lithium 6.941 | 4 Be Beryllium 9.012182 | | | | | | | | | | | 5 B Boron 10.811 | 6 C Carbon 12.0107 | 7 N Nitrogen 14.00674 | 8 O Oxygen 15.9994 | 9 F Fluorine 18.9984032 | 10 Ne Neon 20.1797 |
| 11 Na Sodium 22.989770 | 12 Mg Magnesium 24.3050 | | | | | | | | | | | 13 Al Aluminum 26.981538 | 14 Si Silicon 28.0855 | 15 P Phosphorus 30.973761 | 16 S Sulfur 32.066 | 17 Cl Chlorine 35.4527 | 18 Ar Argon 39.948 |
| 19 K Potassium 39.0983 | 20 Ca Calcium 40.078 | 21 Sc Scandium 44.955910 | 22 Ti Titanium 47.867 | 23 V Vanadium 50.9415 | 24 Cr Chromium 51.9961 | 25 Mn Manganese 54.938049 | 26 Fe Iron 55.845 | 27 Co Cobalt 58.933200 | 28 Ni Nickel 58.6934 | 29 Cu Copper 63.546 | 30 Zn Zinc 65.39 | 31 Ga Gallium 69.723 | 32 Ge Germanium 72.61 | 33 As Arsenic 74.92160 | 34 Se Selenium 78.96 | 35 Br Bromine 79.904 | 36 Kr Krypton 83.80 |
| 37 Rb Rubidium 85.4678 | 38 Sr Strontium 87.62 | 39 Y Yttrium 88.90585 | 40 Zr Zirconium 91.224 | 41 Nb Niobium 92.90638 | 42 Mo Molybdenum 95.94 | 43 Tc Technetium (98) | 44 Ru Ruthenium 101.07 | 45 Rh Rhodium 102.90550 | 46 Pd Palladium 106.42 | 47 Ag Silver 107.8682 | 48 Cd Cadmium 112.411 | 49 In Indium 114.818 | 50 Sn Tin 118.710 | 51 Sb Antimony 121.760 | 52 Te Tellurium 127.60 | 53 I Iodine 126.90447 | 54 Xe Xenon 131.29 |
| 55 Cs Cesium 132.90545 | 56 Ba Barium 137.327 | 57 La Lanthanum 138.9055 | 72 Hf Hafnium 178.49 | 73 Ta Tantalum 180.9479 | 74 W Tungsten 183.84 | 75 Re Rhenium 186.207 | 76 Os Osmium 190.23 | 77 Ir Iridium 192.217 | 78 Pt Platinum 195.078 | 79 Au Gold 196.96655 | 80 Hg Mercury 200.59 | 81 Tl Thallium 204.3833 | 82 Pb Lead 207.2 | 83 Bi Bismuth 208.98038 | 84 Po Polonium (209) | 85 At Astatine (210) | 86 Rn Radon (222) |
| 87 Fr Francium (223) | 88 Ra Radium (226) | 89 Ac Actinium (227) | 104 Rf Rutherfordium (261) | 105 Db Dubnium (262) | 106 Sg Seaborgium (263) | 107 Bh Bohrium (262) | 108 Hs Hassium (265) | 109 Mt Meitnerium (266) | 110 (269) | 111 (272) | 112 (277) | 113 | 114 | | | | |
| | | | | 58 Ce Cerium 140.116 | 59 Pr Praseodymium 140.90765 | 60 Nd Neodymium 144.24 | 61 Pm Promethium (145) | 62 Sm Samarium 150.36 | 63 Eu Europium 151.964 | 64 Gd Gadolinium 157.25 | 65 Tb Terbium 158.92534 | 66 Dy Dysprosium 162.50 | 67 Ho Holmium 164.93032 | 68 Er Erbium 167.26 | 69 Tm Thulium 168.93421 | 70 Yb Ytterbium 173.04 | 71 Lu Lutetium 174.967 |
| | | | | 90 Th Thorium 232.0381 | 91 Pa Protactinium 231.03588 | 92 U Uranium 238.0289 | 93 Np Neptunium (237) | 94 Pu Plutonium (244) | 95 Am Americium (243) | 96 Cm Curium (247) | 97 Bk Berkelium (247) | 98 Cf Californium (251) | 99 Es Einsteinium (252) | 100 Fm Fermium (257) | 101 Md Mendelevium (258) | 102 No Nobelium (259) | 103 Lr Lawrencium (262) |

പിരിയോഡിക് ടേബിൾ, ഇരുമ്പിന്റെ സ്ഥാനം 26 എന്നത് ശ്രദ്ധിക്കുക

ക്കപ്പെടുന്നത്. ആകാശത്തുനിന്ന് വിഭവങ്ങൾ ഭൂമിയിലേക്ക് ഇറക്കപ്പെട്ടുന്നതിനെപ്പറ്റി ഊന്നി പ്പറയുന്നു. മനുഷ്യശരീരം നിർമിക്കപ്പെട്ട വസ്തുക്കളും മനുഷ്യന് ആവശ്യ മായ വിഭവങ്ങളുമെല്ലാം തന്നെ ആകാശത്തിന്റെ നക്ഷത്രവിദൂരതയിൽ തയ്യാർ ചെയ്ത് ഭൂമിയിലേക്ക് അയക്കപ്പെട്ട താണെന്ന ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകളും ഖുർആൻ വചനത്തിലെ സത്യതയെ കൂടുതൽ ഉജ്ജ്വലമാക്കി തീർക്കുന്നു. മനുഷ്യന്റെ ആത്മീയവും ഭൗതീകവുമായുള്ള പോഷണം ആകാശവുമായി ബന്ധപ്പെട്ടതാണ്.

ഈ പശ്ചാത്തലത്തിൽ ‘നാം ഇരുമ്പ് ഇറക്കിയിരിക്കുന്നു’ എന്ന ഖുർആൻ വചനം അല്പം വിശദീകരിക്കേണ്ടിയിരിക്കുന്നു. ‘നാം ഇരുമ്പ് സൃഷ്ടിച്ചു‘ എന്നല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. ‘നാം ഇറക്കിയിരിക്കുന്നു’ എന്ന വചനം പ്രത്യേകം ശ്രദ്ധേയമാണ്. ഇത്രയും പ്രയോജനകരവും അദ്ഭുതകരവുമായ ഈ ലോഹം എങ്ങനെയാണ് ഭൂമിയിൽ വന്നത് എന്നതിലേക്ക് ഈ ഖുർആനിക വചനം വെളിച്ചം വീശുന്നു. ഖുർആൻ പറഞ്ഞത് പോലെ അക്ഷരാർഥത്തിൽ അത് ആകാശത്തു നിന്ന് വന്നതാണെന്ന യാഥാർഥ്യം ആധുനിക ശാസ്ത്രം അസ്ന്ദിഗ്ധമായി അംഗീകരിച്ചിരിക്കുന്നു എന്ന വസ്തുത നമ്മെ അദ്ഭുതപ്പെടുത്തുന്നു. ഇരുമ്പ്, അലൂമിനിയം, ചെമ്പ്, സ്വർണം മുതലായ ആറ്റോമിക ഭാരം കൂടുതലുള്ള ലോഹങ്ങൾ ഭൂമിയിൽ രൂപപ്പെട്ടതല്ല. നക്ഷത്രങ്ങളിൽ നിന്നും തയ്യാർ ചെയ്യപ്പെട്ട് നക്ഷത്ര സ്ഫോടനത്തിലൂടെ ആകാശത്തുനിന്നും ഭൂമിയിലേക്ക് എത്തിയതാണ്.

കുറഞ്ഞ ആറ്റോമിക ഭാരമുള്ള ഹൈഡ്രജൻ പോലെയുള്ള മൂലകങ്ങളെ സംയോജിപ്പിച്ച് ഭാരം കൂടിയ മൂലകങ്ങളാക്കി മാറ്റുന്ന പ്രാപഞ്ചിക മൂശകളാണ് നക്ഷത്രങ്ങൾ എന്നാണ് ഇംഗ്ലീഷ് ജ്യോതി ശാസ്ത്രജ്ഞനായ ആർതർ എഡിങ്ങ്ടൺ അഭിപ്രായപ്പെട്ടത്. പ്രപഞ്ചത്തിൽ കാണ പ്പെടുന്ന മൂലകങ്ങൾ ഒന്ന് മറ്റൊന്നായി മാറുന്ന പ്രക്രിയ നടക്കുന്നത് നക്ഷത്രങ്ങളിൽ വെച്ചാണ്. നക്ഷത്രങ്ങളിലെ അതിഭീമമായ ഗുരുത്വാകർഷണ ബലത്താലുള്ള അണുതാപീയ പ്രവർത്തനഫലമായാണ് ഈ മൂലകമാറ്റം തോത് വ്യത്യാസത്തോടെ നക്ഷത്രങ്ങളിൽ സംഭവിക്കുന്നത്. ആറ്റത്തിന്റെ കേന്ദ്രമായ നൂക്ലിയസ്സുകൾ സംയോജിച്ച് മറ്റൊരു മൂലകമാവുന്ന ഈ പ്രക്രിയയെയാണ് അണുകേന്ദ്ര സംയോജനപ്രക്രിയ (Nuclear Fusion) എന്ന് പറയുന്നത്. അണുസംയോജനപ്രക്രിയ നടക്കുമ്പോൾ ധരാളം ചൂടും പ്രകാശവും പുറത്തേക്ക് വരുന്നു ഇതാണ് നക്ഷത്രങ്ങളുടെ തിളക്കത്തിന് കാരണം. സൂര്യനടക്കം എല്ലാ നക്ഷത്രങ്ങളുടേയും കത്തിയെരിയാനുള്ള ഇന്ധനം ഹൈഡ്രജനാണ്. എല്ലാ നക്ഷത്രങ്ങളിലും ഹൈഡ്രജൻ ന്യൂക്ലിയസ്സുകൾ സം യോജിച്ച് ഹീലിയമായി മാറുന്നു. പിന്നീട് ഹീലിയം ആറ്റത്തിന്റെ ന്യൂക്ലിയസ്സുകൾ സംയോജിച്ച് കാർബൺ ആറ്റമാ യിമാറുന്നു. പിന്നീട് കാർബൺ ആറ്റത്തിന്റെ ന്യൂക്ലിയസ്സുകൾ സംയോജിച്ച് ഓക്സിജൻ ആറ്റമായി മാറുന്നു. ഓക്സിജൻ ന്യൂക്ലിയസ്സുകൾ, സിലിക്കൺ ആറ്റമായി മാറുന്നു. ഇപ്രകാരം കുറഞ്ഞ അണു ഭാരമുള്ള മൂലകങ്ങളുടെ അണുകേന്ദ്രങ്ങൾ സംയോജിച്ച് കൂടുതൽ അണുഭാരമുള്ള മഗ്നീഷ്യം, സൾഫർ, ഇരുമ്പ് മുതലായ ഭാരമേറിയ മൂലകങ്ങളുണ്ടാകുന്നു.

സൂര്യനിൽ നടക്കുന്ന ന്യൂക്ലിയർ ഫിഷൻ പ്രവർത്തനത്തെ പറ്റി നമുക്കറിയാം. സൂര്യനിൽ ഹൈഡ്രജൻ ന്യൂക്ലിയസ്സ് സംയോജിച്ച് ഹീലിയം ആറ്റമായി മാറുകയാണ് ചെയ്യുന്നത്. അതായത് 4 ഹൈഡ്രജൻ പ്രോട്ടോണുകൾ സംയോജിച്ചാണ് ഒരു ഹീലിയം ന്യൂക്ലിയസ്സ് രൂപം കൊള്ളുന്നത്. സൂര്യനിലെ അണു താപീയ പ്രവർത്തനത്തിന് ഹൈഡ്രജനെ ഹീലിയമാക്കി മാറ്റാനുള്ള ശേഷിയേയുള്ളൂ. അതിനപ്പുറം ഭാരമുള്ള മൂലകങ്ങളെ ഉൽപ്പാദിപ്പിക്കാനുള്ള കഴിവ് സൂര്യനില്ല. സൂര്യനിൽ ഇപ്പോൾ 74.9 ശതമാനം ഹൈഡ്രജനും 23.8 ശതമാനം ഹീലിയവുമാണുള്ളത്. ബാക്കി നക്ഷത്രാന്തരീയ പടലങ്ങൾ വഴി സൂര്യനിലെത്തി ചേർന്ന മൂലകങ്ങളാണ്. സൂര്യന്റെ ഭാവിയെ സംബന്ധിച്ചും ശാസ്ത്രജ്ഞന്മാർക്ക് വ്യക്തമായ ധാരണയുണ്ട്. 500 കോടി വർഷം എരിഞ്ഞു തീരാനുള്ള ഹൈഡ്രജനേസൂര്യനിലുള്ളൂ. ബാക്കിയുള്ള ഹൈഡ്രജനും ഹീലിയമായി മാറിക്കഴിഞ്ഞശേഷം സൂര്യന്റെ ന്യൂക്ലിയർ പ്രവർത്തനങ്ങളെല്ലാം നിലച്ച് പ്രകാശരഹിതമായി ചുരുങ്ങി സൂര്യൻ മരണത്തിന് വിധേയമാവും. അതായത് 14 ലക്ഷം കി.മി. വ്യാസമുണ്ടായിരുന്ന സൂര്യൻ വെറും രണ്ടായിരം

▶ ശേഷം പേജ് 30 ൽ




# മുസ്‌ലിം ലോകത്തിന്റെ ശാസ്ത്ര പിന്നോക്കാവസ്ഥയ്ക്ക് കാരണമെന്ത് ?

**ആറോൺ സേഗൾ**

മുസ്‌ലിം നാടുകളിലെ ശാസ്ത്ര പിന്നോക്കാവസ്ഥയെ ലേഖകൻ സൂക്ഷ്മമായും വസ്തുനിഷ്ഠമായും പരിശോധിച്ച് വിലയിരുത്തുന്നു. മിഡിൽ ഈസ്റ്റ് ക്വാർട്ടർലിയിൽ വന്ന ലേഖനത്തിന്റെ പരിഭാഷ

**ഏ**തുമാനദണ്ഡപ്രകാരവും ശാസ്ത്രരംഗത്ത് മുസ്‌ലിം ലോകത്തിന്റെ സംഭാവനകൾ നാമമാത്രമാണ്. അതുതന്നെ ഗുണനിലവാരത്തിലാകട്ടെ വളരെ താഴെയും. കണക്കുകൾ ഉപയോഗിച്ച് പറയുകയാണെങ്കിൽ ലോകജനതയുടെ 20% വരുന്ന മുസ്‌ലിം ഭൂരിപക്ഷമുള്ള 41 രാജ്യങ്ങൾ ശാസ്ത്രത്തിനുനൽകുന്ന സംഭാവന വെറും 5% മാത്രമാണ്. അന്താരാഷ്ട്ര ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ വരുന്ന ലേഖനങ്ങളുടെ അനുപാതമാണ് ഇവിടെ ഉദാഹരണമായി എടുത്തിരിക്കുന്നത്. മറ്റുമാനദണ്ഡങ്ങളായ ഗവേഷണത്തിനുവേണ്ടിയുള്ള വാർഷിക വിനിയോഗം, ഗവേഷണ ശാസ്ത്രജ്ഞരുടേയും എൻജിനീയർമാരുടേയും എണ്ണം എന്നീ കണക്കുകൾകൂടി പരിഗണിക്കുമ്പോൾ ഈ അന്തരം കൂടുതൽ വ്യക്തമാകും.

ഈ അവസ്ഥ ചില കടുത്ത ചോദ്യങ്ങളിലേക്കാണ് നമ്മെ നയിക്കുന്നത്. ആധുനിക ശാസ്ത്രത്തിന് ഇസ്‌ലാം ഒരു വിലങ്ങുതടിയാണോ? അല്ല എന്നാണ് ഉത്തരമെങ്കിൽ മുസ്‌ലിം രാജ്യങ്ങളും പടിഞ്ഞാറൻ, കിഴക്കനേഷ്യൻ രാജ്യങ്ങളും തമ്മിൽ ശാസ്ത്ര സംഭാവനകളുടെ കാര്യത്തിലുള്ള ഈ വലിയ അന്തരത്തിന് എന്ത് വിശദീകരണമാണ് നൽകാനുള്ളത്? ഇനി മുസ്‌ലിം രാജ്യങ്ങളിൽ ശാസ്ത്രരംഗം വളർന്നുവികസിക്കാൻ ഏതുതരം മാറ്റമാണ് ഉണ്ടാകേണ്ടത്?

ഇസ്‌ലാമിൽ വിശ്വാസവും യുക്തിയും തമ്മിൽ പൊരുത്തക്കേടുകൾ നിലനിൽക്കുന്നുണ്ടെങ്കിലും മറ്റുഘടകങ്ങളായ സ്വേച്ഛാധിപത്യഭരണകൂടങ്ങളും അപര്യാപ്തമായ സാമ്പത്തിക സഹായവുമാണ് ശാസ്ത്രസാങ്കേതിക മേഖലയുടെ വളർച്ചക്ക് പ്രധാന തടസ്സങ്ങളായി നിലനിൽക്കുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ മൂല്യങ്ങളിലും വ്യവസ്ഥകളിലുമുള്ള സാരമായ മാറ്റങ്ങളിലൂടെ മാത്രമേ ഈ മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളു.

**ചരിത്ര രേഖകൾ**

മുസ്‌ലിം ലോകത്തിലെ ശാസ്ത്ര സാങ്കേതിക ചരിത്രത്തെ കുറിച്ചുള്ള ഒരു ചെറുവിവരണത്തോടെ നമുക്ക് ആരംഭിക്കാം. ഇവിടെ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള സൂചനകൾ തിരയുന്നതിനുള്ള ആദ്യ ഇടവും ഇതുതന്നെയാണ്. പത്തുമുതൽ പതിമൂന്നാം നൂറ്റാണ്ടുവരെ നീണ്ടുനിന്ന സുവർണ കാലഘട്ടം, തുടർന്നുള്ള പതനം, ശേഷം പത്തൊൻപതാം നൂറ്റാണ്ടിലെ നാമമാത്രമായ പുനരുജ്ജീവനം, പിന്നീട് അസ്വസ്ഥതകളുടെ ചരിത്രം പേറിയ 20-ാം നൂറ്റാണ്ട്. ഇതാണ് മുസ്‌ലിം ലോകചരിത്രത്തിന്റെ ഒരു സംക്ഷിപ്ത വിവരണം. ഒരു സഹസ്രാബ്ദം മുമ്പ് മുസ്‌ലിംകൾ ശാസ്ത്രസാങ്കേതിക മേഖലയിൽ ലോകത്തെ നയിച്ചിരുന്നവരാണ് എന്ന വസ്തുത കണക്കിലെടുക്കുമ്പോഴാണ് ഇന്ന് മുസ്‌ലിം ലോകത്തിന്റെ ഈ മേഖലയിലെ പിന്നോക്കാവസ്ഥ പ്രത്യേകം പഠനാർഹമാകുന്നത്. ലാറ്റിൻ അമേരിക്കൻ, ആഫ്രിക്കൻ ജനതയിൽനിന്നും അവരെ വ്യതിരിക്തരാക്കുന്നതും ഇക്കാരണങ്ങൾ തന്നെയാണ്.

**സുവർണയുഗം:**

സുവർണയുഗം എന്നറിയപ്പെടുന്ന എ.ഡി 900-1200 കാലഘട്ടത്തിലാണ് ഇസ്‌ലാമിക ശാസ്ത്രം അതിന്റെ ഉത്തുംഗതയിലെത്തിയത്. ബാഗ്ദാദ്, ഡമാസ്കസ്, കെയ്റോ, കോർഡോബാ തുടങ്ങിയ നഗരങ്ങളെ കേന്ദ്രീകരിച്ചായിരുന്നു അത് വളർന്ന് പന്തലിച്ച് മറ്റിടങ്ങളിലേക്ക് വ്യാപിച്ചത്. വൈദ്യശാസ്ത്രം, സസ്യശാസ്ത്രം, രസതന്ത്രം, ഗണിതശാസ്ത്രം, ഒപ്റ്റിക്സ് തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. മുസ്‌ലിംകളും ചൈനാക്കാരും ദാർശനികവും ശാസ്ത്രീയവുമായ ആധിപത്യത്തിനുവേണ്ടി മത്സരിച്ചപ്പോൾ ക്രൈസ്തവയൂറോപ്പ് ഈ രണ്ട് മേഖലയിലും ഏറെ പിറകിലായിപ്പോയി.

ഈ മുന്നേറ്റങ്ങളെല്ലാം തന്നെ മുസ്‌ലിം ഭൂരിപക്ഷ സമൂഹങ്ങളിലായതിനാൽ ഈ സുവർണയുഗം തീർച്ചയായും മുസ്‌ലിംകളുടെ സംഭാവനയായിരുന്നു. എന്നാൽ അത് ഇസ്‌ലാം മതവുമായി ബന്ധപ്പെട്ടതായിരുന്നോ? ആ രാജ്യങ്ങളെല്ലാംതന്നെ ഔദ്യോഗികമായി ഇസ്‌ലാമികരാജ്യങ്ങളായിരുന്നു. അതുപോലെ ദാർശനിക ജീവിതം രൂപപ്പെട്ടതും ഇസ്‌ലാമിക ചുറ്റുപാടിലായിരുന്നു. സാങ്കേതികവിദ്യകളുടെ ചരിത്രകാരന്മാരായ അഹ്‌മദ് അൽ ഹസ്സൻ, ഡൊണാൾഡ് ആർ ഹിൽ എന്നിവരുടെ

അഭിപ്രായത്തിൽ 'ശാസ്ത്രരംഗത്തെ മുസ്ലിം വിപ്ലവത്തിന്റെ ചാലകശക്തി ഇസ്ലാംമതമായിരുന്നു.' ഈ നേട്ടങ്ങളിലൊക്കെ അമുസ്ലിംകളും വലുതായ പങ്കുവഹിച്ചിട്ടുണ്ടായിരുന്നു. ഈ കാലഘട്ടത്തിലെ മിക്ക ശാസ്ത്രനേട്ടങ്ങളും ഉടലെടുത്തത് മതമേലധികാരികളുടെ സ്വാധീനമില്ലാത്ത തികച്ചും സഹിഷ്ണുതയിലൂന്നിയ സാർവലൗകികമായ ഒരു അന്തരീക്ഷത്തിലായിരുന്നു.

എന്നാൽ പതിമൂന്നാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽതന്നെ കാര്യങ്ങൾ കൈവിട്ടുതുടങ്ങിയിരുന്നു. മുസ്ലിംരാജ്യങ്ങളിൽ മുരടിപ്പ് അനുഭവപ്പെട്ടപ്പോൾ യൂറോപ്യൻമാർ ആർജവത്തോടെ മുന്നേറി.

മുസ്ലിം സമൂഹത്തിന്റെ പതനത്തിന്റെ കാലഘട്ടത്തെകുറിച്ച് അഭിപ്രായഭിന്നതയുള്ള ചരിത്രകാരന്മാരും പക്ഷേ പതനം സംഭവിച്ചു എന്നകാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. പൗരസ്ത്യ മുസ്ലിം ദേശങ്ങൾ 16-ാം നൂറ്റാണ്ടുവരെ അഭിവൃദ്ധിയിലായിരുന്നു എന്നുവാദിക്കുന്ന മാർഷൽ ഹോഡ്ജ്സൺ പോലും 18-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മുസ്ലിം പ്രതാപത്തിന് വിരാമമായി എന്ന് സമ്മതിക്കുന്നു.

കാലം ഏതുമായിക്കൊള്ളട്ടെ, ഈ വീഴ്ചകൊണ്ട് അർഥമാക്കുന്നത് മുസ്ലിംകൾ യൂറോപ്യൻമാരിൽനിന്ന് ഒന്നും പഠിച്ചില്ല എന്നതാണ്. ബെർണാഡ് ലൂയിസ്സിന്റെ വാക്കുകളിൽ നവോത്ഥാനം, സാമൂഹ്യ പരിഷ്കരണം, എന്നുവേണ്ട ശാസ്ത്രവിപ്ലവവും ജ്ഞാനോദയവും പോലും മുസ്ലിം രാജ്യങ്ങളിൽ ശ്രദ്ധിക്കപ്പെടാതെ പോയ സംഭവങ്ങളായിരുന്നു. മുസ്ലിംകൾ മതന്യൂനപക്ഷങ്ങളായ അർമേനിയക്കാർ, ഗ്രീക്കുകാർ, ജൂതന്മാർ എന്നിവരെ പല ജോലികൾക്കും ഇടനിലക്കാരായി ഉപയോഗിച്ചു. അങ്ങനെ രാജവൈദ്യന്മാർ, പരിഭാഷകർ തുടങ്ങിയ സുപ്രധാന പദവികൾ അവർ കൈകാര്യം ചെയ്തു. അവരുടെ സഹായത്തോടെ മുസ്ലിം ലോകത്തേക്ക് പരിമിതമായ അളവിൽ ശാസ്ത്ര സാങ്കേതിക വിദ്യകൾ കൈമാറ്റം ചെയ്യപ്പെട്ടു.

ശാസ്ത്രരംഗത്തുള്ള വീഴ്ചയ്ക്ക് കാരണങ്ങൾ പലതുണ്ട്. വൻകിട കൃഷി, ജലസേചന പദ്ധതികൾ ഇല്ലാതായത്, മംഗോളിയയിൽനിന്നും മദ്ധ്യേഷ്യയിൽനിന്നുമുള്ള അധിനിവേശം, രാഷ്ട്രീയ അസ്ഥിരത, കുറഞ്ഞുവന്ന മതസഹിഷ്ണുത എന്നിവയായിരുന്നു അതിൽ ചിലത്. പ്രത്യേകിച്ച് വലിയ മത പണ്ഢിതനായിരുന്ന അബു ഹാമിദ് മുഹമ്മദ് അൽ ഗസ്സാലി (1059-111) യുടെ ദാർശനിക നിലപാടുകൾ ശാസ്ത്രാന്വേഷണത്വരയെ തുരങ്കംവെക്കുന്നതായിരുന്നു.

**ശാസ്ത്രത്തിന്റെ പുനരുജ്ജീവനം.**

യൂറോപ്പിലെ ജ്ഞാനോദയത്തിന്റെയും ഫ്രഞ്ച് വിപ്ലവത്തിന്റെയും കാലഘട്ടം യൂറോപ്യൻ ശാസ്ത്രസമൂഹത്തിന് മുസ്ലിം ലോകത്തേക്കുള്ള വാതിലുകൾ തുറന്നുകൊടുത്തു. യൂറോപ്യന്മാർ ശാസ്ത്രത്തെ ക്രിസ്തുമതത്തിൽനിന്ന് വേർപ്പെടുത്തുകവഴി അത് മുസ്ലിംകൾക്ക് സ്വീകാര്യവുമായി. ഇസ്ലാമിക രാജ്യങ്ങളിലാകട്ടെ പ്രത്യേകിച്ച് 1798ലെ നെപ്പോളിയന്റെ ഈജിപ്ത് അധിനിവേശത്തിനുശേഷം അവരെ അനുഗമിച്ചുവന്ന വൈജ്ഞാനികസമൂഹം വഴി യൂറോപ്യൻ സ്വാധീനവും യൂറോപ്യൻ ശാസ്ത്രവും പ്രചരിപ്പിക്കപ്പെട്ടു. ചുരുങ്ങിയ കാലത്തിനുള്ളിൽ ഈജിപ്തിലെ മുഹമ്മദ് അലി ഉൾപ്പടെയുള്ള ചില ഭരണാധികാരികൾ രാജ്യത്ത് യൂറോപ്പിൽനിന്നുള്ള സാങ്കേതിക വിദഗ്ധരെ നിയമിക്കുകയും തങ്ങളുടെ രാജ്യത്തുനിന്ന് ആളുകളെ വിദ്യാഭ്യാസത്തിനായി യൂറോപ്പിലേക്ക് അയക്കുകയും ചെയ്തു.

**സാങ്കേതികവിദ്യയുടെ വേരോട്ടം.**

പാശ്ചാത്യസാങ്കേതികവിദ്യയുടെ ത്വരിതഗതിയിലുള്ള വ്യാപനമാണ് 1850-1914 കാലഘട്ടത്തിൽ മദ്ധ്യപൂർവേഷ്യയിൽ സംഭവിച്ചത്. തദ്ദേശീയരായ വരേണ്യവിഭാഗത്തിന്റെ അനുമതിയോടെ യൂറോപ്പിലെ അധികാരകേന്ദ്രങ്ങൾ പൊതുജനാരോഗ്യസംരക്ഷണത്തിനായി കോളറ, മലേറിയ തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 1869 ൽ സൂയസ് കനാൽ തുറന്നതോടുകൂടി ചരക്കുനീക്കം കൂടുതൽ എളുപ്പമാവുകയും കച്ചവടം വർദ്ധിക്കുകയും ചെയ്തു. റെയിൽവെ, ടെലഗ്രാഫ്, ആവിയന്ത്രങ്ങൾ, ടെലഫോൺ, ഓട്ടോമൊബൈൽ എന്നിവ ഉപയോഗത്തിൽ വന്നു. ഇത്തരം സാങ്കേതികവിദ്യകൾ മധ്യപൂർവേഷ്യൻ രാജ്യങ്ങളിലേക്കുകടന്നുവന്നപ്പോൾ അവിടുത്തെ ഭരണാധികാരികൾ യൂറോപ്യൻ കമ്പനികൾക്കുതന്നെ അതുകൈകാര്യംചെയ്യാനുള്ള കുത്തകാവകാശം നൽകുകയായിരുന്നു. സാങ്കേതികവിദ്യകൾ പരിഷ്കരിക്കുന്നതിനോ, രൂപകൽപ്പനചെയ്യുന്നതിനോ, പരിരക്ഷിക്കുന്നതിനോ തദ്ദേശീയമായ കഴിവുകൾ വികസിപ്പിക്കുന്നതിന് മുസ്ലിം ഭരണാധികാരികൾ ഒട്ടും താത്പര്യം കാണിച്ചിരുന്നില്ല.

ശാസ്ത്രത്തെ ഒരു വിജ്ഞാനമോ, പ്രക്രിയയോ ആയി മനസ്സിലാക്കുന്നതിനുപകരം സാങ്കേതികവിദ്യകളിൽ കുടിയിരുത്തപ്പെട്ട ഒരു അനുബന്ധമായി മാത്രമാണ് മുസ്ലിം നേതൃത്വം കണ്ടിരുന്നത്. അതേസമയം അമുസ്ലിം ന്യൂനപക്ഷ സമൂഹം ശാസ്ത്രസംബന്ധിയായ വിഷയങ്ങളിൽ അവരുടെ സേവനങ്ങൾ നൽകിക്കൊണ്ടിരുന്നു. മുസ്ലിം പ്രവിശ്യകളിൽ ആദ്യമായി പാശ്ചാത്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ന്യൂനപക്ഷസമുദായമാണ് മുൻകൈയെടുത്ത്. ഉദാഹണത്തിന് ബെയ്റൂട്ടിലെ സിറിയൻ പ്രൊട്ടസ്റ്റന്റ് കോളജ് (1866ൽ), സെന്റ്ജോസഫ് കോളജ്ജ് (1875ൽ) തുടങ്ങിയവ. ഈ വിദ്യാലയങ്ങളും ഇസ്താംബുൾ, ടൂണിസ്, ടെഹ്റാൻ, അൾജിയേഴ്സ് തുടങ്ങിയ സ്ഥലങ്ങളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രധാനമായും ന്യൂനപക്ഷ സമുദായങ്ങൾക്കും യൂറോപ്യന്മാർക്കും വേണ്ടിയുള്ളതായിരുന്നു എങ്കിലും ചെറിയ ശതമാനം ധനികരായ മുസ്ലിംകൾ അതുവഴി വിദ്യാഭ്യാസം നേടി. മിഡിൽ ഈസ്റ്റേൺ മെഡിക്കൽ സ്കൂളുകൾ ലൂയിപാസ്റ്റർ, റോബർട്ട് കോച്ച് തുടങ്ങിയ ശാസ്ത്രജ്ഞരുടെ ബാക്ടീരിയ, സൂക്ഷ്മാണുക്കൾ എന്നിവയുമായി ബന്ധപ്പെട്ട കണ്ടുപിടിത്തങ്ങൾ പാഠ്യവിഷയങ്ങളാക്കി. പ്രമുഖ ശാസ്ത്ര ഗവേഷണങ്ങൾ അറബി ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും ഇത്തരം സ്ഥാപനങ്ങൾ പങ്കുവഹിച്ചു. മുസ്ലിം രാജ്യങ്ങളിൽ ആദ്യമായി ശാസ്ത്രസംഘടനകളുടെ രൂപീകരണത്തിന് അവർ തുടക്കം കുറിച്ചു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബെയ്റൂട്ട്, കെയ്റോ, ഡമാസ്കസ്, ഇസ്താംബുൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം അത്തരം സംഘങ്ങൾ രൂപീകരിക്കപ്പെട്ടു. അവ ശാസ്ത്ര പരിഭാഷകളടങ്ങിയ ആനുകാലികങ്ങൾ പ്രസിദ്ധീകരിച്ചു. 1859ൽ പ്രസിദ്ധീകരിച്ച ചാൾസ് ഡാർവിന്റെ വിഖ്യാത ഗ്രന്ഥമായ ഓൺ ഒറിജിൻ ഓഫ് സ്പീഷീസ്ന്റെ അറബി പരിഭാഷ അങ്ങനെ 1876 മുതൽ ഖണ്ഡശ്ശഃയായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 1918 വരെ അത് തുടർന്നു. ഇക്കാലങ്ങളിലൊന്നുംതന്നെ പാശ്ചാത്യ ശാസ്ത്രലോകത്തിന്റെ ആശയങ്ങൾ മുസ്ലിം രാജ്യങ്ങളിൽ പ്രചരിക്കുന്നതിൽ ഇസ്ലാമിക ദാർശനികസമൂഹം വലിയ എതിർപ്പൊന്നും പ്രകടിപ്പിച്ചിരുന്നില്ല. ഡാർവിന്റെ പരിണാമസിദ്ധാ

ന്തത്തിനെതിരെ എതിർപ്പുമായി വന്നത് മുസ്‌ലിം പണ്ഡിതന്മാരായിരുന്നില്ല മറിച്ച് പൗരസ്ത്യ ക്രൈസ്തവസമൂഹമായിരുന്നു.

## ശാസ്ത്രത്തിന് മുരടിപ്പ്

1914–45 കാലഘട്ടത്തിൽ മുസ്‌ലിംകൾ പതുക്കെ പതുക്കെ പലപ്പോഴും മോഹഭംഗം നിമിത്തം പാശ്ചാത്യശാസ്ത്രത്തിനുബദലായി സ്വദേശശാസ്ത്രസരണിയെ ശക്തിപ്പെടുത്താൻ ശ്രമമാരംഭിച്ചു. എഞ്ചിനീയറിങ്ങിനും മെഡിസിനും പ്രാമുഖ്യം നൽകിക്കൊണ്ട് ഈജിപ്ത്, തുർക്കി, സിറിയ, സുഡാൻ എന്നീ രാജ്യങ്ങളിൽ പുതിയ സർവകലാശാലകൾ ആരംഭിച്ചു. എന്നാൽ സാമ്പത്തിക മാന്ദ്യം നിമിത്തം അഭ്യസ്തവിദ്യരുടെ പോലും തൊഴിലില്ലായ്മ വർധിച്ചുവന്നതും പ്രവാസികളുടെയും ന്യൂനപക്ഷങ്ങളുടെയും വർധിച്ചുവന്ന സ്വാധീനശക്തിയിലുള്ള അസംതൃപ്തിയും ശാസ്ത്ര സാങ്കേതികമേഖലയുടെ വളർച്ചക്ക് വിഘാതമായി.

ദേശീയവാദികളായ രാഷ്ട്രീയക്കാരാകട്ടെ ഒന്നാംലോകമഹായുദ്ധാനന്തരം രാഷ്ട്രീയ സ്വാതന്ത്ര്യം നേടുന്നതിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചപ്പോൾ ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ച അവർക്ക് തികച്ചും അപ്രസക്തമായി. തുർക്കി മാത്രമായിരുന്നു അതിനൊരപവാദം. കമാൽ മുസ്തഫ അത്താതുർക്കിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം 1922 ൽ വ്യവസായവത്കരണത്തിനും സാങ്കേതികവിദ്യാഭ്യാസത്തിന്റെ വികാസത്തിനും വേണ്ടി ആശാവഹമായ പദ്ധതിക്ക് രൂപം നൽകി. എന്നാൽ ഈജിപ്ത്, സിറിയ, ഇറാഖ്, ഇറാൻ തുടങ്ങിയ രാജ്യങ്ങളിലെ രാഷ്ട്രീയ നേതൃത്വം പ്രാദേശിക വപണിയെ മാത്രം ഉന്നംവെച്ച് വ്യവസായവത്കരണത്തിനായി ചില വിഫലശ്രമങ്ങൾ നടത്തി. പരിമിതമായ ശാസ്ത്രപരിജ്ഞാനം മാത്രമേ ഉപയോഗിക്കപ്പെട്ടുള്ളൂ. സാങ്കേതിവിദ്യകൾ മിക്കതും ഇറക്കുമതിചെയ്യുകയായിരുന്നു. അതിവൈദഗ്ധ്യം ആവശ്യമില്ലാത്ത അടിസ്ഥാന തത്ത്വങ്ങളിലൂന്നിയ പദ്ധതികൾ മാത്രം നിലനിന്നു. എന്നാൽ അവയുടെ പരിപാലനം എപ്പോഴും ഒരു പ്രശ്നമായി തുടർന്നു. കാര്യങ്ങൾ നേരിട്ടുപഠിക്കാനുള്ള സാഹചര്യങ്ങൾ കുറവായിരുന്നു. ഇറാൻ, ഇറാഖ്, സൗദി അറേബ്യ എന്നീരാജ്യങ്ങളിൽ 1914നുശേഷം വൻതോതിൽ ആരംഭിച്ച പെട്രോളിയംവ്യവസായമേഖലയിൽ മാത്രമായിരുന്നു കാര്യങ്ങൾ അൽപ്പം ഭേദമായിരുന്നത്. അവിടെ ബഹുരാഷ്ട്രഎണ്ണകമ്പനികൾ മെയ്ന്റനൻസ് എൻജിനീയറിങ്ങ്, ജിയോളജിക്കൽ സർവെയിങ്ങ് പോലുള്ള ജോലികൾക്ക് തദ്ദേശസ്ഥാപനങ്ങളെ ചുമതലപ്പെടുത്തി.

## നിലവിലുള്ള സാഹചര്യം

രണ്ടാലോകമഹായുദ്ധത്തിനുശേഷം തദ്ദേശീയമായ ശാസ്ത്രസാങ്കേതികവിദ്യയുടെ അനിവാര്യത മുസ്‌ലിം ലോകത്തിന് അനുഭവപ്പെട്ടു. പാകിസ്താൻ രൂപീകരണവും തുടർന്ന് 1948ലെ അറബ് ഇസ്രയേൽ യുദ്ധവും ശാസ്ത്ര സാങ്കേതികമേഖലയിൽ തങ്ങൾ പിന്നോക്കാവസ്ഥയിലാണെന്ന കയ്പേറിയ യാഥാർഥ്യം മുസ്‌ലിംകൾ തിരിച്ചറിയന്നതിന് നിമിത്തമായി. ഇതു തരണം ചെയ്യുന്നതിനായി സാങ്കേതികവിദ്യകൾ കൈകാര്യം ചെയ്യുന്നതിന്റെ ചുമതല, പരമാധികാരം സ്ഥാപിക്കുന്നതിനുള്ള ഉപകരണമെന്നനിലക്കും, ഭരണകൂടം തന്നെ ഏറ്റെടുത്തു. രാജ്യത്ത് സാങ്കേതികവിദ്യവികസിക്കുന്നതിന് പര്യാപ്തമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കി. (എന്നാൽ ശാസ്ത്രത്തിന്റെ കാര്യത്തിൽ അതുണ്ടായില്ല)

അറബി സംസാരിക്കുന്ന രാജ്യങ്ങളിൽ മാത്രം ഇക്കാലയളവിൽ 60ൽ പരം പുതിയ സർവകലാശാലകളും സാങ്കേതികവിദ്യാലയങ്ങളും ആരംഭിച്ചു. എന്നാൽ ഒന്നും തന്നെ ലോകനിലവാരത്തിലുള്ളതായിരുന്നില്ല. സമർഥരായ വിദ്യാർഥികളെല്ലാം സയൻസ്, എൻജിനീയറിങ്ങ് പ്രോഗ്രാമുകളിലേക്ക് ആകർഷിക്കപ്പെട്ടു. ഇന്ന് മുസ്‌ലിംലോകത്ത് വർഷംതോറും ആയിരക്കണക്കിന് വിദ്യാർഥികൾ ബിരുദധാരികളായി പുറത്തുവരുന്നു. അതുകൂടാതെ 1950 മുതൽക്കുതന്നെ ആയിരക്കണക്കായ മുസ്‌ലിംകൾ പാശ്ചാത്യരാജ്യങ്ങളിലും പഴയ സോവിയറ്റ് യൂണിയൻ,
ഇന്ത്യ തുടങ്ങിയരാജ്യങ്ങളിൽ പോയി ഈ വിഷയങ്ങളിലും അറിവുനേടി. അവരിൽ ഭൂരിപക്ഷം പേരും തങ്ങളുടെ രാജ്യങ്ങളിലേക്കുതന്നെ മടങ്ങുകയും ചെയ്തു. ഇതെല്ലാം എണ്ണത്തിലുള്ള വർദ്ധനവ് സൃഷ്ടിച്ചെങ്കിലും ഗുണപരമായി ഉന്നതനിലവാരമുള്ളവർ കുറവായിരുന്നു.

ദേശീയതലത്തിൽ ശാസ്ത്ര സാങ്കേതികനയങ്ങൾ നടപ്പിൽ വരുത്തുന്നതിന് മിക്ക മുസ്‌ലിം രാജ്യങ്ങളിലും കൗൺസിലുകൾ രൂപീകരിക്കപ്പെട്ടു. ദേശീയതലത്തിൽ പദ്ധതികൾക്ക് രൂപംകൊടുക്കുകയും അവ നടപ്പിൽ വരുത്തുന്നതിന് ശ്രമിക്കുകയും ചെയ്തു. ശാസ്ത്രനയങ്ങളാകട്ടെ ഓരോ രാജ്യത്തിനും വ്യത്യസ്തങ്ങളായിരുന്നു. അതിൽ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുടെ യോജിച്ചുള്ള ഗവേഷണങ്ങളിലൂടെ ഏറ്റവും നേട്ടങ്ങളുണ്ടാക്കിയത് തുർക്കിയായിരുന്നു. പ്രത്യേകിച്ച് കാർഷിക, ടെക്സ്റ്റൈൽ, ജലവിഭവ മേഖലകളിൽ. ഈജിപ്താകട്ടെ തികച്ചും ദുർവഹമായ, പ്രായോഗികതക്ക് പ്രാമുഖ്യം നൽകാത്ത കേന്ദ്രീകൃതമായ ഒരു ഗവേഷണ സംവിധാനവുമായാണ് മുന്നോട്ടുപോയത്. ആണവോർജ്ജം പോലുള്ള മേഖലകളിൽ സർക്കാർ മേൽനോട്ടത്തിൽ ഒരു സമഗ്രമായ ഗവേഷണ പദ്ധതിയാണ് പാകിസ്താൻ കൈകൊണ്ടത്. എന്നാൽ അവ നടപ്പിൽവരുത്തുന്നതിൽ ഗതി വേഗം കുറവായിരുന്നു, ചെലവാകട്ടെ വളരെ കൂടുതലും. മലേഷ്യ സങ്കീർണമായ പ്രായോഗിക ഗവേഷണ പദ്ധതികൾ ആവിഷ്കരിക്കുകയും അതുവഴി തദ്ദേശ സ്വകാര്യ നിക്ഷേപകരുടെ പങ്കാളിത്തത്തോടെ ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ കയറ്റുമതി വർധിപ്പിക്കുകയും ചെയ്തു. പണച്ചെലവേറിയതും ഉന്നത സാങ്കേതികത്തികവ് ആവശ്യമായതുമായ വ്യോമയാന മേഖലയി ലാണ് ഇന്തോനേഷ്യ ശ്രദ്ധ കേന്ദ്രീകരിച്ചത്.

സൗദി അറേബ്യ, കുവൈത്ത്, യു.എ. ഇ എന്നീ രാജ്യങ്ങളും ശാസ്ത്ര സാങ്കേതികമേഖലയിൽ പണം ഒഴുക്കി. എന്നാൽ അതിൽനിന്നുള്ള ഫലങ്ങൾ പക്ഷേ ഉന്നതഗുണനിലവാരത്തിലുള്ളതായിരുന്നില്ല. ശാസ്ത്ര സാങ്കേതികവിദ്യകൾ സ്വന്തമായി വികസിപ്പിച്ചെടുക്കുന്നതിനേക്കാൾ അവ പണം കൊടുത്തുവാങ്ങുക എന്ന ചിന്താഗതിയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായില്ല. ഫ്രഞ്ച് മാതൃകയിലുള്ള കേന്ദ്രീകൃത ഗവേഷണ പദ്ധതിയുടെ പരിമിതമായ ഒരു പതിപ്പ് അൾജീരിയ, മൊറോക്കോ, ടുണീഷ്യ എന്നീ രാജ്യങ്ങളിൽ പരീക്ഷിക്കപ്പെട്ടെങ്കിലും സ്വകാര്യ മേഖലയുമായി അവക്ക് ബന്ധം സ്ഥാപിക്കാൻ കഴിയാതിരുന്നതോ, പഠനഫലങ്ങൾ പ്രയോഗവത്കരിക്കുന്നതിലുള്ള കഴിവില്ലാതായതോ അവരുടെ ഉത്പാദന ക്ഷമതയെ പരിമിതപ്പെടുത്തി. ഇറാനും ഇറാഖും മറ്റ് മേഖലകൾക്ക് ഹാനികരമായേക്കാവുന്ന തരത്തിൽ പെട്രോളിയം, ആയുധ ഗവേഷണ രംഗത്തുമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. യെമൻ, സുഡാൻ, പിൽകാലത്ത് സ്വാതന്ത്ര്യം ലഭിച്ച മധ്യേഷ്യൻ രാജ്യങ്ങൾ എന്നിവ യോഗ്യരായ ഗവേഷകരുടെ അഭാവത്താലും ജനങ്ങളുടെ കുടി


ഡോ. അബ്ദുസലാം


ഹസൻ തുറാബി


സിയാഉൾഹഖ്

യൊഴിയലും നിമിത്തം വളർച്ചയുടെ പാതയിലെത്തിയില്ല. രാഷ്ട്രീയമായ അടിച്ചമർത്തലിന് വേദിയായ അഫ്ഗാനിസ്ഥാൻ, ലിബിയ, സിറിയ എന്നീ രാജ്യങ്ങളിലാകട്ടെ ശാസ്ത്രത്തിന്റെ വളർച്ചക്കുള്ള ഒരു സാഹചര്യവും ഉണ്ടായിരുന്നില്ല.

ഇറാനിലെയും സുഡാനിലെയും യാഥാസ്ഥിതിക ഭരണകൂടങ്ങൾ ഒരിക്കലും തന്നെ ഇസ്‌ലാമികമായ ഒരു ശാസ്ത്രത്തിന്റെ വളർച്ചക്ക് താത്പര്യം പ്രകടിപ്പിച്ചില്ല. ക്വാണ്ടം മെക്കാനിക്സ് പഠിപ്പിക്കുന്നതിനുപകരം സ്ത്രീകളുടെ വസ്ത്രധാരണം, അശ്ലീല പ്രകടനം തുടങ്ങിയ വിഷയങ്ങളെ കുറിച്ചാണ് അവർ വേവലാതിപ്പെട്ടത്. 1979 നുശേഷം ഇറാനിൽനിന്ന് ശാസ്ത്രജ്ഞന്മാരും എഞ്ചിനീയർമാരും മറ്റുരാജ്യങ്ങളിലേക്ക് കുടിയേറിയതും പിന്നീട് ഇറാഖുമായി നടന്ന വിനാശകരമായ യുദ്ധവും അവശേഷിക്കുന്ന ഗവേഷകവൃന്ദത്തെ പരിരക്ഷിക്കുന്നതിന് അവർക്ക് പ്രേരണനൽകി. യുദ്ധത്തിൽ തകർന്നടിഞ്ഞ പെട്രോളിയം വ്യവസായത്തെ അടിയന്തിരമായി പുനരുജ്ജീവിപ്പിക്കേണ്ടിവന്നതും ശാസ്ത്ര സാങ്കേതിക വിദഗ്ധരോടുള്ള ഉദാരസമീപനത്തിന് നിദാനമായി. സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും 1979 നുമുൻപുള്ള അതേ പാഠ്യപദ്ധതി തന്നെ നിലനിർത്തുകയും ചെയ്തു. ഇറാനിലെ ശാസ്ത്രജ്ഞന്മാർ അവരുടെ അന്താരാഷ്ട്ര ബന്ധങ്ങൾ നിലനിർത്തിപോന്നു. ശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ ഒരേയൊരു മുസ്‌ലിം, പാകിസ്താനിലെ ഭൗതികശാസ്ത്രജ്ഞൻ അബ്ദുസലാം ഇക്കാലത്ത് ഇറാൻ സന്ദർശിക്കുകയും ചെയ്തു..

ഏറ്റവും വലിയ മസ്തിഷ്കചോർച്ച അനുഭവിച്ചത് സുഡാനായിരുന്നു. 1960 മുതൽ 5 ലക്ഷത്തോളം സാങ്കേതിക വിദഗ്ധരും മറ്റുതൊഴിൽ വൈദഗ്ധ്യം നേടിയവരും സുഡാനിൽനിന്ന് സൗദി അറേബ്യയിലേക്കും മറ്റു ഗൾഫ് രാജ്യങ്ങളിലേക്കും ചേക്കേറി. 1989ൽ അധികാരത്തിൽ വന്ന പട്ടാള ഭരണകൂടം ഈ കൂട്ടപലായനം തടയുന്നതിനും രാജ്യത്തിന്റേതായ ശാസ്ത്ര സാങ്കേതിക വൈദഗ്ധ്യം നിലനിർത്തുന്നതിനുമുള്ള ശ്രമമാരംഭിച്ചു. ഭരണനേതൃത്വത്തിലെ മതപണ്ഡിതനും താത്വികനുമായ ഹസൻ അത്തുറാബി ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്ന മൂല്യാധിഷ്ടിതമായ ഒരു ജനാധിപത്യ ഇസ്‌ലാമിക രാജ്യമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ആഭ്യന്തരപ്രശ്നങ്ങളിൽ പെട്ടുഴറിയ ഭരണകൂടത്തിനാകട്ടെ ശാസ്ത്രത്തെ ഇസ്‌ലാമിക വത്കരിക്കുക എന്നത് തികച്ചും അപ്രസക്തമായ കാര്യമായിരുന്നു. വിഷയമായി മാറി. പ്രതിപക്ഷകക്ഷികളായ യാഥാസ്തിക വാദികളുടെ നിലപാടും മറിച്ചായിരുന്നില്ല. അൾജീരിയയിലും ടുണീഷ്യയിലും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഫ്രെഞ്ചിനുപകരം അറബിഭാഷഉപയോഗിക്കുന്നതിനായി പ്രക്ഷോഭങ്ങൾ നടന്നു. അത്തരം നീക്കങ്ങൾ പക്ഷേ ശാസ്ത്രവിരോധത്തിൽനിന്നുടലെടുത്തതായിരുന്നില്ല, മറിച്ച് രാഷ്ട്രീയ സാംസ്കാരിക വികാരങ്ങളിലൂന്നിയവയായിരുന്നു.

എന്നാൽ പാകിസ്താൻ മാത്രം ഇതിനൊരപവാദമായിരുന്നു. ആഭ്യന്തര രാഷ്ട്രീയ സമ്മർദങ്ങളും മതപുരോഹിതർക്ക് ഭരണത്തിലുണ്ടായിരുന്ന സ്വാധീനവും നിമിത്തം മൗലികവാദികൾ ഇസ്‌ലാമിക ശാസ്ത്രത്തിനായി നിലകൊണ്ടു. 1987ൽ സിയാഉൾ ഹഖ് ഗവൺമെന്റ് പ്രൈമറി തലംമുതൽ സർവകലാശാലവരെയുള്ള ശാസ്ത്രപഠനത്തിന് മൗലികവാദികളുടെ അജണ്ട നടപ്പിലാക്കി. നരകത്തിലെ താപനില, ജിന്നുകളുടെ രാസപ്രകൃതം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ സംഘടിപ്പിക്കുകയും അത്തരം വിഷയങ്ങളുടെ ഗവേഷണത്തിനായി ഫണ്ടുകൾ വിനിയോഗിക്കുകയും ചെയ്തു. ഇത്തരം അപഹാസ്യമായ നടപടികൾ ശാസ്ത്രവിദ്യാഭ്യാസത്തിന് കനത്ത ആഘാതം ഏൽപ്പിച്ചതോടെ 1988ൽ മതേതരവാദികളുടെ ശക്തമായ ഇടപെടലുകൾ ഉണ്ടാവുകയും രാജ്യത്ത് ആധുനിക ശാസ്ത്രം പഠിപ്പിക്കാനും ഗവേഷണം ചെയ്യാനുമുള്ള അവകാശം നേടിയെടുക്കുകയും ചെയ്തു. ആഭ്യന്തരമായി ധാരാളം പ്രസിദ്ധീകരണങ്ങളും ആശയസംവാദങ്ങളും ഉണ്ടായെങ്കിലും ഇസ്‌ലാമിക ശാസ്ത്രത്തിന് രാജ്യത്തിനു പുറത്ത് എന്തെങ്കിലും സ്വാധീനവും പിന്തുണയും നേടിയെടുക്കാൻ കഴിഞ്ഞില്ല.

(തുടരും)

വി.വ. അഹ്മദ് ശാഫി


## മസ്ജിദ്ഖാദിമിനെആവശ്യമുണ്ട്

കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസ് മസ്ജിദ് ഖാദിം തസ്തികയിലേക്ക് രണ്ട് പേരെ ആവശ്യമുണ്ട്. മുൻപരിചയമുള്ളർക്ക് മുൻഗണന. തയ്യാറുള്ളവർ ജോലി സംബന്ധിച്ചുള്ള മറ്റെല്ലാ വിവരങ്ങൾക്കും താഴെ കാണുന്ന നമ്പറിൽ ഉടൻ ബന്ധപ്പെടുക.

**Mob: 9847498996**

അമീർ
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്
ജി. എച്. റോഡ്, കോഴിക്കോട്

# ഇസ്‌ലാം: അമേരിക്കയിലെ ആദ്യ നാളുകൾ

മുബശിർ അഹ്മദ്

അമേരിക്കയിൽ ഇസ്‌ലാംമതം പ്രചരിച്ചതിന്റെ ആദ്യ നാളുകളാണ് ലേഖകൻ വിവരിക്കുന്നത്. അമേരിക്കയിലെ പശ്ചിമ തീരപ്രദേശത്ത് സേവനമനുഷ്ഠിക്കുന്ന അഹ്മദി മിഷനറിയാണ് ലേഖകൻ

**പ**തിഞ്ചാം നൂറ്റാണ്ടു മുതൽ വടക്കെ അമേരിക്കയിൽ മുസ്‌ലിംകളുടെ ചെറു ഗ്രൂപ്പുകൾ എത്തിത്തുടങ്ങിയിരുന്നു. 16-ാം നൂറ്റാണ്ടു തൊട്ട് 2 മുതൽ 3 വരെ ദശലക്ഷം മുസ്‌ലിംകളെ ആഫ്രിക്കയിൽ നിന്ന് അടിമകളായി അമേരിക്കയിലേക്ക് കൊണ്ടുവന്നു. അവരിൽ മിക്കപേരുടേയും തുടർന്നുള്ള തലമുറയുടേയും മുസ്‌ലിം ഐഡന്റിറ്റി നഷ്ടപ്പെടുകയായിരുന്നു. അവരെല്ലാം ക്രമേണ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു. എന്നിരുന്നാലും 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ യൂറോപ്പിൽ നിന്നും മദ്ധ്യ പൗരസ്ത്യ രാജ്യങ്ങളിൽ നിന്നും മുസ്‌ലിംകൾ അമേരിക്കയിലേക്ക് കുടിയേറാൻ ആരംഭിച്ചു. 1920 ൽ അഹ്മദിയ്യാ മിഷനറി ഹദ്റത്ത്



അമേരിക്കയിലെ ആദ്യകാല മുസ്‌ലിംകൾ



അലക്സാഡർ റസ്സൽ



ഇനായത്ത് ഖാൻ

മുഫ്ത്തി മുഹമ്മദ് സാദിക്ക്(റ) ന്യൂയോർക്കിലെത്തുമ്പോൾ അവരുടെ എണ്ണം ക്രമേണ ആയിരങ്ങളിലേക്ക് പെരുകിയിരുന്നു. ഹദ്റത്ത് മുഫ്ത്തി സാഹിബ് വരുന്നതിന് മുമ്പ് അമേരിക്കയിലെ ഏതാനും വെള്ളക്കാർ അവരുടെ വ്യക്തിപരമായ അന്വേഷണ ഫലമായി ഇസ്‌ലാം മതം സ്വീകരിച്ചിരുന്നു. അവരിൽ ഏറ്റവും പ്രഗല്ഭൻ പത്ര പ്രവർത്തകനും ഡിപ്ലോമാറ്റുമായിരുന്ന അലക്സാണ്ടർ റസ്സൽ വെബ്ബ് (1846-1916)ആയിരുന്നു. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായിരുന്ന ഇന്ത്യയിലെ ഹദ്റത്ത് മിർസാ ഗുലാം അഹ്മദു (അ) മായി അദ്ദേഹം കത്തെഴുത്തു നടത്തുകയുണ്ടായി. മി. വെബ്ബ് മൻഹാട്ടനിലെ ബ്രോഡ്‌വേയിൽ ഒരു പബ്ലിഷിങ്ങ് കമ്പനി സ്ഥാപിച്ചുകൊണ്ട് ഇസ്‌ലാം മത പ്രചരണം ആരംഭിച്ചു. അദ്ദേഹം Muslim World എന്ന പേരിൽ അവിടെനിന്ന് ഒരു മാഗസിൻ ആരംഭിക്കുകയും ഒരുപള്ളി പണിയുക യുമുണ്ടായി.കൂടാതെ മൻഹാട്ടൻ, ചിക്കാഗോ, ഫിലാഡെൽഫിയ, പിറ്റ്സ് ബർഗ്, ക്ലീവ്‌ലന്റ്, വാഷിങ്ങ്ടൺ മുതലായ സ്ഥലങ്ങളിൽ സ്റ്റഡി സർക്കിളുകൾ സ്ഥാപിക്കുകയും ചെയ്തു. 1893ൽ ചിക്കാഗോയിൽ ചേർന്ന ലോകമതമഹാസമ്മേളനത്തിൽ ഇസ്‌ലാം മതത്തെ പ്രതിനിധീകരിച്ചത് അദ്ദേഹമാണ്. നിർഭാഗ്യകരമെന്നു പറയട്ടെ അദ്ദേഹത്തിന്റെ ശ്രമങ്ങളൊന്നും ദീർഘകാലം നിലനിൽക്കുന്ന ഫലം നൽകിയില്ല. 1916 ൽ അദ്ദേഹം മരണമടഞ്ഞപ്പോൾ മയ്യത്ത് നമസ്കരിക്കാൻ ഒരു മുസ്‌ലിമും ഉണ്ടായിരുന്നില്ല. അമേരിക്കയിലുണ്ടായ മറ്റൊരു മിഷനറി പ്രവർത്തനം മുസ്‌ലിം മിസ്റ്റിക്കും സംഗീതജ്ഞനുമായിരുന്ന ഇനായത്ത് ഖാന്റേ (1882-1927)തായിരുന്നു. അദ്ദേഹം അമേരിക്കയിലുടനീളം സഞ്ചരിച്ചുകൊണ്ട് സ്നേഹം. സൗഹാർദം, സൗഹോദര്യം എന്നീ വിഷയങ്ങളിലൂന്നിക്കൊണ്ട് പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ആ ശ്രമവും പറയത്തക്ക ഫലങ്ങളൊന്നും നൽകിയില്ല. 1926 ൽ അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങി.

1920 കളിൽ അമേരിക്കയിലെ വിവിധ നഗരങ്ങളിലും പട്ടണങ്ങളിലുമായി ഏകദേശം 20,000 മുസ്‌ലിംകൾ ചിതറിപ്പാർത്തിരുന്നു. അവരാരും തന്നെ സംഘടിതരായിരുന്നില്ല. അവർ മുഖ്യമായും കേന്ദ്രീകരിച്ചിരുന്നത് ന്യൂയോർക്ക്, ദർബൻ, ഡെട്രോയ്, ചിക്കാഗോ, മുതലായ നഗരങ്ങളിലായിരുന്നു. അവരിൽ മിക്കപേരും

അൽബേനിയ,ബോസ്നിയ, പോളണ്ട്, ടർക്കി, കുർദിസ്ഥാൻ, യെമൻ, പലസ്തീൻ, ലെബനോൻ,ഇന്ത്യയിലെ പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു. അമേരിക്കയിലേക്കുള്ള അവരുടെ കുടിയേറ്റത്തിന്റെ മുഖ്യ ഉദ്ദേശ്യം സാമ്പത്തികമായിരുന്നു. മതപരമായിരുന്നില്ല. തൊഴിലാളികളും ചെറിയ കച്ചവടവുമായി അവർ അമേരിക്കയിൽ ജീവിച്ചു വന്നു. അമേരിക്കയിൽ ആദ്യത്തെ പള്ളി 1905 ൽ ബിഡ്ഫോർഡിലാണ് പണിതത്. ചില സ്ഥലങ്ങളിൽ കുടിയേറ്റക്കാരായ മുസ്‌ലിംകൾ ചില സൊസൈറ്റികൾ ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. ഉദാഹരണത്തിന് ചിക്കാഗോയിൽ വളരെ സംഘടിതമായിരുന്ന ബോസ്നിയൻ മുസ്‌ലിംകൾ 1906 ൽ Dzemijetul-Hajrije (The Benevolent Society) എന്ന ഒരു സാമൂഹിക സേവന സംഘടനരൂപീകരിക്കുകയുണ്ടായി. അത്പോലെ 1907ൽ പോളിഷ് ഭാഷ സംസാരിക്കുന്ന താർത്താരി മുസ്‌ലിംകൾ ന്യൂയോർക്കിൽ അമേരിക്കൻ മുഹമ്മദൻ സൊസൈറ്റി എന്ന സംഘടനക്ക് രൂപം നൽകി.

അഹ്മദിയ്യാ മിഷനറി ഹദ്റത്ത് ഡോ. മുഫ്ത്തി മുഹമ്മദ് സാദിക്ക് 1920ലാണ് അമേരിക്കയിലെ ഫിലാഡെൽഫിയയിൽ എത്തിച്ചേരുന്നത്. പക്ഷേ എമിഗ്രേഷൻ ഓഫീസർമാർ അദ്ദേഹത്തെ ജയിലിലടച്ചു. അക്കാര്യം അദ്ദേഹം തന്നെ വിവരിക്കുന്നത് ഇപ്രകാരമാണ്.

‘എനിക്കുണ്ടായ ആദ്യത്തെ ബുദ്ധിമുട്ട് എമിഗ്രേഷൻ ഓഫീസർമാരിൽ നിന്നായിരുന്നു. ഞാൻ വന്ന അതേ സ്റ്റീമർ വാഹനത്തിൽ തന്നെ തിരിച്ചു പോകണമെന്ന് അവർ ആവശ്യപ്പെട്ടു. കാരണം താൻ ഒരു മുസ്‌ലിം മിഷനറിയായിട്ടാണ് വന്നത് എന്നതിനാലായിരുന്നു. ഞാൻ തിരിച്ചു പോകാൻ വിസമ്മതിക്കുകയും വാഷിങ്ങ്ടണിലെ ഉന്നതാധികാരികളോട് സമ്മതമാവശ്യപ്പെടുകയുമുണ്ടായി. 7 ആഴ്ചകളോളം എനിക്ക് തടങ്കലിൽ കഴിയേണ്ടിവന്നു. അത് വലിയ പരീക്ഷണത്തിന്റെ കാലമായിരുന്നു. പക്ഷേ ഞാനത് അനുഗ്രഹത്തിന്റെ കാലഘട്ടമായണ് കണക്കാക്കിയത്. കാരണം എനിക്ക് ആ അവസരത്തിൽ ദൈവത്തോട് ധാരാളമായി പ്രാർഥിക്കാനുള്ള അവസരം ലഭിക്കുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യാൻ സാവകാശം കിട്ടുകയുമുണ്ടായി. അതിലുപരി യായി അവിടെ എന്നെപ്പോലെ ജയിലിലടച്ചവർക്കിടയിൽ പ്രബോധനം ആരംഭിക്കാൻ സാധിക്കുകയും ചെയ്തു.[1]



ഡോ. മുഫ്ത്തി മുഹമ്മദ് സാദിക്ക് (റ)

തീർച്ചയായും അദ്ദേഹത്തിന്റെ ജയിലിലെ പ്രബോധനം വമ്പിച്ച വിജയമായിരുന്നു. ജയിലിൽ വെച്ച് 21 തടവുകാർ ഇസ്‌ലാം മതം സ്വീകരിച്ചു. തടങ്കലിൽ നിന്ന് മോചിതനായതിന് ശേഷം ന്യൂയോർക്ക്, ചിക്കാഗോ, ദിട്രോയിറ്റ്, ഡോജിയാക്, മിച്ചിഗൺ സിറ്റി, സിയോക്സ് സിറ്റി, സിയോക്സ് ഫാൾസ് എന്നിവിടങ്ങളിൽ ഒരു വർഷത്തിനുള്ളിൽ അദ്ദേഹം 50 പൊതു പ്രഭാഷണങ്ങൾ നടത്തി. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ന്യൂയോർക്കിൽ ആദ്യമായി ഒരു തദ്ദേശ വനിത ഇസ്‌ലാം മതം സ്വീകരിക്കുകയുണ്ടായി. മിസ്സിസ് എസ്. ഡബ്ലിയു. സൊബോളോസ്കി എന്ന സ്ത്രീയായിരുന്നു അത്. ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിക്ക്(റ) അവർക്ക് ഇസ്‌ലാമിക നാമമായ ഫാത്തിമാ മുസ്തഫ എന്ന പേര് നൽകി. പിന്നീട് അദ്ദേഹം മിച്ചിഗണിലെ ഡിട്രോയിക്കടുത്തുള്ള ഹൈലാന്റ് പാർക്കിൽ താമസമുറപ്പിക്കുകയും ടൊളിഡോ, ഫോർട്ട് വെയ്ൻ, ബ്രിമൻ എന്നീ സ്ഥലങ്ങളിലുടനീളം പ്രഭാഷണങ്ങൾ നടത്തിയും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചും അഭിമുഖങ്ങൾ നടത്തിയും ഇസ്‌ലാമിക പ്രചാരണം നടത്തുകയും ചെയതു.

1921 ൽ അദ്ദേഹം The Muslim Sunrise എന്ന പ്രസിദ്ധീകരണം ( 'The Molsem Sunrise' എന്നായിരുന്നു അക്കാലത്തെ സ്പെല്ലിങ്ങ്) ആരംഭിച്ചു. 3000 കോപ്പികളോളം അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്തു. ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയതവരുടെ പേരും ഫോട്ടോയും മുസ്‌ലിം സൺറൈസിൽ ചേർക്കാറുണ്ടായിരുന്നു. വിശുദ്ധ ഖുർആനിൽ നിന്നുള്ള ഉദ്ധരണികൾ, ഹദീസുകൾ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ലിഖിത ശകലങ്ങൾ ഇസ്‌ലാമിനെപറ്റിയുള്ള ലേഖനങ്ങൾ എന്നിവ സ്ഥിരമായി പ്രസിദ്ധികരിച്ചിരുന്നു. സൺറൈസ്, അമേരിക്കൻ വായനക്കാർക്കിടയിൽ വളരെ പ്രശസ്ത മായിരുന്നു.

യുണൈറ്റഡ് സ്റ്റേറ്റ് ഓഫ് അമേരിക്ക മഹത്തായ പാരമ്പര്യമുള്ള ഒരു രാജ്യമാണ്. ലക്ഷക്കണക്കിന് മുസ്‌ലിംകൾ അവിടെ ഉണ്ടാകട്ടെയെന്നും ആ നാട് കോടിക്കണക്കിന് മുസ്‌ലിംകളുടെ ജന്മഗൃഹമായിത്തീരട്ടെയെന്നും സ്വതന്ത്രവും ഫലഭൂയിഷ്ഠവും സമ്പന്നവുമായ ഈ രാജ്യത്തിന്റെ പൗരത്വം കൊണ്ട് മുസ്‌ലിംകൾ അനുഗൃഹീതരായിത്തീരട്ടെയെന്നുമാണ് ‘സൺറൈസ്‘ ആഗ്രഹിക്കുന്നത്.[2] എന്നിരുന്നാലും അമേരിക്കൻ മുസ്‌ലിംകളുടെ ഐഡന്റിറ്റി നഷ്ടപ്പെടാതിരിക്കാനുള്ള സംരക്ഷണോപാധികൾ അവർ എടുത്തിരുന്നു. മുസ്‌ലിംകൾക്ക് ഉചിതമായ ഉപദേശങ്ങൾ കൊടുക്കുകയും നിത്യജീവിതത്തിൽ ഇസ്‌ലാം മതം പ്രായോഗികമാക്കേണ്ട രീതികളെപ്പറ്റി ആ മാഗസിൻ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അഞ്ചുനേരം നമസ്കരിക്കണമെന്നും അറബി ഭാഷ പഠിക്കണമെന്നും ഇസ്‌ലാം മതത്തെപ്പറ്റി അന്യ മതസ്ഥരോട് പ്രബോധിക്കണമെന്നും മുഫ്തി മുഹമ്മദ് സാദിക്ക് പുതു വിശ്വാസം സ്വീകരിച്ചവരെ പഠിപ്പിച്ചു. ഇസ്‌ലാമിക നാമം സ്വീകരിക്കണമെന്നും ജോർജ്, ജെയിംസ്, മൈക്ക്, എന്നിങ്ങനെയുള്ള പേർ മാത്രമായി ഉപയോഗിക്കരുതെന്നും അദ്ദേഹം അവരെ ഉണർത്തി. ഇസ്‌ലാമിൽ ജൂത-ക്രിസ്ത്യൻ സ്ത്രീകളെ, അവരുടെ വിശ്വാസത്തിൽ നിൽക്കുന്ന വരായിരിക്കെ തന്നെ വിവാഹം ചെയ്യൽ അനുവദനീയമാണെന്നും. അങ്ങനെ വിവാഹം ചെയ്ത മുസ്‌ലിം ഭർത്താക്കന്മാർ തങ്ങളുടെ അമുസ്‌ലിം ഭാര്യമാരോട് വളരെയേറെ കാരുണ്യത്തോടെയും സ്നേഹത്തോടെയും നിഷ്കളങ്കമായും പെരുമാറണമെന്നും മനുഷ്യരാശിയുടെ യോഗക്ഷേമത്തിനായി നിലകൊള്ളുന്ന ഇസ്‌ലാം ദൈവത്തിൽ നിന്നുള്ള പരിശുദ്ധ മതമാണെന്ന് അവരെ ബോധ്യപ്പെടുത്തണമെന്നും അദ്ദേഹം അവരെ ഉണർത്തുകയുണ്ടായി. അവരുടെ സന്താനങ്ങളെ ഇസ്‌ലാം മതാ



അമേരിക്കയിലെ അഹ്മദികൾ നിർമിച്ച പള്ളി (ബൈത്തുർ റഹ്മാൻ വാഷിംഗ്ടൺ)

ചാരപ്രകാരം വളർത്താൻ പ്രത്യേകം ഊന്നൽ നൽകണമെന്നും കൂടാതെ ഏക ദൈവത്തെ ആരാധിക്കാൻ എല്ലാ പട്ടണങ്ങളിലും മസ്ജിദുകൾ പണിയണമെന്നും അദ്ദേഹം ഉപദേശിക്കുകയുണ്ടായി.

1921 ൽ ഹൈലന്റ് പാർക്കിലെ ധനികനായ മുസ്‌ലിം റിയൽ എസ്റ്റേറ്റ് ഏജന്റ് മുഹമ്മദ് കറൂബ് സാഹിബ് മിച്ചിഗൺ ഡെട്രോയിട്ടിൽ ഒരു മസ്ജിദ് പണിയുകയുണ്ടായി. അതിന്റെ ഉദ്ഘാടനം ഒരു ഈദുൽ ഫിത്ർ ദിനത്തിലായിരുന്നു നടത്തിയത്. ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിക്ക് (റ) ആയിരുന്നു പെരുന്നാൾ ഖുത്ബ നിർവഹിച്ചുകൊണ്ട് ഉദ്ഘാടനം നിർവഹിച്ചത്. മാത്രമല്ല അദ്ദേഹം അവിടെയുള്ള മുസ്‌ലിംകളുമായി ഒരു ഘോഷയാത്ര നയിക്കുകയും ചെയ്തു. ഇത് തെളിയിക്കുന്നത് ഹദ്റത്ത് മുഫ്തി(റ) സാഹിബ് മറ്റു മുസ്‌ലിംകളുടെ ആഘോഷങ്ങളിലും സന്തോഷങ്ങളിലും പങ്കെടുക്കാൻ യാതൊരു സങ്കോചവും കാണിച്ചില്ല എന്നാണ്.

മിച്ചിഗണിലെ ഹൈലന്റ്പാർക്കിൽ നിന്ന് മുഫ്ത്തി സാഹിബ്(റ) ഇല്ലിനോയ്സിലെ ചിക്കാഗോയിലേക്ക് പോവുകയും വിജയകരമായ രീതിയിൽ അവിടെ മിഷനറി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ചിക്കാഗോക്കടുത്തുള്ള ബ്രോൺസിവില്ലാ പട്ടണത്തിലെ സൗത്ത് വബാഷ് സ്ട്രീറ്റിൽ അദ്ദേഹം 1922 ൽ ഒരു പള്ളിയും ആസ്ഥാനവും പണിയുകയുണ്ടായി. അമേരിക്കയിലെ നീഗ്രോ വംശജരാണ് വെള്ളക്കാരേക്കാൾ ഇസ്‌ലാം മതത്തോട് പ്രതികരിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. അവരോട് വെള്ളക്കാർ കാണിക്കുന്ന വിവേചനമാണ് ഇതിന് കാരണമെന്ന് അദ്ദേഹം മനസ്സിലാക്കി. 1920 കളിൽ ആഫ്രിക്കൻ അമേരിക്കക്കാർക്ക് വോട്ട് ചെയ്യാൻ അവകാശമുണ്ടായിരുന്നില്ല. അവരുടെ ആത്മചൈതന്യത്തെ തൊട്ടുണർത്തിക്കൊണ്ട് അവരിൽ ആത്മാഭിമാനം അങ്കുരിപ്പിക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. ഇസ്‌ലാം അവരുടെ ജീവിതത്തിൽ അദ്ഭുതകരമായ ഒരുചൈതന്യമായിമാറുമെന്നും ലോകമുസ്‌ലിംകൾക്കൊപ്പം സ്നേഹത്തിന്റെ പാശത്താൽ അവർ ബന്ധിതരാകുമെന്നുമായിരുന്നു അവർക്ക് അദ്ദേഹം നൽകിയ സന്ദേശം. വിശ്വൈകമതമായ ഇസ്‌ലാം മതത്തിന്റെ സാമൂഹിക നീതിയും സമത്വവുമാണ് ആഫ്രിക്കൻ മുസ്‌ലിംകളെ കൂടുതൽ ആകർഷിക്കുന്നത്. ബ്ളാക്ക് നാഷനലിസവും പാൻ ആഫ്രിക്കനിസവും ലക്ഷ്യംവെച്ച് കൊണ്ട് മാർകസ് ഗാർവി (1887–1940) സ്ഥാപിച്ച UNIAACL (Universal Negro Improvement Association and African Communities League) എന്ന കറുത്തവരുടെ രാഷ്ട്രീയ താൽപര്യങ്ങൾക്കായി പ്രവർത്തിക്കുന്ന സംഘടനയുടെ സഹയാത്രികനായി അദ്ദേഹം പ്രവർത്തിക്കുകയും ആ മേഖലയിൽ അദ്ദേഹം തന്റെ സാന്നിധ്യമറിയിക്കുകയും ചെയ്തു. മാർകസ് ഗാർവിയുടെ നിരവധി അനുയായികൾ ഇസ്‌ലാം മതമാണ് വർണവിവേചനത്തിന് ശാശ്വതമായ പ്രതിവിധി നൽകുകയെന്ന് വിശ്വസിച്ചവരായിരുന്നു.

മതപരിവർത്തനം ചെയ്ത്‌വന്ന കറുത്ത വർഗക്കാരെ പരിശീലിപ്പിച്ച് മുഫ്ത്തി മുഹമ്മദ് സാദിക്ക് സാഹിബ് (റ) അവരെ പുതുതായി രൂപപ്പെട്ടു വരുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ നേതൃസ്ഥാനങ്ങളിൽ അവരോധിക്കുകയുണ്ടായി. ഉദാഹരണത്തിന് അത്തരത്തിൽ പരിവർത്തനം ചെയ്തുവന്ന നഥാനിയേൽ ജോൺസൺ എന്നു പേരുള്ള കറുത്ത വർഗക്കാരനായ ഒരാളെ സെന്റ് ലൂയീസ് മിസ്സോറിയിലെ പള്ളിയിലെ ഇമാമായി നിശ്ചയിക്കുകയും അദ്ദേഹത്തിന് അഹ്മദ് ദിൻ എന്ന മുസ്‌ലിം നാമം നൽകുകയും ചെയ്തു. അദ്ദേഹം പിന്നീട് ക്രിസ്ത്യൻ മിഷനറിമാർ ക്രിസ്ത്യാനികളാക്കിയ ആയിരക്കണക്കിന് ആഫ്രിക്കക്കാരെ ഇസ്‌ലാമിലേക്ക് പരിവർത്തിപ്പിക്കുക യുണ്ടായി. അമേരിക്കയിലെ ആദ്യ വനിതാ അഹ്മദിയായ ഫാത്തിമ മുസ്തഫ അറബിഭാഷ പഠിക്കുകയും ഇസ്‌ലാമിക സാഹിത്യത്തിൽ അവഗാഹം നേടുകയും ന്യൂയോർക്കിൽ ഇസ്‌ലാം മതത്തെത്തെപ്പറ്റി പ്രഭാഷണം നടത്തുകയും ചെയ്തു. പുതുതായി മതപരിവർത്തനം ചെയ്തവർ മുഫ്തി സാഹിബി(റ)നെ എഴുത്തുകുത്തുകളിൽ സഹായിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആദ്യത്തെ 15 മാസത്തെ മിഷനറി പ്രവർത്തനത്തിനിടക്ക് ഓരോ മാസവും വിവിധ ചർച്ച് നേതാക്കന്മാരിൽ നിന്നും സിവിൽ സംഘടനാ നേതാക്കന്മാരിൽ നിന്നും മറ്റു പ്രമുഖ വ്യക്തികളിൽ നിന്നും വിവിധ പത്രങ്ങളിൽനിന്നും ഏകദേശം ആയിരത്തോളം കത്തുകൾ മാസംതോറും വരുമായിരുന്നു. ഈ സമയത്തിനുള്ളിൽ തന്നെ പ്രശസ്തമായ ജേർണലുകളിലേക്കും ദിനപത്രങ്ങളിലേക്കും 30 ഓളം വിവിധ ലേഖനങ്ങളും അദ്ദേഹം എഴുതുകയുണ്ടായി. ഇതിനെ അമേരിക്കക്കാർ 'Missionary Epistle' (മിഷനറിയുടെ ലേഖനങ്ങൾ) എന്നാണ് വിളിച്ചിരുന്നത്. ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിക്ക്(റ) ലോകത്തിലെ രാജാക്കന്മാർക്കും ഭരണാധികാരികൾക്കും അതുപോലെ പ്രമുഖരായ വ്യക്തികൾക്കും അമേരിക്ക യിലെ നിയുക്ത പ്രസിഡന്റ്മാർക്കും കത്തുകളയക്കുമായിരുന്നു. മൂന്ന് വർഷത്തെ മുഫ്ത്തിസാഹിബിന്റെ പ്രാഥമിക പ്രവർത്തനത്തിന് ശേഷം മറ്റു അഹ്മദിയ്യാ മിഷനറിമാർ ഇന്ത്യയിൽ നിന്ന് വരാൻ തുടങ്ങി. 1923 സെപ്തംബർ 18ന് ഇസ്‌ലാമിന്റെ ജയശാലിയായ ഈ മഹാപ്രതിഭാശാലി അമേരിക്കയിലെ വിജയകരമായ പ്രചാരണ ദൗത്യത്തിന് ശേഷം ഇന്ത്യയിലേക്ക് മടങ്ങി. ■

റഫറൻസ്

1.The Muslim Sunrise, Vol. 1, No. 1, page 12.
2.The Muslim Sunrise, Vol. 1, No. 1, page 29.



# വിപ്ലവത്തിന്റെ അർഥം

കെ.സി. മഖ്ബൂൽ അഹ്മദ്, കോഴിക്കോട്

നാനാവിധത്തിലുള്ള അർഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന വിപ്ലവം എന്ന പദത്തിന്റെ ആശയത്തെ പറ്റി ലേഖകൻ വിവരിക്കുന്നു.

**സാ**മൂഹ്യ ശാസ്ത്രത്തിൽ ഒരു വിഷയം ചർച്ചക്കെടുക്കുന്നതിന് മുമ്പായി അതിന്റെ അർഥം നിർണയിക്കണം. സാങ്കേതിക പദങ്ങൾ നിഘണ്ടു നോക്കിയല്ല അർഥം പറയുകയോ നിർവചിക്കുകയോ ചെയ്യാറ്. നിഘണ്ടുവിൽ വിപ്ലവം എന്ന പദത്തിന്റെ വ്യവഹാരികാർഥത്തിൽ നിന്ന് ഭിന്നമായ അർഥമാണ് പലപ്പോഴും ലഭിക്കുക. വിപ്ലവം എന്ന പദത്തിന് പൊങ്ങി (പ്ലവം)നിൽക്കുന്നത്, ഉപദ്രവം, കലഹം എന്നെല്ലാമുള്ള അർഥം കൂടി നിഘണ്ടുവിൽ രേഖപ്പെടുത്തിയതായി കാണാം. സാമൂഹിക ശാസ്ത്രങ്ങളും പ്രത്യയശാസ്ത്രങ്ങളുമാണ് ഇത്തരം സാമൂഹിക സംജ്ഞകൾക്ക് അർഥം നൽകുന്നത്. അങ്ങനെ വരുമ്പോൾ നിർവചിക്കാൻ വിഷമമേറിയ പദങ്ങളിലൊന്നാണ് വിപ്ലവം. എന്തെല്ലാം സംഭവങ്ങളാണ് വിപ്ലവത്തിന് അടിസ്ഥാനം എന്നതിനെക്കുറിച്ചുള്ള അഭിപ്രായഭിന്നതയാണ് ഈ ബുദ്ധിമുട്ടിന് പ്രധാന കാരണം. വിപ്ലവം എന്ന വാക്കുകൊണ്ട് സാധാരണ ഭൗതിക രാഷ്ട്ര വ്യവസ്ഥയിൽ അർഥമാക്കുന്നത്, സമൂഹത്തിനകത്ത് ഉണ്ടാകുന്ന ദ്രുതഗതിയിലുള്ളതും പ്രക്ഷുബ്ധവുമായ സമൂല പരിവർത്തനമാണ്. എന്നാൽ സമൂലമായ പ്രവർത്തനങ്ങൾ സൃഷ്ടിക്കാതെ ചില മണ്ഡലങ്ങളിൽ മാത്രം സ്ഫോടനാത്മകമായ മാറ്റങ്ങൾ ഉണ്ടാകുന്ന സംഭവങ്ങളെയും വിപ്ലവമെന്ന് ഉൽഘോഷിക്കാറുണ്ട്.

ഇന്ന് ലോകത്തിൽ പ്രാബല്യം സിദ്ധിച്ചിട്ടുള്ള പല പ്രത്യയശാസ്ത്രങ്ങളും ലക്ഷ്യപ്രാപ്തിക്കായി സായുധ വിപ്ലവങ്ങളാണ് അഭികാമ്യമെന്ന് പറയുന്നവരാണ്. അതേസമയം തന്നെ അവർക്കെതിരായി നിലകൊള്ളുന്ന പ്രസ്ഥാനങ്ങളെയും പരിവർത്തനങ്ങളെയും പ്രതിവിപ്ലവം എന്നും ഇക്കൂട്ടർ മുദ്ര കുത്താറുണ്ട്. നാനാവിധത്തിലുള്ള അർഥത്തിലും ഈ പദം പ്രയോഗിക്കുന്നത് മൂലമാണ് വിപ്ലവമെന്ന പദത്തിന്റെ നിർവചനം ദുഷ്ക്കരമാകുന്നത്. സംഭവങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തി അവയുടെ വിപ്ലവസ്വഭാവം തിട്ടപ്പെടുത്തുന്നതും അവയെക്കുറിച്ച് താരതമ്യം നടത്തുന്നതിനും വിപ്ലവമെന്ന പദത്തിന്റെ അർഥവും വ്യാപ്തിയും നിർണയിക്കേണ്ടത് ആവശ്യമാണ്.

രാഷ്ട്രീയത്തിലും മതരംഗത്തും വൈജ്ഞാനിക രംഗത്തുമെല്ലാം വിപ്ലവങ്ങൾ സംഭവിക്കാറുണ്ട്. വിപ്ലവങ്ങളുടെ വിവിധ വശങ്ങൾ വിശകലനം ചെയ്യുവാനുതകുന്ന ഒരു മാനദണ്ഡം ഇതിനെല്ലാം ആവശ്യമാണ്. വിപ്ലവകരമെന്ന് പൊതുവെ ചില സംഭവപരമ്പരകളുടെ പശ്ചാത്തലത്തിൽ ഉണ്ടാവുന്ന എല്ലാ പരിവർത്തനങ്ങളേയും വിശകലനം ചെയ്യാൻ പര്യാപ്തമായ ഒരു മാനദണ്ഡം കണ്ടെത്തുകയാണ് ഇവിടെ ലക്ഷ്യമാക്കുന്നത്.

ബലപ്രയോഗം മൂലം രാഷ്ട്രത്തിന്റെ അധികാര കുത്തകയെ ഫലപ്രദമായി വെല്ലുവിളിക്കുമ്പോൾ ഒരു വിപ്ലവം പൊട്ടിപ്പുറപ്പെടുകയും അധികാരം പുനസ്ഥാപിക്കുന്നത് വരെ ആ പ്രക്ഷുബ്ധാവസ്ഥ നിലനിൽക്കുകയും ചെയ്യും. വിപ്ലവകാരികൾക്ക് നിലവിലുള്ള നിയമങ്ങളും കീഴ്വഴക്കങ്ങളും സ്വീകാര്യമല്ല. വ്യവസ്ഥാപിത മാർഗങ്ങളിലൂടെ ലക്ഷ്യത്തിലെത്താനാകില്ലെന്ന വിശ്വാസം ഈ ഉദ്യമത്തിന്റെ ആണിക്കല്ലാണ്. പുതിയ വ്യവസ്ഥിതിയുടെ സ്ഥാപനം തന്നെ അക്രമത്തിലധിഷ്ഠിതമായിരിക്കും. എന്നാൽ ബലപ്രയോഗം സാധാരണ വിപ്ലവത്തിന്റെ ഭാഗമാണെങ്കിലും അതുകൊണ്ടു മാത്രം ഒരു സംഭവം വിപ്ലവമാകണമെന്നില്ല. നേരെ മറിച്ച് വിപ്ലവമായത് കൊണ്ട് അതിൽ ബലപ്രയോഗമുണ്ടെന്ന് കരുതുന്നതാണ് ശരി.

വിപ്ലവത്തിന്റെ സർവസാധണമായ ഒരു കാരണം, സമൂഹത്തിലെ ഒരു വിഭാഗം ആളുകൾക്ക് ന്യായമായി അനുവദിച്ചു കിട്ടേണ്ടതെന്ന് അവർ വിശ്വസിക്കുന്ന അവകാശങ്ങൾ പ്രത്യേകിച്ച് രാഷ്ട്രീയാവകാശങ്ങൾ അനുവദിച്ച് കിട്ടാത്തതാണ്. സാമൂഹ്യ വും സാമ്പത്തികവുമായ സമൂല പരിവർത്ത

നങ്ങൾ അത്തരം അധികാരങ്ങളും അവകാശങ്ങളും പുനർ വിഭജനം ചെയ്യപ്പെടുമെന്ന് വിപ്ലവകാരികൾ കരുതുന്നു. ഈ അവകാശങ്ങളും അധികാരങ്ങളും പരമ്പരാഗതമായി അനുഭവിച്ചുവരുന്ന വിഭാഗം ഇതിന് തയ്യാറല്ല. തന്മൂലം അവഗണന അനുഭവിക്കുന്ന ജനക്കൂട്ടം അക്രമാസക്തമായ മാർഗങ്ങൾ സ്വീകരിക്കുവാൻ നിർബന്ധിതമാവും.

ഒരു വിപ്ലവം ഉണ്ടാകുന്നത് തന്നെ ദീർഘകാലത്തെ അസ്വാസ്ഥ്യങ്ങളുടെയും അസംതൃപ്തിയുടെയും ഫലമായിട്ടായിരിക്കും. സമൂഹത്തിലെ അസംതൃപ്തി കാലാകാലങ്ങളിലായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും വർധിച്ച തോതിലുള്ള നിയമരാഹിത്യം, സംഘടിതമായ പ്രതിഷേധ ശബ്ദങ്ങൾ, അട്ടിമറി, സംഘട്ടനങ്ങൾ, ഭീകര പ്രവർത്തനങ്ങൾ തുടങ്ങിയ പല രൂപങ്ങളിലും നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയിൽ ജനങ്ങൾക്കുള്ള രോഷം പ്രകടമായിക്കൊണ്ടിരിക്കും. വിപ്ലവത്തിന് മുമ്പേ ലോകം പൊതുവേ ശാന്തമാണെന്ന് തോന്നിയാലും കൂടു തൽ സൂക്ഷ്മമായി പരിശോധിച്ചാൽ അസംതൃപ്തിയുടെ അഗ്നിപർവതം അതിനടിയിൽ ജ്വലിക്കുന്നതായിക്കാണാം.

അസംതൃപ്തി വർധിച്ച് വരുംതോറും രാജ്യത്തിൽ ജനങ്ങൾ രണ്ടു ചേരിയായി തിരിയുന്നു. ഒന്ന് പഴയ വ്യവസ്ഥിതിയെ അനുകൂലിക്കുന്നവരും മറ്റേത് അതിനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നവരുമാണ്. നിലവിലുള്ള ഭരണത്തെ നിഷ്കാസനം ചെയ്ത ശേഷം വരുന്ന ഭരണം വിപ്ലവത്തിന്റെ ശത്രുക്കളെ പൂർണമായും അടിച്ചമർത്താൻ അവർക്ക് സാധിച്ചെന്ന് വരില്ല. സ്വാതന്ത്ര്യത്തിന്റെ പേരിലാണല്ലോ വിപ്ലവങ്ങളുണ്ടാവുക. അങ്ങനെ നിലവിൽ വരുന്ന ഭരണകൂടങ്ങൾ വിയോജിപ്പുകളെ ഒരിക്കലും പൊറുപ്പിക്കുകയോ അവർക്ക് സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയോ ചെയ്യാറില്ല.

സാധാരണ ഒരു മിന്നലാക്രമണം മൂലമാണ് തീവ്രവാദികൾ ഭരണം പിടിച്ചെടുക്കുക. തീവ്രവാദികളെ അമർച്ച ചെയ്യാൻ ഭരണകൂടത്തിനുള്ള ശങ്ക, നിർവഹണത്തിന്നുള്ള അപ്രാപ്തത, പുറമെ നിന്നുള്ള അക്രമ ഭീഷണി, ജനങ്ങളിൽ ഒരു വിഭാഗത്തിന് അവരോടുള്ള മതിപ്പ് ഇവയെല്ലാം ചൂഷണം ചെയ്യാനും ഫലപ്രദമായി ഉപയോഗിക്കാനും അറിയുന്നവരാണ് തീവ്രവാദികളായ വിപ്ലവകാരികൾ. അവരുടെ സംഘട്ടനങ്ങൾ നാടിന്റെ നാനാഭാഗത്തുനിന്നുമുയർന്ന് വന്ന് നിലവിലുള്ള ഭരണകൂടത്തിനും സമാധാന പ്രിയരായ ജനങ്ങൾക്കും ഒരു ശല്യമായിത്തീരും. തീവ്രവാദികളായ വിപ്ലവകാരി കളുടെ ഒരു പ്രത്യേകത, സമൂഹത്തിൽ അവരുടെ സംഖ്യ വളരെ കുറഞ്ഞതാണെന്നാണ്. ക്രോംവെല്ലിന്റെ ന്യൂ മോഡൽ പട്ടാളത്തിൽ 20000നും 400000ത്തിനും മധ്യേ എണ്ണം പട്ടാളമായിരുന്നു ഉണ്ടായിരുന്നത്. ഫ്രഞ്ച് വിപ്ലവത്തിലെ തീവ്രവാദികളായ ജെക്കോബിനുകൾ ജനസംഖ്യയുടെ രണ്ട് ശതമാനമാണ് ഉണ്ടായിരുന്നത്. ബോൾഷെവിക്കുകളാവട്ടെ ഒരു ശതമാനം പോലുമില്ലായിരുന്നു. തീവ്രവാദി ഭരണത്തിന്റെ ആദ്യകാലത്തെ അവസ്ഥാവിശേഷം അതിന്റെ പരിപാടിയുടെ ഭീകരതയാണ്. തങ്ങൾക്കെതിരായിട്ടുള്ളവരെയെല്ലാം നശിപ്പിക്കുകയാണ് അവരുടെ ആദ്യത്തെ കർമപരിപാടി. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയേയും സമ്പ്രദായങ്ങളേയും അടിച്ചു തകർക്കുകയോ ഉടച്ചുവാർക്കുകയോ ആണ് അവരുടെ ലക്ഷ്യം. ഇതിന് തടസ്സമായി നിൽക്കുന്നവരായി കരുതപ്പെടുന്നവരാണ് ഭീകര പ്രവർത്തനങ്ങൾക്കിരയാവുന്നത്. വിപ്ലവത്തിന്റെ ആരംഭം മുതൽ നിലവിൽ വന്നിട്ടുള്ള ബലപ്രയോഗത്തിന്റെ ആത്യന്തികസത്തയാണ് ഈ അവസരത്തിൽ ദർശിക്കുന്നത്.

ഏറ്റവും ദരിദ്രവും വിദ്യാവിഹീനരുമായവർ നേതാക്കന്മാരുടെ അണികളിൽ തുലോം വിരളമാണ്. സാമ്പത്തിക പരാധീനതകളാണ് വിപ്ലവത്തിന്ന് പിന്നിലെന്ന പൊതുധാരണക്കെതിരാണിത്. സ്ട്രോസ്കി അഭിപ്രായപെട്ടിരിക്കുന്നത് പോലെ, സാമ്പത്തിക പരാധീനത കൊണ്ട് മാത്രം വിപ്ലവമുണ്ടകുകയില്ല എങ്കിൽ പൊതുജനം എപ്പോഴും വിപ്ലവത്തിൽ ആയിരിക്കുമായിരുന്നു'. നിലവിലുള്ള വ്യവസ്ഥിതിയിൽ പൊതുവെയുള്ള നിരാശയും അസംതൃപ്തിയും അത് നീതീകരിക്കാൻ വയ്യാത്തതാണെന്ന വിശ്വാസവും ഭാവനാപരമായ ആഗ്രഹങ്ങളും സാമ്പത്തിക കാരണത്തെക്കാൾ ഒരു വിപ്ലവകാരിയെ സൃഷ്ടിക്കാൻ പര്യാപ്തമായ കാരണങ്ങളാണ്.

വിപ്ലവത്തിന്റെ ലക്ഷ്യത്തെയും ലക്ഷ്യം നേടാനുപയോഗിക്കുന്ന മാർഗത്തെക്കുറിച്ചും വിപ്ലവത്തിന്റെ വിവിധ ഘട്ടങ്ങളിൽ വ്യത്യാസങ്ങളു ണ്ടാകും. പരിമിതമായ ലക്ഷ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന വിപ്ലവം സമൂഹത്തെ മുഴുവൻ മാറ്റിമറിക്കണ മെന്നുദ്ദേശിച്ചു തുടങ്ങുന്ന വിപ്ലവത്തിൽ നിന്ന് വിഭിന്നമായിരിക്കും. അതുപോലെ നിലവിലിരിക്കുന്ന ഭരണത്തെ അതി ശീഘ്രം തകിടം മറിച്ച്, ലക്ഷ്യ പ്രാപ്തിക്ക് ശ്രമിക്കുന്ന വിപ്ലവം സാവകാശം ജനഹൃദയങ്ങളിൽ തുടങ്ങി അവസാനം ജനനായകരിൽ എത്തുന്ന വിപ്ലവത്തിൽ നിന്ന് വ്യത്യസ്തമായിരിക്കും. വിപ്ലവത്തിന്റെ കാതലായ ഭാഗം ജനഹൃദയ ത്തിലുണ്ടാകുന്ന വികാരങ്ങളാണ്. തങ്ങളുടെ അവകാശങ്ങൾ, കടമകൾ, ധർമിക മൂല്യങ്ങൾ ഇവയെ കുറിച്ച് ജനങ്ങൾക്കുണ്ടാകുന്ന പുതിയ കാഴ്ച പ്പാടും ചിന്താഗതിയുമാണ് വിപ്ലവ ത്തിന്റെ പ്രചോദനവും അടിസ്ഥാനവും. സമ്പൂർണ പരിഷ്ക്കരണത്തെ മുൻ നിർത്തിയുള്ള പല വിപ്ലവങ്ങളും ജനങ്ങളുടെ രാഷ്ട്രീയവും വ്യക്തി പരവുമായ പല സ്വാതന്ത്ര്യങ്ങളും ഹനിക്കുന്നതാണ്. ഈ കാരണം കൊണ്ടുതന്നെ വിപ്ലവാനന്തര സമൂഹ വ്യവസ്ഥിതി ചില മാനദണ്ഡങ്ങളിൽ മുമ്പ് ഉണ്ടായിരുന്നതിലും കൂടുതൽ അസമത്വാധിഷ്ഠിതമാണ്. വിപ്ലവം ഒരു വിധത്തിലുള്ള സ്വേച്ഛാധിപത്യത്തിന് പകരം വേറൊരു വിധത്തിലുള്ള സ്വേച്ഛാധിപത്യം സ്ഥാപിക്കുന്നു. അങ്ങനെവരുന്നപക്ഷം മനുഷ്യ സ്വാതന്ത്ര്യത്തെ സംബന്ധിച്ചേടത്തോളം വിപ്ലവം പുരോഗമനപരമായ ഒരു ആശയമാണെന്ന് പറയാൻ സാധ്യമല്ല. അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസ ത്വാഹിർ അഹ്മദ് (റഹ്) പറഞ്ഞത് പോലെ 'സാതന്ത്ര്യം ജീവതത്തിന്റെ ഏറ്റവും വിലയേറിയ കനിയാണ്, മനുഷ്യൻ അവനിൽ രൂഢമൂലമായ സ്വാതന്ത്ര്യത്തിന്റെ സാരസംഗ്രഹമാണ്. അവന്റെ ഓരോ ഊടും പാവും നെയ്തെടുത്തത് സ്വാതന്ത്ര്യത്തിന്റെ നാരുകൊണ്ടാണ്. എങ്കിലും അദ്ഭുതകരമെന്ന് പറയട്ടെ, അന്തിമ വിശകലനത്തിൽ എല്ലാ മനുഷ്യനിർമിത സ്ഥാപനങ്ങളും മനുഷ്യ സ്വാതന്ത്ര്യത്തിനെതിരായി നിലകൊള്ളുന്നുവെന്ന് നാം കാണുന്നു'.

ഭൗതിക വിപ്ലവങ്ങൾ അതിന്റെ പ്രഖ്യാപിത ലക്ഷ്യം നേടിക്കഴിഞ്ഞാൽ വിപ്ലവമവസാനിച്ചു എന്ന് കരുതാമോ? അങ്ങനെയാണെങ്കിൽ ഒരു വിപ്ലവത്തിന്റെയും പ്രഖ്യാപിത ലക്ഷ്യങ്ങൾ ഇതുവരേയും നേടാൻ സാധിച്ചിട്ടില്ല. മതങ്ങളെ സമൂഹത്തിൽ നിന്ന് നിർമാർജനം ചെയ്യാനുള്ള ജോക്കോബിനുകളുടെയും ബോൾഷേവിക്കുകളുടെയും പരിശ്രമം ദൃഷ്ടാന്തമാണ്.

അത് ഇത്വരേയും നേടാൻ സാധ്യമായിട്ടില്ലല്ലോ. അമേരിക്കൻ വിപ്ലവത്തിൽ ഉയർത്തിപിടിച്ച പൂർണ സമത്വം ഇന്നും സാക്ഷാൽക്കരിക്കപെട്ടിട്ടില്ല. എങ്ങനെയാണ് വിപ്ലവം അവസാനിക്കുക? ഇതിന് കൃത്യമായ ഉത്തരം നൽകുവാൻ ഭൗതിക വിപ്ലവകാരികൾക്ക് സാധ്യമല്ല. അതിന് ഹൃദയത്തിന്റെ രഹസ്യങ്ങൾ അറിയണം. മനുഷ്യ ഹൃദയങ്ങളിൽ ചിരസ്ഥായിയായതും ശാശ്വത പ്രതിഷ്ഠയുണ്ടാക്കുന്നതുമായ മാറ്റങ്ങളാണ് വാസ്തവത്തിൽ യഥാർഥമായ വിപ്ലവം.

സാമൂഹ്യ സ്ഥാപനങ്ങളും വിശ്വാസങ്ങളും വ്യവസ്ഥകളും മാറണമെന്ന് ആഗ്രഹിക്കുന്നവർ വന്നുഭവിച്ച അത്തരം മാറ്റങ്ങൾ പുനരവലോകനം ചെയ്യുവാനും മാറ്റങ്ങൾ ഏത് വിധത്തിലാണ് ഉണ്ടാവേണ്ടത് എന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ കണ്ടെത്താനും സന്നദ്ധമാവേണ്ടതാണ്. സന്നദ്ധത ഒരു വിഭാഗം ജനങ്ങളിലുണ്ടാവുക, അവയുമായി പൊരുത്തപ്പെട്ടുപോകാൻ ഇതര വിഭാഗങ്ങളിൽ മാനസാന്തരം വരുത്തുക ഇതാണ് യഥാർഥ വിപ്ലവത്തിന്റെ പൂർണതയിലേക്കുള്ള വഴി.

സായുധ വിപ്ലവങ്ങളും തീവ്രവാദവും ഭീകര പ്രവർത്തനവും യഥാർഥ പരിവർത്തനം കൊണ്ട്വരില്ല എന്ന് ചരിത്രത്തെ അവലോകനം ചെയ്യുന്ന നിഷ്പക്ഷമതികൾ ഇതിനകം മനസ്സിലാക്കിയിട്ടുണ്ടാകണം. ശാന്തവും നീതിയിലധിഷ്ഠിതവുമായ മാർഗമാണ് സ്ഥിരതയുള്ളതും ശാശ്വതവുമായ പരിവർത്തനങ്ങൾ കൊണ്ടുവരികയുള്ളൂ. അത് ഹൃദയ പരിവർത്തനത്തിലൂടെ ലോകം കീഴടക്കലാണ്. മതം കാംക്ഷിക്കുന്ന ആത്മീയ വിപ്ലവങ്ങളുടെ ലക്ഷ്യം അതാണ്. യഥാർഥ മാനവീയ വിപ്ലവവുമതാണ്. പല മഹാന്മാരുടെയും മാർഗമതായിരുന്നു. അവർ മർദിതരായിരുന്നു. ഒരിക്കലും മർദകരായിരുന്നില്ല. ആത്മീയവും ധാർമികവുമായ ശക്തികൊണ്ടാണ് ജനതകളുടെ ഹൃദയങ്ങളെ അവർ കീഴടക്കിയത്. അത് ഒരിക്കലും ഭൗതിക ശക്തിയുടെ ബലത്തിലായിരുന്നില്ല,

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു: 'എന്റ സൈന്യത്തിൽ ചേർന്നവർ ആരോ അവർ അക്രമണ ചിന്താഗതിയുടെ സ്ഥാനത്ത് നിന്ന് പുറകോട്ട് മാറിനിൽക്കട്ടെ. ഹൃദയങ്ങളെ ശുദ്ധമാക്കുകയും തങ്ങളുടെ മനുഷ്യസ്നേഹപരമായ കാരുണ്യത്തെ ശക്തിപ്പെടുത്തുകയും വേദനിക്കുന്നവരോട് സഹതാപം കാണിക്കുകയും ഭൂമിയിൽ സമാധാനം പരത്തുകയും ചെയ്യട്ടെ'.

വിപ്ലവത്തെ സ്നേഹിക്കുന്നവർ ഒരുകാര്യം മനസ്സിലാക്കണം, കേവലമായ അറിവിന്റെയും അതിൽ നിന്ന് നിഗമനം ചെയ്ത് എത്തിച്ചേരുന്ന അനുമാനത്തിന്റെയും മദ്ധ്യത്തിൽ നിലകൊള്ളുന്ന അഗാധമായ വിടവ് യുക്തിയുക്തമായ രീതിയിൽ അനുഭവ യാഥാർഥ്യങ്ങളുടെ അടിസ്ഥാനത്തിൽ വിളക്കിചേർക്കുന്നത് വരെ കേവലമായ അറിവിന് മീതെ പടുത്തുയർത്തുന്ന അനുമാനത്തിന് പ്രാമാണികത കല്പ്പിക്കരുത്. താത്ത്വികമായ നിഗമനങ്ങൾ നടത്തുവാൻ സാഹസപ്പെടുന്ന വിപ്ലവകാരികൾ സ്വന്തം കണ്ടെത്തലുകൾ കൊണ്ട് തന്നെ മൗലികമായ അഭ്യൂഹങ്ങളെ നിരാകരിക്കുവാനുള്ള എല്ലാ സാധ്യതകളും ഉണ്ടെന്നുള്ള ബോധ്യത്തോട് കൂടിവേണം അതിനായൊരുമ്പെടുന്നത്. പ്രക്ഷുബ്ദമായ വിപ്ലവം രക്തം ചിന്തിയാണ് മുന്നേറുക. അവസാനം അതിൽ നിന്ന് ഒന്നും ലഭിക്കുന്നില്ലെന്ന് വന്നാൽ അത് അപരിഹാര്യമായ ഒരു നഷ്ടമായിരിക്കും. ധാർമിക മൂല്യമുള്ള സുസ്ഥിരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുവാൻ ഒരു മഹാൻ വിളിക്കുമ്പോൾ നാം മുഖം തിരിച്ച് കളയരുതെന്ന് പറയുന്നത് അത് കൊണ്ടാണ്.

തിരുനബി(സ) ഇപ്രകാരം അരുൾ ചെയ്തു: 'ഏറ്റവും നല്ല ഭരണാധികാരി നിങ്ങൾ ഇഷ്ടപ്പെപെടുന്നവരും നിങ്ങൾക്ക് വേണ്ടി പ്രാർഥിക്കുന്നവരും നിങ്ങൾ അവർക്ക്വേണ്ടി പ്രാർഥിക്കുന്നവരുമായിരിക്കും. ഏറ്റവും മോശപ്പെട്ട ഭണാധികാരി നിങ്ങൾ വെറുക്കുന്നവരും നിങ്ങളെ വെറുക്കുന്നവരും നിങ്ങൾ ശപിക്കുന്നവരും നിങ്ങളെ ശപിക്കുന്നവരുമായിരിക്കും'. ■

---

◀ പേജ് 20 ൽനിന്ന് തുടർച്ച

കി.മി.വ്യാസത്തിലേക്ക് ചുരുങ്ങും. ശാസ്ത്ര ഭാഷയിൽ പറഞ്ഞാൽ ഒരു വെള്ളകുള്ളൻ(White Dwarf) ആയി മാറും. ഈ യാഥാർഥ്യമാണ് വിശുദ്ധ ഖുർആന്റെ വചനങ്ങളിൽ വ്യക്തമായും സൂചിപ്പിച്ചിരിക്കുന്നത്. സൂര്യൻ ചുരുട്ടി മടക്കപ്പെടുമ്പോൾ, നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ' (81:1,2). സൂര്യനേക്കാൾ വലിപ്പമുള്ള ചില നക്ഷത്രങ്ങൾ ഇങ്ങനെപരിണ മിച്ചാണ് ഒടുവിൽ ബ്ലാക്ക് ഹോൾ ആയി മാറുന്നത്.

അതായത് നമ്മുടെ സൂര്യന് ഒരിക്കലും ഹീലിയത്തെക്കാൾ കവിഞ്ഞ ന്യൂക്ലിയർ ഭാരമുള്ള മൂലകങ്ങൾ ഉൽപ്പാദിപ്പിക്കാൻ സാധ്യമല്ല. അതിന് സൂര്യനേക്കാൾ അഞ്ചോ ആറോ ഇരട്ടി വലിപ്പമുള്ള അഥവാ ദ്രവ്യമാനമുള്ള നക്ഷത്രങ്ങൾ ആവശ്യമാണ്. അത്തരം നക്ഷത്രങ്ങളിൽ ഹീലിയത്തിന് മുകളിലുള്ള നൈട്രജൻ, കാർബൺ, ഓക്സിജൻ എന്നീ മുലകങ്ങളും ഭാരമേറിയ സിലിക്കണും ഇരുമ്പും വിവിധ ഘട്ടങ്ങളിലായി നക്ഷത്ര കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇരുമ്പിനപ്പുറം ആറ്റമിക് ഭാരമുള്ള മൂലകം നക്ഷത്രങ്ങളിൽ നടക്കുന്ന ന്യൂക്ലിയർ സംയോജനപ്രക്രിയകളിൽ നിർമിക്കാൻ സാധ്യമല്ല എന്ന കാര്യം ഇരുമ്പിനെനിർണായകമായ ഒരു മൂലകമാക്കി മാറ്റുന്നു. ഇരുമ്പിനേക്കാൾ ഭാരമുള്ള മൂലകം ഉൽപ്പാദിപ്പിക്കാൻ നക്ഷത്ര സ്ഫോടനം പോലെയുള്ള അത്യധികം ഊർജം പ്രവഹിക്കുന്ന പ്രതിഭാസങ്ങൾ ആവശ്യമാണ്. ഇരുമ്പ് ഉൽപ്പാദിക്കപ്പെട്ട നക്ഷത്രങ്ങൾ അതിന്റെ പരിണാമ ചക്രത്തിൽ സന്തുലനം നഷ്ടപ്പെട്ട് സ്ഫോടനത്തിന് വിധേയമാവുന്നു. അങ്ങനെഇരുമ്പ് അടങ്ങിയ അതിന്റെ ബാഹ്യ കവചം ബഹിരാകാശത്ത് തെറിച്ച് വീഴുകയും അത് സൗരയൂഥത്തിന്റെ പരിധിയിലേക്ക് വന്ന് ഉൽക്കകളായി(Meteor) ഭൂമിയിൽ പതിക്കുകയും ചെയ്യുന്നു. കേടുകൂടാതെ കണ്ടെടുക്കപ്പെട്ട ഉൽക്കാദ്രവ്യങ്ങളെ (Meteorite) അതിലടങ്ങിയ ലോഹങ്ങളുടെ അടിസ്ഥാനത്തിലാണ് വർഗീകരിച്ചിട്ടുള്ളത്. ഇതിൽ 80 മുതൽ 90 ശതമാനം വരെ ഇരുമ്പും ബാക്കി നിക്കലും അടങ്ങിയ അലോയ്കൾ അഥവാ സങ്കരലോഹങ്ങളാണ്. ഇത് തന്നെ ഇരുമ്പിന്റെ ആകാശോൽഭവ വാദത്തിന് അനിഷേധ്യമായ തെളിവാണ്. ഭൂമിക്ക് അന്തരീക്ഷം രുപപ്പെടുന്നതിന് മുമ്പ് കോടാനുകോടി വർഷങ്ങൾക്ക് മുമ്പുള്ള ഭൗമ പ്രവർത്തനങ്ങളാണിതെല്ലാമെന്ന് നാമോർക്കണം. മനുഷ്യൻ ആവിർഭവിക്കുന്നതിന് മുമ്പായി അവന്റെ ജീവൻ കരുപ്പിടിപ്പിക്കാനും ജീവിതായോധനത്തിനും വേണ്ടി അല്ലാഹു ആകാശത്തുനിന്നുമിറക്കിയ ഈ അനുഗൃഹീത ലോഹം ഉദാരവാനായ ദൈവത്തിന്റെ വിശ്വവ്യാപകമായ കാരുണ്യത്തെക്കുറിച്ച് മനുഷ്യനെ ഓർമിപ്പിക്കുന്നു. ■

ലേഖനം

# ഈസാനബി (അ) യെ മരിക്കാൻ വിടൂ...
# ഇസ്‌ലാം ജീവിക്കട്ടെ

ഷറഫുദ്ദീൻ ഇർഫാനി, അഗത്തി

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കും അർഥത്തിനും വിരുദ്ധമായി ഈസാ നബി(അ)ഇന്നും ജീവിച്ചിരിക്കുന്നു എന്ന അടിസ്ഥാന രഹിതമായ ആശയത്തെ ലേഖകൻ പ്രമാണങ്ങളുന്നയിച്ച് ഖണ്ഡിക്കുന്നു.

**ഈ**സാനബി(അ) ഇന്നും ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്നാണ് ഭൂരിപക്ഷ മുസ്‌ലിംകളും വിശ്വസിക്കുന്നത്. അഹ്ദികളാകട്ടെ എല്ലാ പ്രവാചകന്മാരേയും പോലെ മനുഷ്യനായ ഈസാനബി (അ) മരിച്ചുപോയിരിക്കുന്നു എന്ന് വിശ്വസിക്കുന്നു. ഈ രണ്ട് വിശ്വാസം വെച്ചുപുലർത്തുന്നവരിൽ വിശുദ്ധ ഖുർആൻ ആരുടെ പക്ഷത്ത് നില്ക്കുന്നു എന്ന് നമുക്ക് പരിശോധിക്കാം.

ഇവിടെ തർക്കം ഇതാണ് ഒരു പ്രവാചകൻ മരണപ്പെട്ടു എന്ന് ഒരു വിഭാഗവും അല്ലായെന്ന് മറ്റൊരു വിഭാഗവും വാദിക്കുന്നു. ഇതേ തർക്കം സ്വഹാബത്തിന്റെ ഇടയിലും ഉണ്ടായിരുന്നതായി നമുക്കറിയാം. നബി തിരുമേനി (സ) വഫാത്തായി. അബൂബക്കർ (റ) ഉൾപ്പെടുന്ന ഒരു വിഭാഗം നബി(സ)യുടെ മരണം ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഉമർ(റ) ഉൾപ്പെടുന്ന മറ്റൊരു വിഭാഗം നബി(സ)യുടെ മരണം അംഗീകരിച്ചില്ല. അവർ അദ്ദേഹത്തെ ദൈവമായി ഉയർത്തിയതായിരുന്നില്ല. അദ്ദേഹം ഒരിക്കലും മരിക്കുകയില്ല എന്നുമായിരുന്നില്ല അവരുടെ വാദം. മറിച്ച് അവരുടെ വാദം ഇതായിരുന്നു. മുഹമ്മദ് നബി(സ)ക്ക് ഇനിയും ഒരുപാട് കാര്യം ചെയ്യാനുണ്ട്. ഇവിടെ കപടവിശ്വാസികളും മതപരിത്യാഗികളുമായ ആളുകളുണ്ട്. അവരുടെ വിഷയത്തിൽ തീർപ്പ് കല്പ്പിക്കണം. ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ പൂർത്തീകരിച്ചുവെന്നല്ലാതെ അതിന്റെ പ്രചാരണം പൂർത്തീകരിക്കപ്പെട്ടിട്ടില്ല. അതിനുമുമ്പ് അദ്ദേഹം മരിക്കാൻ പാടില്ല. അതുകൊണ്ട് മുഹമ്മദ് നബി(സ) മരിച്ചിട്ടില്ല.

ഈ തർക്കത്തിന് സ്വഹാബികൾ എന്ത് പരിഹാരമായിരുന്നു ചെയ്തതെന്ന് നമുക്ക് നോക്കാം. അതേ പരിഹാരം നമുക്കും സ്വീകരിക്കാമല്ലോ. തർക്കമുണ്ടാകുമ്പോൾ ഒന്നാമതായി വിശുദ്ധ ഖുർആനിലേക്ക് മടങ്ങാനാണല്ലോ മുസ്‌ലിംകളോടുള്ള അല്ലാഹുവിന്റെ കല്പ്പന. സ്വഹാബികൾ അക്ഷരാർഥത്തിൽ അതുതന്നെ ചെയ്തു. മരിച്ചില്ല എന്ന് വാദിക്കുന്നവർക്ക് മേൽപറഞ്ഞതുപോലെയുള്ള ന്യായങ്ങളല്ലാതെ വിശുദ്ധ ഖുർആനിൽ നിന്ന് ഉദ്ധരിക്കാനുണ്ടായിരുന്നില്ല. എന്നാൽ മരണപ്പെട്ടു എന്ന വാദത്തിനനുകൂലമായി അബൂബക്കർ(റ) വിശുദ്ധ ഖുർആനിൽ നിന്ന് സൂക്തം തെളിവായി ഉദ്ധരിച്ചു.

**മുഹമ്മദ് ഒരു ദൂതൻ മാത്രമാണ്. അദ്ദേഹത്തിനുമുമ്പുള്ള ദൂതന്മാർ കാലഗതി പ്രാപിച്ചിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹം മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്താൽ നിങ്ങൾ പിന്നോട്ട് മാറിപ്പോകുകയാണോ. (3:144)**

വിശുദ്ധ ഖുർആന്റെ ഈ സൂക്തം കേട്ടപ്പോൾ മറുത്തൊന്നും പറയാനില്ലാതെ മുമ്പുള്ള ദൂതന്മാരൊക്കെ(ഈസാ(അ) അടക്കം മരിച്ചുവെന്നതിനാൽ ഒരു ദൂതനായ നബി(സ)യും മരിച്ചേ തീരു എന്ന യാഥാർഥ്യം ഉമർ(റ)വും സംഘവും അംഗീകരിച്ചു. ഇവിടെ ഈസാ(അ) മരിച്ചിട്ടില്ല എന്ന് ഏതെങ്കിലും സ്വഹാബി വിശ്വാസിച്ചിരുന്നുവെങ്കിൽ തീർച്ചയായും അദ്ദേഹം അബൂബക്കർ(റ) നെ ഇങ്ങനെ ചോദ്യം ചെയ്യുമായിരുന്നു. മുഹമ്മദ് നബി(സ)ക്ക് മുമ്പുള്ള ഈസായും റസൂൽ മാത്രമല്ലേ, അഞ്ഞൂറോളം വർഷങ്ങളായി അദ്ദേഹം മരിക്കാതെ ജീവിക്കുന്നുണ്ടല്ലോ. എങ്കിൽ ഈസായെക്കാൾ ഇതിന് എത്രയോ അർഹൻ മുഹമ്മദ് നബി(സ)യാണ്. എന്നാൽ അവരാരും ഇപ്രകാരം ചോദ്യം ചെയ്തില്ലെന്ന് മാത്രമല്ല മുഹമ്മദ് നബി(സ)യും അദ്ദേഹത്തിന് മുമ്പുള്ള മുഴുവൻ ദൂതന്മാരും മരണപ്പെട്ടു എന്നത് ഏറ്റവുമധികം സ്വഹാബത്ത് അണിനിരന്ന ചരിത്രത്തിലെ ആദ്യത്തേതും അവസാനത്തേതുമായ ഏകോപനതീരുമാനം(ഇജ്മാഅ്) ആയിരുന്നു. അങ്ങനെ അവർക്കിടയിലുള്ള പ്രശ്നം പരിഹരിക്കപ്പെട്ടു.

ഇന്നിതാ മറ്റൊരു നബിയുടെ പേരിൽ ഇതേ പ്രശ്നം വീണ്ടും ഉയർന്നുവന്നിരിക്കുന്നു. ഈസാ (അ) മരണപ്പെട്ടിട്ടുണ്ട് എന്ന് ഒരു വിഭാഗവും അല്ലായെന്ന് മറ്റൊരു വിഭാഗവും. സ്വഹാബികൾ ചെയ്തത്പോലെ ഇന്ന് നമുക്കും ഇവിടെ വിശുദ്ധഖുർആനിലേക്ക് മടങ്ങൽ നിർബന്ധമാണ്. അല്ലാഹുവിന്റെ കല്പ്പനയും അതാണ്.

ഇവിടെയും ഈസാ(അ) മരണപ്പെട്ടില്ലെന്ന് വാദിക്കുന്ന മുസ്‌ലിംകളും ഈസാ(അ)യെ ദൈവമാക്കുകയോ ഒരിക്കലും മരിക്കില്ല എന്ന് വാദിക്കുകയോ ചെയ്യുന്നില്ല. മറിച്ച് അവരും പറയുന്നത് ഈസാ(അ)ക്കു കുറെ ദൗത്യങ്ങൾ ബാക്കിയുണ്ട് അത് പൂർത്തിയായിട്ടേ മരിക്കുകയുള്ളു. അത്വരെ അദ്ദേഹം ആകാശത്തിലുണ്ടാകും എന്നാണ്.

നബി(സ) മരണപ്പെട്ടില്ല എന്ന് വാദിച്ചിരുന്നവർക്കും കേവലം ന്യായങ്ങളല്ലാതെ ഖുർആനിൽ നിന്ന് തെളിവില്ലാതിരുന്ന പോലെ ഈസാ(അ) മരണപ്പെട്ടില്ല എന്ന് വാദിക്കുന്നവർക്കും ന്യായങ്ങളല്ലാതെ ഖുർആൻ പറഞ്ഞിട്ടില്ല എന്ന് അവർ തന്നെ സമ്മതിക്കുന്നു.

(ഖാദിയാനിസം ഒരു സമഗ്രപഠനം നാലാം ഭാഗത്തിന്റെ ആമുഖത്തിൽ) എന്നാൽ നബി(സ)യുടെ മരണത്തിന് തെളിവായി എന്തൊരു ന്യായമാണോ സ്വഹാബിമാർ ഉദ്ധരിച്ചത്. അതേ ന്യായ മാണ് ഈസാ(അ)യുടെ മരണത്തിനു തെളിവായും ഖുർആനിൽ അല്ലാഹു സുക്തമിറക്കിയിട്ടുണ്ട്.

മറിയമിന്റെ പുത്രനായ മസീഹ് ഒരു ദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പും ദൂതന്മാർ കാലഗതിപ്രാപിച്ചിട്ടു ണ്ട്. അദ്ദേഹത്തിന്റെ മാതാവ് മഹാസ ത്യവതിയാണ്. അവർ രണ്ടുപേരും ആഹാരം കഴിക്കാറുണ്ടായിരുന്നു. (ഇ പ്പോൾ കഴിക്കാറില്ല, കാരണം മരണപ്പ ട്ടിരിക്കുന്നു) (5:75)

മുഹമ്മദ് നബി(സ) ഒരു ദൂതൻ മാത്ര മാണ്. അദ്ദേഹത്തിനുമുമ്പും ദൂതന്മാർ കാലഗതിപ്രാപിച്ചിട്ടുണ്ട് എന്ന് പറഞ്ഞ തിൽ മുമ്പുള്ള ദൂതന്മാർ മരണപ്പെട്ടത് പോലെ മുഹമ്മദ് നബി(സ്വ)യും മരണ പ്പെട്ടുവെന്നതിന് തെളിവുണ്ടെന്ന് അബൂ ബക്കർ(റ)മനസ്സിലാക്കിയിരുന്നു. അത്കൊണ്ട് തന്നെ മുഹമ്മദ് നബി(സ) യുടെ മരണത്തിന് അദ്ദേഹം ഇത് തെളി വായി സ്വീകരിച്ചു.അബൂബക്കർ(റ) മന സ്സിലാക്കിയ ഈ ആശയം ശരി തന്നെ യെന്ന് അത്രവരെ എതിർത്ത് നിന്നിരുന്ന ഉമർ(റ) അടക്കം മറ്റ് മുഴുവൻ സ്വഹാ ബികളും അംഗീകരിക്കുകയും ചെയ്തു.

ഇവിടെ ഈസാനബി(അ)യെ സംബന്ധിച്ചും അല്ലാഹു പറയുന്നു. മസീഹിബ്നു മറിയം ഒരു റസൂൽ മാത്രമാണ്. അദ്ദേഹത്തിനു മുമ്പും റസൂ ലുമാർ കാലഗതിപ്രാപിച്ചിട്ടുണ്ട്. ഈ പറഞ്ഞതിൽ മുമ്പുള്ള ദൂതന്മാർ മരണ പ്പെട്ടത് പോലെ ഈസാനബി(അ) മര ണപ്പെട്ടുവെന്നതിന് തെളിവുണ്ടെന്ന് അബൂബക്കർ(റ) സ്ഥാനത്ത് നിന്നു കൊണ്ട് ഹദ്റത്ത് അഹ്മദ്(അ)യും ഖലീഫമാരും പറയുമ്പോൾ ഉമർ(റ) വിന്റെയും മറ്റ് സ്വഹാബികളുടെയും മാതൃക പിൻപറ്റുന്നവർ അത് ശരിയാ ണെന്ന് അംഗീകരിച്ചുകൊണ്ട് അഹ്മ ദിയ്യാ മുസ്ലിം ജമാഅത്തിൽ അണിചേ രുന്നു. സ്വഹാബത്തിനെ പിൻപറ്റുന്ന തിനു പകരം ജൂതക്രിസ്ത്യാനികളെ ചാണിനു ചാണായി പിന്തുടരുന്നവർ അവരുടെ ശത്രുക്കളായിത്തീരുകയും ചെയ്യുന്നു.

ഈസാ നബി(അ)യുടെ മരണം തെളിയിക്കാൻ ഇനി വേറെ തെളിവുകൾ പറയേണ്ട ആവശ്യമില്ല. എന്നിട്ടും ദജ്ജാലിന്റെ കാലഘട്ടത്തെ അഭിമുഖീ കരിക്കുന്ന മുസ്ലിം സമുദായം അവന്റെ ഫിത്നയിൽ നിന്ന് രക്ഷപ്പെ ടാൻ വേണ്ടി വിശുദ്ധ ഖുർആനിൽ ഈ വിഷയം ആവർത്തിക്കപ്പെട്ടിരിക്കയാണ്. എന്നല്ല, ഏറ്റവും കൂടുതൽ മരണത്തെ ക്കുറിച്ച് പ്രതിപാദിക്കപ്പെട്ട പ്രവാചകൻ ഈസാ (അ) ആണ്.

**ഈസാ(അ) തന്റെ മരണം സ്വയം സാക്ഷ്യ പ്പെടുത്തുന്നു.**

ഈസാ(അ) പരലോകത്തിൽ അല്ലാ ഹുവിന്റെ മുമ്പിൽ പറയുന്നതായി വിശുദ്ധ ഖുർആൻ ഒരിടത്ത് പറയുന്നു. **.....ഞാൻ അവരിലുള്ളപ്പോൾ അവർക്ക് ഞാൻ സാക്ഷിയായിരുന്നു. എന്നാൽ നീ എന്നെ മരിപ്പിച്ചപ്പോൾ നീ തന്നെയായിരുന്നു അവരുടെ നിരീക്ഷ കൻ. നീ എല്ലാകാര്യങ്ങൾക്കും സാക്ഷിയാണല്ലോ. (5:117)**

ഇവിടെ ഈസാ(അ) തന്റെ സമുദാ യത്തിൽ നിന്ന് വേർപിരിഞ്ഞത് മരണം മുഖേനയാണെന്ന് അദ്ദേഹം തന്നെ പറ യുന്നതായി അല്ലാഹു വ്യക്തമാക്കുന്നു. എതിർപക്ഷം പറയുന്നത് പോലെ ആകാശത്തിലേക്കുള്ള ഉയർത്തൽ മുഖേനയാണെങ്കിൽ നീ എന്നെ ഉയർത്തിയപ്പോൾ എന്നായിരുന്നു പറ യേണ്ടിയിരുന്നത്. ആകാശമെന്ന പദവും ഇവിടെ ഉപയോഗിച്ചിട്ടില്ല എന്നോർക്കണം. അല്ലാഹു കർത്താവും മനുഷ്യൻ കർമവുമായി വരുന്ന തവ ഫ്ഫയിൽ നിന്ന് നിഷ്പന്നമാകുന്ന ക്രിയകൾക്ക് ശാരീരികമായി ഉയർ ത്തുക എന്ന് അർഥമുള്ളതായി ഇതു വരെ തെളിയിക്കപ്പെട്ടിട്ടില്ല. ഒരു നൂറ്റാണ്ട് പിന്നിട്ടിട്ടും വെല്ലുവിളി അവശേഷിക്കു കയാണ്.

നബി(സ) തന്നെ ഈ സൂക്തത്തിനു കൊടുത്ത വ്യാഖ്യാനം ഇമാം ബുഖാരി തന്റെ സ്വഹീഹിൽ ഉദ്ധരിക്കുന്നുണ്ട്. ഇബ്നു അബ്ബാസ്(റ) പറയുന്നു. നബി (സ)പ്രസംഗിച്ചുകൊണ്ടിരിക്കെ ഇങ്ങനെ പറഞ്ഞു. .....അറിയണം തീർച്ചയായും എന്റെ സമുദായത്തിൽപ്പെട്ട ചിലയാളു കൾ (മഹ്ശറിൽ) കൊണ്ട് വരപ്പെടും എന്നിട്ട് അവരെ ഇടതുപക്ഷക്കാരുടെ ഭാഗത്തേക്ക് മാറ്റിനിർത്തപ്പെടും. അപ്പോൾ ഞാൻ പറയും നാഥാ ഇതെന്റെ അനുയായികളാണല്ലോ!! അപ്പോൾ എന്നോട് പറയപ്പെടും, നിനക്ക് ശേഷം അവർ നിർമിച്ചുണ്ടാക്കി യത് എന്തൊക്കെയാണെന്ന് നിനക്കറി യില്ല. ഞാനപ്പോൾ നല്ലവനായ ദാസൻ (ഈസാ നബി) പറഞ്ഞത് പോലെ പറ യും. ഞാനവരിൽ ഉള്ളിടത്തോളം കാലം ഞാനവർക്ക് സാക്ഷിയായിരു ന്നു. നീയെന്നെ മരിപ്പിച്ചപ്പോൾ പിന്നെ നീ തന്നെയാണ് അവരെ നിരീക്ഷിക്കു ന്നവൻ. നീ എല്ലാറ്റിനും സാക്ഷിയായ വനാണ്. അപ്പോൾ എന്നോട് തിരിച്ച് പറ യപ്പെടും നീ അവരെ വിട്ട് പിരിഞ്ഞത് മുതൽ അവർ മതത്തിൽ നിന്ന് പിന്നോട്ട് പോയിക്കൊണ്ടിരിക്കുകയായിരുന്നു. (ബുഖാരി/കിത്താബുത്തഫ്സീർ/ ഹദീസ് നമ്പർ-4349)

ഇവിടെ ഈസാനബി പറയും പോലെ ഞാൻ പറയും എന്ന നബിവ ചനത്തിൽ നിന്ന് തന്നെ രണ്ടാളും പറ യുന്നത് ഒരേ അർഥത്തിലാണെന്ന് വ്യക്തമാണ്. അതുകൊണ്ടാണല്ലോ ഈ ഹദീസ്മേൽ സൂക്തത്തിന്റെ വ്യാഖ്യാ നമായി കൊടുത്തതും. ഇനി നമുക്കറി യേണ്ടത് നബി(സ) ഏതർഥത്തിലായി രുന്നു ഇത് പറഞ്ഞിരുന്നത് എന്നാണ്. എന്നെ ഉടലോടെ ആകാശത്തിലേക്ക് ഉയർത്തിയപ്പോൾ എന്നാണൊ നബി (സ) ഉദ്ദേശിച്ചത്? അല്ല എങ്കിൽ ഈസാ നബി(അ) ഉദ്ദേശിച്ചതും ഇതേ അർഥം തന്നെയാണ്. ഇവിടെ വളരെ ആശ്ചര്യ കരമായ ഒരു കാര്യം നാം മനസ്സിലാക്കേ ണ്ടത് ഒരേ പദം തന്നെ നബി(സ്വ)യെ സംബന്ധിച്ച് പറയുമ്പോൾ മരണപ്പെട്ടു വെന്നും അതേസമയം അതേപദം തന്നെ ഈസാനബി(അ)യെ സംബ ന്ധിച്ച് പറയുമ്പോൾ മരിക്കാതെ ആകാ ശത്തേക്കുയർത്തി എന്നും അർഥം പറ യുന്നതിന്റെ പൊരുളെന്താണ്. ഇത് ക്രിസ്തീയതയിൽ നിന്ന് ജന്മം കൊണ്ട വിശ്വാസമാണെന്നത് തന്നെ. അല്ലാഹു വിന്റെ വാക്കിന് അവന്റെ റസൂൽ നൽകിയ വ്യാഖ്യാനമാണീ പറഞ്ഞത്. അല്ലാഹുവും റസൂലും പറഞ്ഞതിനെതി രിൽ ആര് പറഞ്ഞാലും അത് സ്വീകരി ക്കാത്തവരാണ് യഥാർഥ മുഅ്മിനീ ങ്ങൾ എന്നാണ് വിശുദ്ധ ഖുർആൻ 33:36-ന്റെ പാഠ്യം.

ഇനി പൂർണമായി ഏറ്റെടുത്തു എന്ന് അർഥം പറഞ്ഞാൽ തന്നെ മര ണപ്പെട്ടു എന്ന് തന്നെയാണ് ഉദ്ദേശ്യം. കാരണം മരിക്കുക എന്നതിന് ഭാഷക ളിൽ അങ്ങനെ പല പ്രയോഗങ്ങളുമു ണ്ട്. ഉദാഹരണത്തിന് മലയാള ത്തിൽതന്നെ മരണപ്പെട്ടു എന്ന് പറ യുന്നതിനു പുറമേ ദിവംഗതനായി, കഥ കഴിഞ്ഞു, കാലം ചെയ്തു, കാലഗതിപ്രാ പിച്ചു തുടങ്ങിയ പ്രയോഗങ്ങളുണ്ട്. ഇംഗ്ലീഷിൽ ഡെഡ് എന്നതിനു പുറമെ പാസ്സ്ഡ് എവയ്, നോ മോർ തുടങ്ങിയ പ്രയോഗങ്ങളുണ്ട്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഈ വിഷയത്തിലുള്ള എതിരാളികൾ ബഹുമാനപ്പെട്ട എ.ബി. സി. കാലഗതിപ്രാപിച്ചു എന്നോ

പാസ്സ്ഡ് എവയ് എന്നോ പത്രത്തിൽ കണ്ടാൽ എന്താണാവോ മനസ്സിലാക്കുന്നത്?!

അതുകൊണ്ട് തന്നെ ഫലമ്മാ തവഫ്ഫയ്തനീ എന്നതിന് പൂർണമായി ഏറ്റെടുക്കുക എന്ന് അർഥം പറഞ്ഞാൽ തന്നെ ഈസാനബി(അ) മരണപ്പെട്ടു എന്ന് തന്നെയാണ് അർഥം ലഭിക്കുക. കാരണം, പൂർണമായി ഏറ്റെടുക്കുക എന്ന് മരണപ്പെട്ടു എന്ന അർഥത്തിലും പറയും. മരണത്തെക്കുറിച്ച് തന്നെയാണ് പ്രതിപാദിക്കുന്നതെന്ന് എതിരാളികൾക്ക് തന്നെ തർക്കമില്ലാത്ത വിശുദ്ധഖുർആനിലെ ചില സൂക്തങ്ങൾക്ക് ഇവരുടെ പരിഭാഷയിൽ പൂർണമായി ഏറ്റെടുക്കുക എന്ന് തന്നെ അർഥം നൽകിയിട്ടുണ്ട്.

ഉദാഹരണമായിട്ട് സൂറത്ത് അൻആമിലെ അറുപത്തിയൊന്നാമത്തെ സൂക്തത്തിന് ഇവർ നൽകുന്ന അർഥം ഇങ്ങനെയാണ്. അവനത്രെ തന്റെ ദാസന്മാരുടെ മേൽ പരമാധികാരമുള്ളവൻ. നിങ്ങളുടെ മേൽനോട്ടത്തിനായി അവൻ കാവൽക്കാരെ അയക്കുകയും ചെയ്യുന്നു. അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ നമ്മുടെ ദൂതന്മാർ(മലക്കുകൾ) അവനെ പൂർണമായി ഏറ്റെടുക്കുന്നു. (അക്കാര്യത്തിൽ) അവർ ഒരു വീഴ്ചയും വരുത്തുകയില്ല. (മുജാഹിദ് പരിഭാഷ/സൂക്തം. 6:61).

ഫലമ്മാതവഫ്ഫയ്തനീ എന്നതിന് മരിപ്പിക്കുക എന്നല്ല പൂർണമായി ഏറ്റെടുക്കുക എന്നാണർഥം അതുകൊണ്ട് ഈസാ(അ) മരണപ്പെട്ടിട്ടില്ല ആകാത്തിലേക്ക് ഉയർത്തപ്പെടുകയാണ് ചെയ്തത് എന്ന് വാദിക്കുന്നവർ ഈസാ(അ) മാത്രമല്ല ആരും തന്നെ മരിക്കുന്നില്ല ആകാശത്തിലേക്ക് ഉയർത്തപ്പെടുകയാണ് ചെയ്യുന്നതെന്ന് വാദിക്കേണ്ടിവരും.

### ഉയർത്തപ്പെടുന്നതിനു മുമ്പേ മരണം സംഭവിച്ചു.

അല്ലാഹു പറഞ്ഞു, ഓ ഈസാ, തീർച്ചയായും ഞാനാണ് നിന്നെ മരിപ്പിക്കുന്നവൻ. ഞാൻ നിന്നെ എന്നിലേക്ക് ഉയർത്തുകയും ചെയ്യും. (3:54,55).

മുതവഫ്ഫീക്ക എന്നതിന് മുമീത്തുക്ക (നിന്നെ ഞാൻ മരിപ്പിക്കുന്നതാണ്) എന്ന് ഇബ്നു അബ്ബാസ് (റ) തഫ്സീർ നൽകിയതായി ഇമാം ബുഖാരി(റ) തന്റെ സ്വഹീഹിൽ രേഖപ്പെടുത്തുന്നു. എന്നാൽ ഖുർആനിൽ പറഞ്ഞത് നിന്നെ മരിപ്പിക്കുകയും എന്നിലേക്കുയർത്തുകയും ചെയ്യും എന്നാണെങ്കിലും നാമത് എന്നിലേക്കുയർത്തുകയും മരിപ്പിക്കുകയും ചെയ്യും എന്ന് തിരിച്ചുവായിക്കണം എന്ന് ചിലർ വാദിക്കാറുണ്ട്. ഇത് ജൂതനസാറാക്കളെ തന്റെ സമുദായം ചാണിന് ചാണായി പിൻപറ്റും എന്ന് നബി(സ) പറഞ്ഞതിന്റെ പുലച്ചയാണ്. കാരണം അവരെക്കുറിച്ച് ഖുർആൻ പറയുന്നു. അങ്ങനെ അവർ കരാർ ലംഘിച്ചതിന്റെ ഫലമായി നാം അവരെ ശപിക്കുകയും അവരുടെ മനസ്സുകളെ കടുത്തതാക്കിത്തീർക്കുകയും ചെയ്തു. വേദവാക്യങ്ങളെ അവയുടെ സ്ഥാനങ്ങളിൽ നിന്ന് അവർ തെറ്റിക്കുന്നു. (മുജാഹിദ്, സുന്നി പരിഭാഷകളിലെ അർഥം).

മുജാഹിദ് പരിഭാഷയിൽ തന്നെ ഇതിന് അടിക്കുറിപ്പ് കൊടുത്തിരിക്കുന്നത് ഇങ്ങനെയാണ്. വേദവാക്യത്തിൽ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് ദുർവ്യാഖ്യാനം നൽകുകയോ വാചകഘടനയിൽ തന്നെ മാറ്റം വരുത്തുകയോ ചെയ്യുന്നു എന്നഥം. (മുജാഹിദ് പരിഭാഷ-പേജ്-160)

അത്കൊണ്ട് വാചകഘടനയിൽ മാറ്റം വരുത്തിക്കൊണ്ടുള്ള പ്രമാണവാദം ജൂതന്മാർക്കേ സ്വീകാര്യമാവുകയുള്ളു. മുസ്ലിംകൾക്ക് സ്വീകാര്യമല്ല.

മാത്രമല്ല സ്വഫാ മർവക്കിടയിലുള്ള നടത്തത്തിൽ സ്വഫയിൽ നിന്ന് ആരംഭിക്കാൻ കാരണമായിട്ട് നബി(സ) തന്നെ പറഞ്ഞത് അല്ലാഹു ആദ്യം സ്വഫായെ പറഞ്ഞു എന്നുള്ളതാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു കൊണ്ടുവന്ന ഘടനകൾ മാറ്റംവരുത്താതെ നാമും സ്വീകരിക്കണം എന്നാണ് ഇതിലൂടെ നമ്മെ പഠിപ്പിക്കപ്പെടുന്നത്.

### ആകാശത്തേക്ക് രക്ഷപ്പെടൽ ഈസാ നബിയുടെ ജീവിതത്തിൽ സംഭവിച്ചിട്ടില്ല

**എന്റെ ജനന ഘട്ടത്തിലും മരണഘട്ടത്തിലും പുനർജീവിത ഘട്ടത്തിലും അല്ലാഹുവിന്റെ രക്ഷ എന്നിലുണ്ട്.** (19:33) എന്നർത്ഥം വരുന്ന സൂക്തത്തിലൂടെ മൂന്ന് നിർണായക ഘട്ടങ്ങളിൽ ഈസാ (അ)ന് അല്ലാഹുവിന്റെ രക്ഷയുണ്ടാവും എന്നാണ് ഈസാ(അ)യെ സംബന്ധിച്ച് അല്ലാഹു പറയുന്നത്. തന്റെ ജനനസമയം മരണസമയം പുനർജീവിതസമയം. എന്നാൽ ശത്രുക്കൾ കുരിശിൽ തറച്ചു കൊല്ലാൻ തുനിയുമ്പോൾ അത്യദ്ഭുതമായ രൂത്തിൽ ആകാശത്തിലേക്കുയർത്തിക്കൊണ്ട് രക്ഷപ്പെടുത്തിയ ഒരു ഘട്ടം തന്റെ ജീവിതത്തിലുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ആ ദിവസം ഇവിടെ പ്രതിപാദിക്കേണ്ടതായിരുന്നു. ഇത്തരത്തിലുള്ള ഒരു രക്ഷ അമ്പിയാക്കളടക്കം ഒരു മനുഷ്യനും ലഭിച്ചിട്ടില്ല എന്നിരിക്കെ പ്രത്യേകിച്ചും! നൂഹ്(അ)ന് പ്രളയസമയത്ത് ലഭിക്കാത്ത രക്ഷ! മൂസാ (അ) ഫറോവയിൽ നിന്ന് ലഭിക്കാത്ത രക്ഷ! ഇബ്റാഹീം(അ)ന് അഗ്നി കുണ്ഡത്തിൽ നിന്ന് ലഭിക്കാത്ത രക്ഷ! എന്നല്ല, ലോകാനുഗ്രഹിയായ മുഹമ്മദ് മുസ്തഫ(സ)ക്ക് പോലും സൗർ പർവതത്തിൽ നിന്നോ ഉഹ്ദിന്റെ രണാങ്കണത്തിൽ നിന്നോ ലഭിച്ചിട്ടില്ലാത്ത ഒരു രക്ഷപ്പെടുത്തൽ ഈസാ(അ)ന് ലഭിച്ചിട്ടുണ്ടെങ്കിൽ അല്ലാഹു അതിവിടെ പറയുമായിരുന്നു. എന്നാൽ പറഞ്ഞില്ല. കാരണം അങ്ങനെയൊന്നുണ്ടായിട്ടില്ല.

### മുഹമ്മദ് നബി(സ) മരിച്ചിട്ടുണ്ടെങ്കിൽ ഈസാ (അ) യും മരിച്ചിട്ടുണ്ട്.

മരണപ്പെടാതെ തന്നിലേക്കുയർത്താൻ അല്ലാഹു ഏറ്റവും ഇഷ്ടപ്പെടുന്നത് മുഹമ്മദ് നബി(സ)യെയാണെന്നും അത് അല്ലാഹുവിന്റെ ചര്യയല്ലാത്തത് കൊണ്ട് മുഹമ്മദ് നബി(സ) പോലും മരിക്കുന്നുണ്ടെങ്കിൽ പിന്നെ ഇവിടെ ആർക്കും അങ്ങനെയുണ്ടാവുകയില്ല എന്നും നബി(സ)ക്കുമുമ്പ് ഒരാക്കും അല്ലാഹു ആ പദവി കൊടുത്തിട്ടുമില്ല എന്നും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു.

നിനക്ക് മുമ്പ് ഒരുമനുഷ്യനും നാം ചിരഞ്ജീവിതം നൽകിയിട്ടില്ല. നീ തന്നെ മരണപ്പെട്ട് അവർ പിന്നെ ശാശ്വതരാകുമോ? (21:34,35) മുഹമ്മദ് നബി (സ) യോട് അല്ലാഹു ഇത് പറയുമ്പോൾ അദ്ദേഹത്തിനു മുമ്പ് അഞ്ഞൂറിലധികം കൊല്ലമായി ഈസാ(അ) മരിക്കാതെ നിലനിൽക്കുന്നുണ്ടെങ്കിൽ അല്ലാഹു ഒരിക്കലും ഇപ്രകാരം പറഞ്ഞ് കൊണ്ട് അവന്റെ ഹബീബായ നബിയെ (നഊദുബില്ലാഹ്) പരിഹസിക്കുകയില്ല.

### മുഹമ്മദ് നബി(സ്വ) വന്നിട്ടുണ്ടെങ്കിൽ ഈസാ നബി(അ) മരിച്ചിട്ടുമുണ്ട്.

മുഹമ്മദ്നബി (സ)യുടെ നിയോഗം ഈസാ നബി(അ) ന്റെ മരണത്തിന് ശേഷമാണ് ഉണ്ടാവുക എന്ന് ഈസാ (അ)യുടെ വാക്കെടുത്തുകൊണ്ട് തന്നെ ഖുർആൻ സൂചിപ്പിക്കുന്നുണ്ട്.

എനിക്ക് ശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു ഞാൻ. (സൂറ:സ്വഫ്ഫ്-6)

മേൽ സൂക്തത്തിന്റെ അടിസ്ഥാനത്തിൽ നബി(സ)യുടെ നിയോഗമുണ്ടാകുമ്പോൾ ഈസാ(അ) ജീവിച്ചിരിക്കാൻ പാടില്ല. ഇനി എന്റെ ശേഷം എന്ന് പറ

ഞ്ഞതിനർഥം ഈസാ (അ) ന്റെ മരണ ശേഷമെന്നല്ല. ആകാശാരോഹണ ത്തിനു ശേഷമാണെന്നാണർഥം എന്ന് ആരെങ്കിലും വാദിക്കുന്നുണ്ടെങ്കിൽ അത് ഖുർആനിക വിരുദ്ധവും മേൽ ആയത്തിൽ പറഞ്ഞ സൂക്തത്തെ നിർഥ കമാക്കിത്തീർക്കുന്നതുമാണ്. കാരണം, വിശുദ്ധ ഖുർആനിൽ ഏതൊരു പ്രവാ ചകന്റെയും വ്യക്തിയുടെയും വേർപാ ടിനെ അറിയിക്കാൻ വേണ്ടി ബഅ്ദ്(ശേ ഷം) എന്ന പദം ഉപയോഗിച്ചിട്ടുണ്ടോ അവിടെയൊക്കെ മരണം കൊണ്ടുള്ള വേർപാട് മാത്രമേ അർഥം കൽപ്പിക്കപ്പെ ടുന്നുള്ളൂ. ഉദാഹരണമായി അദ്ദേഹ ത്തിനു (മൂസാക്കു) ശേഷം തുടർച്ച യായി നാം ദൂതന്മാരെ അയച്ചുകൊണ്ടി രുന്നു. (ബഖറ-87) ഇവിടെ ഈസാ നബിയുടെ മരണത്തിനുശേഷമെന്നാ ണല്ലോ അർഥം കൂടാതെ 3:65, 4:163, 10:74, 33:53, 40:34 തുടങ്ങി ദശക്കണ ക്കിനു സൂക്തങ്ങളിൽ ശേഷം എന്ന് പ്രയോഗിച്ചത് മരണത്തിനു ശേഷം എന്ന അർഥത്തിലാണ്. ഈസാ(അ) മരി ക്കാതെ ആകാശത്തിലുണ്ടെന്നും ഇനിയും ഭൂമിയിലേക്കിറങ്ങുമെന്നുള്ള വാദം ശരിയാണെങ്കിൽ നബി(സ) ഈസാ(അ) യുടെ ശേഷമുള്ള നബി മാത്രമല്ല മുമ്പുള്ള നബിയും കൂടിയാ കേണ്ടിവരും. അതേസമയം ഈസാ(അ) പറഞ്ഞതാകട്ടെ എനിക്ക് ശേഷമുള്ള പ്രവാചകനാണ് നബി(സ) എന്നാണ്.

**ധാർമ്മിക സമരം നടത്തുന്ന വിശ്വപ്രവാ ചകനും കൈയ്യും കെട്ടി നോക്കിയിരി ക്കുന്ന ഈസാ നബിയും!**

മുഹമ്മദ് നബി(സ) നിയോഗിക്കപ്പെ ടുന്ന അവസരത്തിൽ ഈസാ(അ) ജീവി ച്ചിരിക്കുന്നുണ്ടെങ്കിൽ അദ്ദേഹം നബി (സ)യുടെ സമീപത്ത് വരുകയും നബി (സ)യിൽ വിശ്വസിക്കുകയും അദ്ദേ ഹത്തെ സഹായിക്കുകയും ചെയ്യേണ്ടി യിരുന്നു എന്ന് ഖുർആൻ പഠിപ്പിക്കു ന്നു.

ഞാൻ നിങ്ങൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും നൽകുകയും അനന്തരം നിങ്ങളുടെ പക്കലുള്ളതിനെ ശരിവെച്ചു കൊണ്ട് ഒരു ദൂതൻ നിങ്ങളുടെ അടുത്ത് വരികയുമാണെങ്കിൽ തീർച്ച യായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വ സിക്കുകയും അദ്ദേഹത്തെ സഹായി ക്കുകയും ചെയ്യേണ്ടതാണ് എന്ന് അല്ലാഹു നബിമാരോട് കരാർ വാങ്ങി. (3:81)

ഈസാ(അ)ന്റെ ജീവിതകാല ത്താണ് നബി(സ) വന്നതെങ്കിൽ നബി യിൽ വിശ്വസിക്കുകയും ഇസ്ലാമിക പ്രവർത്തനങ്ങളിൽ നബിയെ സഹായി ക്കുകയും ചെയ്യാതെ ആകാശത്തിൽ കയ്യും കെട്ടി നോക്കിയിരിക്കുന്നത് കരാർ ലംഘനമാകില്ലേ! ഈ സൂക്ത ത്തിന്റെ വ്യാഖ്യാനം എല്ലാ മുഫസ്സിരീ ങ്ങളും പറഞ്ഞത് ഈ അർഥത്തിൽ തന്നെയാണ്. ഉദാഹരണമായി തഫ്സീർ ഇബ്നുകസീറിൽ പറയുന്നു.

അലി(റ)യും അബ്ബാസ്(റ)വും പറ യുന്നു. എല്ലാ അമ്പിയാക്കളേയും നിയോഗിക്കുമ്പോൾ അല്ലാഹു അവ രിൽ നിന്നൊക്കെ ഈ കരാർ വാങ്ങി യിരുന്നു. അതായത്, ആ പ്രവാചകൻ ജീവനോടെയിരിക്കെ മുഹമ്മദ് നബി (സ) നിയോഗിതനായാൽ അദ്ദേഹം നബിയെ വിശ്വസിക്കുകയും സഹായി ക്കുകയും ചെയ്യണം. (ഇബ്നുകസീർ -67:2) അല്ലാത്തവർ അധാർമികളാണെ ന്നാണ് വിശുദ്ധ ഖുർആൻ തുടർന്ന് പറ യുന്നത്. ഈസാ(അ)നെ മരിക്കാതെ ആകാശത്തിൽ ഇരുത്തിയവർ യഥാർഥ ത്തിൽ അദ്ദേഹത്തെ (നഊദുബില്ലഹ്) അധർമിയാക്കുകയാണ് ചെയ്യുന്നത്.

ഇങ്ങനെതുടങ്ങി വിശുദ്ധ ഖുർആ നിലെ അനവധി സൂക്തങ്ങളിൽ ഈസാ (അ) മരണപ്പെട്ടിരിക്കുന്നുവെന്ന് വ്യക്ത മാക്കുന്നു. പുറമേ ഹദീസുകളിലും മുൻകാല മഹത്തുക്കളുടെ വചനങ്ങ ളിലും വ്യക്തമാക്കപ്പെട്ട യാഥാർഥ്യവും ഇതുതന്നെയാണ്. ഒരു ലേഖനം മാത്രം അവകളുൾക്കൊള്ളാൻ പര്യാപ്തമല്ല.

അതുകൊണ്ട് ഈ വിഷയത്തിലും ഹദ്റത്ത് അഹ്മദ്(അ) നീതിമാനായ വിധികർത്താവാണെന്ന് ഇസ്ലാമിക പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

അന്ത്യദിനം വരെ അല്ലാഹു ആയുസ്സ് അനുവദിച്ച ഒരാളെ സംബ ന്ധിച്ച് മാത്രമേ ഖുർആൻ പ്രതിപാദിക്കു ന്നുള്ളൂ. അത് ഇബ്ലീസാണ്. അതും ഭൂമിയിൽ നിശ്ചിത അവധിവരെ മാത്രം. അവനെക്കൊണ്ട് അല്ലാഹുവിനു ഭൂമി യിൽ ചില ഉദ്ദേശ്യങ്ങളുള്ളതുകൊണ്ടാ ണെന്ന് ഖുർആൻ പറയുന്നു.

എന്നാൽ ഈസാ(അ)നെക്കൊണ്ട് ആകാശത്ത് എന്ത് ജോലിയാണെന്നാ ണ് ആർക്കും മനസ്സിലാകാത്തത്! ചില സുന്നി സുഹൃത്തുക്കൾ വിശ്വസിക്കു ന്നത് പോലെ, ജീവജലം കുടിച്ചത് കാര ണത്താൽ ഭൂമിയിലുള്ളവർക്ക് ആദൃശ്യ മായ രീതിയിൽ ഉപകാരം ചെയ്തു കൊണ്ട് ഖിള്ർ ഇന്നും ജീവിക്കുന്നു എന്ന വിശ്വാസം ഇതിലും ഭേദമാണ്. എന്നാൽ യഥാസ്തികരായ സുന്നി വിഭാഗത്തിന്റെ ഈ അന്ധവിശ്വാ സത്തെ നഖശിഖാന്തം എതിർക്കുന്ന നവയഥാസ്ഥികരായ മുജാഹിദ്, ജ മാഅത്തെ ഇസ്ലാമി, അഹ്ലേ ഹദീസു കാർ ഒരു ഉപകാരവുമില്ലാതെ ഈസാ( അ)നെ ആകാശത്തിൽ കൊണ്ട് പോയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. കൂനിന്മേൽ ഒരു കുരുവും കൂടി! ■

## ബുദ്ധിമാന്മാർ

ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിനെസംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാൻമാർ), ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്; അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ.

**(വി. ഖുർആൻ: 3:191,192)**

# സലാഹുദ്ദീൻ അയ്യൂബി

ഫസൽ അഹ്മദ്

കുരിശു യുദ്ധക്കാരിൽ നിന്ന് ജെറുസലേം വീണ്ടെടുത്ത ഇസ്‌ലാമിന്റെ മഹാനായ പോരാളിയായിരുന്നു സലാഹുദ്ദീൻ അയ്യൂബി



സലാഹുദ്ദീൻ അയ്യൂബിയുടെ ദമാസ്കസിൽ സ്ഥാപിച്ച പ്രതിമ

**ക്രി**സ്ത്വാബ്ദം 632 – ൽ നബി തിരുമേനി (സ)യുടെ ചരമത്തെ തുടർന്ന് അദ്ദേഹത്തിന്റെ ഖലീഫമാർ ഇസ്‌ലാമിന്റെ സന്ദേശം മദ്ധ്യപൗരസ്ത്യ ദേശത്തും വടക്കെ ആഫ്രിക്കയിലും തെക്കൻ യൂറോപ്പിലും എത്തിച്ചു. ക്രിസ്ത്വാബ്ദം 634 ആവുമ്പോഴേക്കും അറേബ്യ മുഴുവനും ഇസ്‌ലാം മതം സ്വീകരിച്ചു. ക്രിസ്ത്വാബ്ദം 635 – ൽ ഡമാസ്ക്കസും 640ൽ ഈജിപ്തും ഇസ്‌ലാം ആശ്ലേഷിച്ചു. മുസ്‌ലിംകൾക്ക് ആധിപത്യം ലഭിച്ചേടങ്ങളിലെല്ലാം മുസ്‌ലിംകൾ ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കും സംരക്ഷണം നൽകി. ക്രിസ്ത്യാനികളും ജൂതന്മാരും മുസ്‌ലിംകളെ ആദരിച്ചു. മുസ്‌ലിംകൾ ആഗതരാകുന്നതിന് മുമ്പ് വർഷങ്ങളോളം ക്രിസ്ത്യാനികളേയും ജൂതന്മാരേയും ബാഹ്യശക്തികൾ അടിമപ്പെടുത്തിയിരുന്നു, പലസ്തീൻ, സ്പെയിൻ, ഈജിപ്ത് എന്നിവിടങ്ങളിൽ.

ക്രിസ്ത്വാബ്ദം 635ൽ ഖാലിദ് ബിൻവലീദ് ഡമാസ്ക്കസിൽ എത്തിയപ്പോൾ മുസ്‌ലിംകൾ കീഴടക്കുന്ന അമുസ്‌ലിം പ്രജകളോട് അനുവർത്തിക്കേണ്ട നയത്തിന്റെ കീഴ്‌വഴക്കം ഉണ്ടാക്കിയിരുന്നു. ഉദാഹരണമായി ഡമാസ്ക്കസിലെ അമുസ്‌ലിംകൾക്ക് (അവരിൽ അധികവും ക്രിസ്ത്യാനികളും ജൂതന്മാരുമായിരുന്നു) അവർ നൽകിയ 'ജിസിയ' എന്ന നികുതിക്ക് പകരമായി അവരുടെ ജീവനും സ്വത്തിനും ആരാധനാലയങ്ങൾക്കും പരിപൂർണ സംരക്ഷണം നൽകിയിരുന്നു.

ക്രിസ്ത്വാബ്ദം 638ൽ ജറുസലേം രക്തം ചിന്താതെ കീഴടങ്ങുകയാണുണ്ടായത്. അവിടത്തെ പട്ടണവാസികൾക്കും അവരുടെ ഗ്രീക്ക് ക്രിസ്ത്യൻ പാട്രിയാർക്കായിരുന്ന സഫർനിയൂസിനും 'ജിസിയ'യുടെ അതേ നിബന്ധനകൾ തന്നെയാണ് അവിടെ നടപ്പിലാക്കിക്കൊണ്ടിരുന്നത്. മുമ്പ് തങ്ങളുടെ ബൈസാന്തിയൻ യജമാനന്മാർക്ക് നൽകിയിരുന്ന കനത്ത നികുതിയേക്കാൾ എത്രയോ കുറവായിരുന്നു 'ജിസിയ' എന്നറിഞ്ഞപ്പോൾ ജറുസലേമിലെ ജനങ്ങൾ അദ്ഭുതപ്പെട്ടു. ഘനഗംഭീരമായ രീതിയിലായിരിക്കും ശക്തരായ മുസ്‌ലിംകളുടെ പട്ടണപ്രവേശം എന്നായിരുന്നു അവർ ധരിച്ചിരുന്നത്. എന്നാൽ ലോകചരിത്രത്തിൽ ഏറ്റവും വേഗത്തിൽ വിപുലീകരിക്കപ്പെടുന്ന സാമ്രാജ്യത്തിന്റെ നേതാവ് ഖലീഫ ഉമർ (റ) തന്റെ അടിമയോടൊപ്പം നഗ്നപാദനായി നടന്നു വരുന്ന കാഴ്ച അവരിൽ അമ്പരപ്പുളവാക്കി. ഇതായിരുന്നു അത്യുത്സുകരായ മുസ്‌ലിംകളുടെ ലാളിത്യത്തിന്റെയും സാഹോദര്യത്തിന്റെയും ആത്മാവ്.

മദ്ധ്യപൗരസ്ത്യദേശങ്ങളിൽ (മുസ്‌ലിംകളുടെ) അതിവേഗമുന്നേറ്റത്തിന്റെ വാർത്ത പശ്ചിമയൂറോപ്പിലെ ക്രിസ്തീയ രാജാക്കന്മാർ ആശങ്കയോടെയും താല്പര്യത്തോടെയുമായിരിക്കണം എതിരേറ്റത്. ക്രിസ്ത്വാബ്ദം 711 – ൽ മുസ്‌ലിംകൾ പടിഞ്ഞാറ് പാരീസിലേക്കും കിഴക്ക് ചൈനയിലേക്കും മുന്നേറുകയാണെന്ന വാർത്ത കേട്ടപ്പോൾ അവരുടെ ആശങ്ക അതിന്റെ പാരമ്യത്തിലെത്തിക്കാണും.

ക്രിസ്ത്വാബ്ദം 732 – ൽ പാരീസിൽ നിന്നും 10 നാഴികയും ബ്രിട്ടീഷ് തീരത്ത് നിന്ന് 250ൽ കുറഞ്ഞ നാഴികയും ദൂരമുള്ള ടൂർസിലെ ചാൾസ് മാർട്ടിലിനോട് പരാജയപ്പെട്ടപ്പോഴാണ് തങ്ങൾ സ്വയം അതിർകവിഞ്ഞുപോയെന്ന് മനസ്സി

ലാക്കി സ്പെയിനിന്റെ അതിർത്തിയിലേക്ക് പിൻവാങ്ങിയത്.

### കുരിശുയുദ്ധങ്ങൾ

രാഷ്ട്രീയക്കാരുടെ സ്വാധീനത്താൽ മതനിന്ദകരാണെന്ന് തങ്ങൾ കരുതുന്ന ക്രിസ്ത്യാനികൾ മതവിചാരണ (ഇൻക്വിസിഷൻ)ക്ക് വിധേയമാക്കി. ഈ മതവിചാരണകൾ പിന്നീട് സ്പെയിനിൽ മുസ്‌ലിംകൾക്കും ജൂതൻമാർക്കുമെതിരേയും നടപ്പാക്കിയിരുന്നു.

കത്തോലിക്കാ വിശ്വാസികളിൽ പോപ്പുമാർക്ക് വളരെയധികം അധികാരങ്ങളുണ്ടായിരുന്നു. 1095 നവംബർ 27 ന് ചേർന്ന ക്ലെർമൻറ് കൗൺസിലിൽ മുസ്‌ലിംകൾക്കെതിരിൽ യുദ്ധമാരംഭിക്കാൻ പോപ്പ് അർബൻ II ആഹ്വാനം ചെയ്തു. മുസ്‌ലിംകളെ തുര ത്തുകയും വിശുദ്ധ ഭൂമി പിടിച്ചെടുക്കുകയും കോൺസ്റ്റാന്റിനേപ്പിളിനെ സംരക്ഷിക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം. (വിരോധാഭാസമെന്ന് പറയട്ടെ 1204 ൽ ഈ കുരിശുദ്ധക്കാർ തന്നെയായിരുന്നു തങ്ങൾക്ക് സംരക്ഷണചുമതലയുള്ള കോൺ സ്റ്റാന്റിനോപ്പിൾ കൊള്ളയടിച്ചതും അതേ തുടർന്ന് ഉസ്മാനിയ സാമ്രാജ്യത്തിന് ഏറ്റെടുക്കേണ്ടി വന്നതും.) ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി കൈക്കൊള്ളാൻ പോപ്പ് നിർദേശിക്കുകയും അതിൽ പങ്കെടുക്കുന്നവർക്ക് ദൈവികാനുഗ്രഹമാകുന്ന പ്രതിഫലവും ദൈവത്തിന്റെ സിംഹാസനവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

നബിതിരുമേനി (സ)യുടെ അദ്ധ്യാപനത്തിനെതിരായി ഫാത്തിമിയ്യാ ഖലീഫ അൽഹകീം 1009ൽ വിശുദ്ധ ശവകുടീരം സ്ഥിതിചെയ്യുന്ന ജറൂസലേമിലെ ചർച്ച് താറുമാറാക്കിയത് ക്രിസ്ത്യാനകളുടെ ഉജ്ജീവനത്തിന് കൂടുതൽ ഉണർവേകി. ഇസ് ലാമിൽ ഇതര മതവിശ്വാസികളുടെ ദൈവങ്ങളെ അപകീർ ത്തിപ്പെടുത്തുന്നതും അവരുടെ ആരാധനാലയങ്ങൾക്ക് ക്ഷതമേല്പിക്കുന്നതും തിന്മയാണെന്നു മാത്രമല്ല, ദൈവകോപത്തിന് കാരണമാവുന്നതു കൂടിയാണ്.

അധികം താമസിയാതെ 1099ൽ കുരിശുയുദ്ധക്കാർ ജറുസലേം പിടിച്ചെടുക്കുകയും ക്രിസ്തീയ രാജഭരണം സ്ഥാപിക്കുകയും ചെയ്തു. ജറുസലേമിന് നേരെയുണ്ടായ ആക്രമണം അതിഭയാനകമായിരുന്നു. സ്ത്രീകളോടും കുട്ടികളോടു പോലും കരുണ കാണിക്കപ്പെട്ടില്ല. ഇടുങ്ങിയ വഴിത്താരകളിലൂടെ രക്തനദികൾ ഒഴുകി. നിഷ്കരുണരായ കുരിശുയുദ്ധക്കാർ ഈ അവസരത്തിൽ എഴുപതിനായിരത്തിലധികം പേരെ കൂട്ടക്കൊല ചെയ്തു.

വിവിധ യൂറോപ്പ്യൻ രാജ്യങ്ങളിൽ നിന്നുള്ള കുരിശുയുദ്ധക്കാർ ക്നൈറ്റ് ടെംപ്ളേഴ്സ് ഹോസ്പിറ്റലിയേഴ്സ് എന്നീ പേരുകളിൽ സേന രൂപീകരിച്ചു. പട്ടണത്തിലെ മുഴുവൻ സാധനങ്ങളും കൊള്ളയടിച്ചു. അവരുടെ പാപങ്ങൾ മുഴുവൻ പൊറുക്കപ്പെടും എന്നു പറയപ്പെട്ടുവെന്നു മാത്രമല്ല അവർക്കപ്പോൾ ധവാന്മാരായ കച്ചവടക്കാരായി മാറാനും സാധിച്ചു.

പശ്ചിമയൂറോപ്പിൽ നിന്നുള്ള കുരിശുയുദ്ധക്കാർ മദ്ധ്യപൗരസ്ത്യദേശങ്ങൾ കൊള്ളയടിച്ചു. അവർ കെയ്റോവിൽ എത്തിയപ്പോൾ ജറൂസലേമിലെ അമരി ഒന്നാമന്റെ നേതൃത്വത്തിൽ അൽഫുസ്തത്തിലുള്ള പുരാതന മുസ്‌ലിം ക്വാർട്ടർ അഗ്നിക്കിരയാക്കി. സിറിയയിലെ സുൽത്താൻ ഇടപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ പട്ടണം കുരിശുയുദ്ധക്കാർ കൈവശപ്പെടുത്തുമായിരുന്നു.

മുസ്‌ലിംകൾ ഒന്നിക്കുന്നതിനുപകരം ചില മുസ്‌ലിംകൾ കുരിശുയുദ്ധത്തിന്റെ ഈ അവസ്ഥ മുതലെടുത്തുകൊണ്ടു തങ്ങളുടെ പ്രാദേശിക എതിരാളികളോട് പ്രതികാരം ചെയ്തു. ചില ഫ്രാങ്കുകളുമായി സഖ്യത്തിലേർപ്പെടുകയും ചെയ്തു. ഈ ഭയാനകമായ അവസ്ഥയിലായിരുന്നു മുസ്‌ലിംകളെ ഏകോപിപ്പിക്കാനും മാർഗദർശനം ചെയ്യാനും അടിയന്തിരമായ പ്രയത്നം ആവശ്യമായിരുന്നത്. ജൂതന്മാരും സംരക്ഷണം തേടി. എന്തെന്നാൽ വി ചാരണ കഴിഞ്ഞാൽ അവരെ കുരിശുയുദ്ധക്കാർ വെറുതെ വിടില്ലായിരുന്നു. മുസ്‌ലിംകളുമായുള്ള പഴയസഖ്യം ഒരിക്കൽ കൂടി ജൂതന്മാർക്ക് ഉപകാരപ്രദമായിത്തീർന്നു.

### സലാഹുദ്ദീൻ അയ്യൂബി

സലാഹുദ്ദീൻ അയ്യൂബി പാശ്ചാത്യർക്കിടയിൽ 'സലദ്ദിൻ' എന്നറിയപ്പെട്ട സലാഹുദ്ദീൻ യൂസുഫ് ബിൻ നജ്മുദ്ദീൻ അയ്യൂബ് ബിൻ ശദ്‌ലി അബുൽ മുസഫർ സലാഹുദ്ദീൻ അൽമിക്ക് അൽനാസിർ ക്രിസ്ത്വാബ്ദം 1137ൽ ആധുനിക ഇറാഖിലെ തിക്രിത്തിൽ ഭൂജാതനായി. അർമീനിയയിൽ രൂപം കൊണ്ട അയ്യൂബികൾ എന്നറിയപ്പെട്ടവരുടെ കുർദിഷ് ഗോത്രത്തിലായിരുന്നു അദ്ദേഹം ജനിച്ചത്. മോസൂലിലെ സുൽത്താന്റെ പട്ടാളത്തിൽ കുർദിഷ് ജനറലായി സേവനം ചെയ്തിരുന്ന നജ്മുദ്ദീൻ അയ്യൂബ് ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്.

### സലാഹുദ്ദീന്റെ ആദ്യകാല ഉദ്യോഗം

സലാഹുദ്ദീന് മികച്ച വിദ്യാഭ്യാസം നൽകപ്പെട്ടിരുന്നു. വളരെ ചെറുപ്പത്തിൽത്തന്നെ അദ്ദേഹം കുടുംബാംഗങ്ങളിൽ പ്രതീക്ഷകൾ അങ്കുരിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഒരു ഗവർണർ ആയിരുന്നു അദ്ദേഹം മോസുലിലേക്ക് പോയി. വളരെ കർശനമായും അച്ചടക്കത്തോടുകൂടിയുമായിരുന്നു അദ്ദേഹം മകനെ വളർത്തിയത്. യുവാവായിരിക്കുമ്പോൾത്തന്നെ സലാഹുദ്ദീനെ കുറിച്ച് സിറിയിലെ രാജാവായിരുന്ന നൂറുദ്ദീൻ മഹ്മൂദിന് വലിയ മതിപ്പായിരുന്നു. അദ്ദേഹം തന്റെ അമ്മാവൻ അസദുദ്ദീൻശെർകോയുടെ കീഴിൽ ഒരു ലെഫ്റ്റനന്റായി. സലാഹുദ്ദീൻ തന്റെ നേതൃത്വഗുണത്തിലും സത്യസന്ധതയിലും പ്രസിദ്ധനായിരുന്നു. ഭക്തനായ ഒരു മുസ്‌ലിം ആയിരുന്ന അദ്ദേഹം വളരെ ലളിതമായ ജീവിതരീതിയും ലാളിത്യവും കൈക്കൊണ്ടു. മറ്റുള്ളവരെപ്പോലെ അദ്ദേഹം ആഢംബര ജീവിതം നയിച്ചില്ല.

### സലാഹുദ്ദീൻ മുസ്‌ലിംകളുടെ പ്രതിരോധ നായകൻ

തനിക്ക് ചുറ്റും നടക്കുന്ന സംഭവങ്ങൾ നിരീക്ഷിച്ചപ്പോൾ കുരിശുയുദ്ധക്കാരുടെ ആക്രമണമാണ് അദ്ദേഹം കണ്ടത്. എന്നാൽ താൻ പ്രതീക്ഷിച്ചതുപോലെ ഐക്യത്തോടെ ജീവിക്കുന്നതിനു പകരം മുസ്‌ലിം ലോകം ശിഥിലമാവുകയും സഹോദരന്മാർ തമ്മിൽ പോരടിക്കുന്നതുമാണ് അദ്ദേഹം ദർശിച്ചത്. ഈ കാലമായപ്പോഴേക്കും ആക്രമണങ്ങൾക്ക് ശേഷം രണ്ടു നൂറ്റാണ്ടുകൾ കഴിഞ്ഞിരുന്നു. മദ്ധ്യപൗരസ്ത്യദേശത്തെ ഭരണം കുരിശുയുദ്ധക്കാരുടെ കയ്യിലായിരുന്നു.

കുരിശുയുദ്ധക്കാർ വിശുദ്ധഭൂമിയിൽ നിന്ന് വിവിധ ദിശകളിലേക്ക് തള്ളിക്കയറിക്കൊണ്ടിരിക്കുകയായിരുന്നു. ഈജിപ്ത് വളരെ ദുർബലമായിരുന്നു. കെയ്റോയും ആക്രമണത്തിന് വിധേയമായതിനാൽ സുൽത്താൻ തന്റെ കമ്മാന്റേറ്റർ ശെർക്കോയേയും വസീറായ സലാഹുദ്ദീനേയും അയച്ചു.

തന്റെ അമ്മാവൻ ശെർക്കോ പട്ടണത്തിലെ കുരിശുയുദ്ധക്കാരെ പരാജയപ്പെടുത്തിയശേഷം 1171ൽ സലാഹുദ്ദീനെ ഈജിപ്തിലെ പ്രധാനമന്ത്രിയായി നിയമിച്ചു. അദ്ദേഹം ഈജിപ്തിലെ ഭരണത്തെയും പട്ടാളത്തെയും ശക്തിപ്പെടുത്തി. കുരിശുയുദ്ധക്കാരെ ജറുസലേമിൽ നിന്നും സിറിയയിൽ നിന്നും തുരത്തുവാൻ സലാഹുദ്ദീൻ കെയ്റോയെ തന്റെ താവളമാക്കി.

സിറിയയിലെ കുരിശുയുദ്ധക്കാരെ തുരത്തിയ അയ്യൂബി 1175ൽ ഡമാസ്ക്കസ് പിടിച്ചെടുത്തു. പിന്നെ തുർക്കിയിൽ കടന്നു കെനിയ പിടിച്ചടക്കി. (റൂമിയുടെ ഗൃഹം എന്ന പേരിലാണ് കെനിയ അറിയപ്പെടുന്നത്.) പട്ടാളകേന്ദ്രങ്ങൾക്ക് ചുറ്റുമുള്ള സ്ഥലങ്ങളെയും ഗോത്രങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് അദ്ദേഹം കുരിശുയുദ്ധക്കാരുടെ മേൽ കൂടുതൽ സമ്മർദം ചെലുത്തി. അവരെ പല ദിശകളിൽ കൂടിയും വലയം ചെയ്തു. അദ്ദേഹം ഉണ്ടാക്കിയ വിവിധ കരാറുകളുടെ ഫലമായി 1176 മുതൽ 1181 വരെ 6 വർഷം താരതമ്യേന ശാന്തിയുണ്ടായി. രണ്ടു വിഭാഗങ്ങൾക്കും താന്താങ്ങളുടെ ജനങ്ങളെ പുന:സംഘടിപ്പിക്കാനും തന്ത്രങ്ങൾ പരിഗണിക്കാനും ഈ കാലം ഉപയുക്തമായി. ലിബിയ വരെയുള്ള വടക്കെ ആഫ്രിക്കയുടെ മിക്കഭാഗങ്ങളും മെസപ്പൊട്ടോമിയയും അറേബ്യയും സലാഹുദ്ദീന്റെ നിയന്ത്രണത്തിലായി. എന്നിട്ടും ജറൂസലേമിൽ മുസ്‌ലിംകൾക്ക് സ്വാതന്ത്ര്യമുണ്ടായില്ല എന്ന വസ്തുത അദ്ദേഹത്തെ അലട്ടി. കുരിശുയുദ്ധക്കാരുടെ സാന്നിധ്യം അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു.

## സലാഹുദ്ദീൻ ജറുസലേം തിരിച്ചുപിടിക്കുന്നു

ആദ്യ വർഷങ്ങളിൽ, തന്നെ പിന്നിൽ നിന്ന് കുത്തുന്ന മുസ്‌ലിംകക്ഷികളെക്കുറിച്ച് ജാഗ്രതയുള്ളയാളായിരുന്നു സലാഹുദ്ദീൻ. അതേസമയം അദ്ദേഹം കുരിശുയുദ്ധക്കാരെ കൈകാര്യം ചെയ്യുന്നതിൽ വ്യാപൃതനായിരുന്നു. പക്ഷേ അദ്ദേഹം വളരെ ബുദ്ധിപൂർവം സഖ്യങ്ങൾ സൃഷ്ടിക്കാൻ തന്റെ സമയം ഉപയോഗപ്പെടുത്തി. അതിനാൽ ഇപ്പോൾ അദ്ദേഹത്തിന് കൂടുതൽ ആത്മവിശ്വാസത്തോടെ ജറുസലേമിനെ കീഴടക്കാൻ പദ്ധതിയിടാൻ സാധിച്ചു.

ഒരു യുദ്ധവിരാമക്കരാർ നിലവിലിരിക്കെതന്നെ ചാറ്റിലോണിലെ റെജിനാൾഡ് പ്രഭു കാരക്കി (ആധുനിക ജോർഡാൻ) കൊട്ടാരത്തിൽ താവളമടിച്ചുകൊണ്ട്, സിറിയയിലേക്ക് പോകുന്ന കച്ചവടസംഘങ്ങളെ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തു കരാർ ലംഘിക്കുകയുണ്ടായി. റെജിനാൾഡ് പ്രഭു സ്ത്രീകളെയും കുട്ടികളെയും പോലും ഒഴിവാക്കിയിരുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം അവരെല്ലാം യുദ്ധമുതലുകളായിരുന്നു. മക്കയുടെ വളരെ അടുത്ത അറേബ്യൻ രാജ്യത്തിലേക്ക് അദ്ദേഹം പട്ടാളക്കാരെ അയക്കുകയും അവിടത്തെ ജനങ്ങളെ അധിക്ഷേപിക്കുകയും ചെയ്തു. അതിന് കാരണമായിപ്പറഞ്ഞത് "അവർ മുഹമ്മദിൽ വിശ്വസിക്കുന്നവരല്ലേ, മുഹമ്മദ് വന്നു അവരെ രക്ഷിക്കട്ടെ" എന്നാണ്.

ബാൾഡ് വിൻ അഞ്ചാമൻ സിംഹാസനം ഒഴിഞ്ഞപ്പോൾ റജിനാൾഡിനെപ്പോലെയുള്ള നിരവധി പേർ സിംഹാസനം കൈക്കലാക്കാൻ ശ്രമിക്കുകയും ക്രിസ്ത്യാനികൾക്കിടയിൽ തന്നെ അത് ഛിദ്രതയുണ്ടാക്കുകയും ചെയ്തു.

സലാഹുദ്ദീൻ ശക്തമായ പട്ടാളത്തെ രൂപീകരിക്കുകയും ക്രമേണ കുരിശുയുദ്ധക്കാരെ ആകെ കുഴപ്പത്തിലാക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ പട്ടാളം തിബരിയാസ് പിടിച്ചെടുക്കുകയാണുണ്ടായത്. കുലീനരായ ക്രിസ്ത്യാനികളെ സമാധാനത്തോടെ രക്ഷപ്പെടാൻ അനുവദിക്കുകയും ചെയ്തു.

1187 ആകുമ്പോഴേക്കും സലാഹുദ്ദീൻ ജറുസലേം തിരിച്ചുപിടിക്കുകയും കുരിശുയുദ്ധക്കാർ കീഴടങ്ങാനുള്ള കരാർ ഉണ്ടാക്കുകയും ചെയ്തു. നേതാക്കളും യോദ്ധാക്കളും വിമോചന മൂല്യം നൽകി സ്വതന്ത്രരായെങ്കിലും ആയിരക്കണക്കായ പാവങ്ങൾ കരാർ സമയപരിധി അവസാനിച്ചിട്ടും പോവാൻ സാധിക്കാതെ അവിടെ തങ്ങി. തങ്ങളെ തടവുകാരായി വെക്കുമെന്ന് അവർ ധരിച്ചിരുന്നെങ്കിലും സലാഹുദ്ദീൻ അവരെയെല്ലാം സ്വതന്ത്രരാക്കുകയാണുണ്ടായത്. 90 വർഷങ്ങൾക്ക് മുൻപ് കുരിശുയുദ്ധക്കാർ ജറുസലേം ആക്രമിച്ചപ്പോൾ പട്ടണവാസികളെ മുഴുവനും നിഷ്ക്കാസനം ചെയ്തിരുന്നു. എന്നാൽ സലാഹുദ്ദീൻ ജറുസലേം തിരിച്ചു പിടിച്ചപ്പോൾ ഒരൊറ്റ മനുഷ്യൻ പോലും വധിക്കപ്പെട്ടില്ല.

സിംഹഹൃദയനായ റിച്ചാർഡിന്റെ നേതൃത്വത്തിൽ കുരിശുയുദ്ധക്കാർ ശക്തിയാർജിക്കുകയും 1191 ൽ റിച്ചാർഡ് പലസ്തീനിലെ അകെ പിടിച്ചെടുത്ത് അവിടുത്തെ മുസ്‌ലിം ജനസാമാന്യത്തെ അറുകൊല ചെയ്യുകയുമുണ്ടായി. ഇതിനെത്തുടർന്ന് സലാഹുദ്ദീനും റിച്ചാർഡും തമ്മിൽ നിരവധി ഏറ്റുമുട്ടലുകളുണ്ടായി. ഇതുമുഖേന സലാഹുദ്ദീന്റെ യുദ്ധത്തിലുള്ള വീരശൂര പരാക്രമങ്ങളുടെ കഥകൾ വളരെയധികം പെരുകി.

സലാഹുദ്ദീൻ 22 വർഷം ഈജിപ്ത് ഭരിച്ചു. സ്വരക്ഷക്ക് വേണ്ടി അദ്ദേഹം പട്ടണത്തെ ഉയരത്തിൽ നിന്ന് വീക്ഷിക്കാൻ വേണ്ടി ഒരു കുന്നിന്റെ മുകളിൽ കോട്ട നിർമിച്ചു. അദ്ദേഹം പട്ടണത്തിൽ മദ്രസ്സകളും ഖാൻഖാകളും (ഇസ്‌ലാമിക സ്കൂളുകളും) സൂഫി ആശ്രമങ്ങളും സ്ഥാപിച്ചു. സുന്നി മുസ്‌ലിംകൾ അവിടെ ശക്തിപ്രാപിക്കണമെന്ന് അദ്ദേഹം ഉദ്ദേശിച്ചിട്ടുണ്ടായിരുന്നു. കുരിശുയുദ്ധക്കാരുമായി അദ്ദേഹം യുദ്ധം ചെയ്ത രീതി പാശ്ചാത്യലോകത്ത് പ്രസിദ്ധമാണ്. കുരിശുയുദ്ധക്കാർ ജറൂസലേം പിടിച്ചെടുത്തപ്പോൾ പട്ടണം മുഴുവൻ രക്തനദിയിൽ മുങ്ങിയിരുന്നു. സലാഹുദ്ദീൻ ജറുസെലം തിരിച്ചുപിടിച്ചപ്പോൾ ഒരൊറ്റ ക്രിസ്ത്യാനിയുടെ പോലും രക്തം ചിന്തിയില്ല.

പ്രതികരണമായി, സിംഹഹൃദയനായ റിച്ചാർഡ്, ജർമനിയിലെ ഫ്രെഡറിക്, ഫ്രാൻസിലെ ഫിലിപ്പ് ചക്രവർത്തി എന്നിവർ മുസ്‌ലിംകളെ പരാജയപ്പെടുത്താൻ ഒരു വൻസൈന്യത്തെ അയച്ചു. താരതമ്യേന മിതമായ പട്ടാളശക്തിയുപയോഗിച്ച് സലാഹുദ്ദീൻ ചെറുത്തുനില്ക്കുകയും ചെയ്തു. അദ്ദേ ഹം വിജയിക്കുക മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ യുദ്ധരീതി കുരുശുയുദ്ധക്കാരെപ്പോലും ആകർഷിച്ചു. യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോൾ പോലും തീർഥാടകരായി വന്നിരുന്ന ക്രിസ്ത്യാനികളെ സമാധാനപൂർവം ജറുസലേമിൽ പ്രവേശിക്കാൻ അനുവദിച്ചു.

റിച്ചാർഡ് രോഗം ബാധിച്ചു ദുരിതമനുഭവിച്ചപ്പോൾ സലാഹുദ്ദീൻ പഴങ്ങളും മറ്റു സമ്മാനങ്ങളും അദ്ദേഹത്തിനയച്ചുകൊടുക്കുകയും അദ്ദേഹവുമായി സന്ധിയിലേർപ്പെടുകയും ചെയ്തു. ഈ രണ്ടു നേതാക്കൻമാരും പരസ്പരം ബഹുമാനം പ്രകടിപ്പിച്ചു.

1193 ൽ 56-ാം വയസ്സിൽ സലാഹുദ്ദീൻ ഡമാസ്ക്കസിൽ വെച്ച് നിര്യാതനായി.

## അയ്യൂബിദുകൾ

അദ്ദേഹത്തിന്റെ പുത്രൻ അൽകാമിൽ സ്ഥാനമേൽക്കുകയും കെയ്റോവിൽ കോട്ട വിപുലീകരിക്കുകയും ചെയ്തു. 1250 വരെ അയ്യൂബിദുകൾ ഭരണം നടത്തി. പിന്നെ അവരുടെ വിശിഷ്ടരായ പട്ടാള വിഭാഗ (ഇവർ സ്വതന്ത്രരായ അടിമകളായിരുന്നു) മായ മംലൂക്കുകൾ അധികാരമേറ്റെടുക്കുകയും അവരിൽപ്പെട്ട ഒരു പട്ടാളക്കാരൻ അൽമുയിസ് അയ്മക്ക് അവസാനത്തെ അയ്യൂബിദി നേതാവിന്റെ വിധവയെ വിവാഹം കഴിക്കുകയും ചെയ്തു. അവർ 250 വർഷത്തോളം ഭരണം നടത്തി.

പിന്നീടുള്ള നൂറ്റാണ്ടുകളിൽ മുസ്‌ലിം നേതാക്കന്മാർ കൃത്രിമമായ പ

കിട്ടുകളിലും ധനത്തിലും ആകൃഷ്ടരായി. ലക്ഷ്യത്തിലുള്ള ഈ വ്യതിയാനം വ്യക്തമായിരുന്നു. പള്ളികളും യൂണിവേഴ്സിറ്റി കെട്ടിടങ്ങളും നിർമിക്കുന്നതിനു പകരം വിശാലമായ കൊട്ടാരങ്ങളും അന്തഃപുരങ്ങളും നിർമിക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധ. കഠിനാദ്ധ്വാനത്തിനുപകരം വിനോദങ്ങളിലേർപ്പെട്ടു. ക്രമേണ അവർക്കു ചുറ്റുമുള്ള രാജ്യങ്ങളിലുള്ള സ്വാധീനത്തിനു മങ്ങലേറ്റു.

**ഉപസംഹാരം**

ചരിത്രത്തിന്റെ വിരോധാഭാസമെന്നു പറയട്ടെ, ആയിരം വർഷങ്ങൾക്കുമുമ്പ് സലാഹുദ്ദീൻ ഇറാഖിലെ തിക്രിത്തിലായിരുന്നു ഭൂതാജനായത്. ഈ അടുത്തയിടെയുണ്ടായ ഇറാഖ് യുദ്ധത്തിൽ ബോംബുവർഷങ്ങളുടെ രംഗവേദിയായിരുന്നു അത്.

യൂറോപ്പിലെ കുരിശുയുദ്ധക്കാർ അടിച്ചേൽപ്പിച്ചതാണെങ്കിലും സലാഹുദ്ദീൻ അയ്യൂബി ചെയ്ത പ്രതിരോധയുദ്ധത്തിന്റെ രീതി കാരണം അദ്ദേഹം ചരിത്രത്തിൽ സ്മരിക്കപ്പെടുന്നു. തുടക്കത്തിൽ മറ്റു മുസ്‌ലിംകളുടെ പിന്തുണയും ഐക്യവും കുറവായിട്ടുപോലും അദ്ദേഹം വിജയശ്രീലാളിതനായി.

നമുക്കെല്ലാം ഇതിൽ പാഠങ്ങൾ ഉണ്ട്. യുദ്ധത്തിൽ വിജയം കൈവരിക്കാനുള്ള ഏകവഴി നിയമലംഘനം മാത്രമാണെന്ന് ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നിട്ടും വിജയം പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് വിജയം നേടാൻ ഉപയോഗിക്കുന്ന രീതി എന്ന് അദ്ദേഹം നിർണായകമായി തെളിയിച്ചിരിക്കുകയാണ്. 1500 വർഷങ്ങൾക്ക് മുമ്പ് സൈറസ് നേടിയതു പോലെ. ഏകദേശം ചില നൂറ്റാണ്ടുകൾക്ക് മുമ്പ് മക്കക്കാരുടെ കൈകൾ കൊണ്ട് മുസ്‌ലിംകൾക്ക് അനുഭവിക്കേണ്ടി വന്ന പീഡനങ്ങളായിരുന്നിരിക്കണം സലാഹുദ്ദീന് പ്രചോദനമേകിയത്. എന്നിട്ടും മക്കയെ കീഴടക്കാൻ നബി(സ) തിരുമേനി അനുയായികളോടൊപ്പം പോയപ്പോൾ രക്തം ചിന്തിയില്ലെന്ന് മാത്രമല്ല തിരുമേനി (സ) തന്നെയും തന്റെ അനുയായികളെയും വർഷങ്ങളോളം പീഡിപ്പിക്കുകയും വധിക്കുകയും ചെയ്ത എല്ലാവർക്കും മാപ്പ് നൽകുകയാണ് ചെയ്തത്.

സമാനമായ ഒരു പെരുമാറ്റം തന്നെയാണ് സലാഹുദ്ദീൻ ജറുസലേം തിരിച്ചുപിടിച്ചപ്പോൾ കാണിച്ചത്. ബഹുമാനമർഹിക്കുന്ന വിശ്വാസിയായിരുന്നു അദ്ദേഹം. കൃത്രിമമായ ആഡംബരത്തിനും ധനത്തിനും വില കല്പിക്കാതെ ലാളിത്യമായിരുന്നു അദ്ദേഹം ഇഷ്ടപ്പെട്ടത്.

അബ്ദുൽ ലത്തീഫ് എന്നു പേരുള്ള ബാഗ്ദാദിലെ ഒരു ഭിഷഗ്വരൻ സലാഹുദ്ദീനെ സംബന്ധിച്ച് പറയുന്നു:

"ഒരു മഹാനായ രാജകുമാരൻ! അദ്ദേഹത്തിന്റെ ആഗമനം ബഹുമാനവും സ്നേഹവും അങ്കുരിപ്പിക്കുന്നു. അദ്ദേഹത്തെ എപ്പോഴും സമീപിക്കുമായിരുന്നു. അദ്ദേഹം അഗാധബുദ്ധിമാനും ഉദാരമതിയും കുലീനമായ ചിന്തകളുമുള്ള ആളായിരുന്നു. അദ്ദേഹത്തെ സമീപിച്ചവരെല്ലാം അദ്ദേഹത്തെ മാതൃകയാക്കി...."(Lane-Pool page 248)

അദ്ദേഹം അഗാധമായ മതബോധമുള്ളയാളായിരുന്നു. ഇസ്‌ലാമിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണം യാഥാസ്ഥിതികമായിരുന്നു. അതേസമയം നബിതിരുമേനി(സ) കാണിച്ചുതന്ന ലാളിത്യത്തിന്റെയും ത്യാഗമനോഭാവത്തിന്റെയും അടിസ്ഥാനത്തിലുള്ളതായിരുന്നു.

നമുക്കെല്ലാം പിന്തുടരാൻ പറ്റിയ ധീരോദാത്തതയുടെ ഇതിലും നല്ല ഉദാഹരണം വേറെ ഇല്ല.

(Review of Religions. Sept. 2004)

**വിവ. കെ.വി. ഹസ്സൻകോയ**


Reaching the corners of the Earth

## ജുമുഅ ഖുത്വ്ബ

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർത്ഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജ്ജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദ്ദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

www.mta.tv

# പലസ്തീന്റെ വ്യഥാസ്വപ്നം

മുസാഫിർ



പലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് യുഎൻ സെക്രട്ടറി ജനറൽ ബാൻകീ മൂണിന് അംഗത്വ അപേക്ഷ നൽകുന്നു

**പി**റന്ന നാട്ടിൽ നിന്ന് അടിച്ചോടിക്കപ്പെട്ട് അഭയാർഥികളായി കഴിയുന്ന 7 ദശലക്ഷത്തോളം വരുന്ന പലസ്തീൻ ജനതയുടെ രാഷ്ട്രീയ പരമാധികാരത്തിന് വേണ്ടിയും യുഎന്നിലെ പൂർണ അംഗത്വത്തിന് വേണ്ടിയുമുള്ള അഭ്യർഥന ഒരിക്കൽ കൂടി ഐക്യ രാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ വെച്ച് ലോക മനസാക്ഷിയുടെ മുമ്പിൽ സമർപ്പിച്ചിരിക്കുകയാണ്. വനരോദനമായി മാറുമെന്നുറപ്പുള്ള ഈ ശ്രമം പക്ഷേ ഐക്യ രാഷ്ട്ര സഭയുടെ നീതിരഹിതവും ജനാധിപത്യ വിരുദ്ധ വുമായ ഘടനയെ ഒരിക്കൽ കൂടി തുറന്നു കാട്ടുകയാണ്. ഇസ്രായേലിന്റെ ധിക്കാരപരമായ നിലപാടും അതിനനുസൃതമായി അമേരിക്കയുടെ ഇടപെടലുകൾക്കും നിരവധി തവണ ഐക്യ രാഷ്ട്രസഭ വേദിയാവുകയുണ്ടായി. ലോകജനതയുടെ ചരിത്രത്തിന്റെ നാൾവഴിയിൽ ഈ ആഗോളസ്ഥാപനം കളങ്കിതമായ ഒരു സ്ഥാപനമായിത്തീരുമെന്നോർത്ത നമ്മുടെ കാലഘട്ട ത്തിലെ ഓരോരുത്തരും ലജ്ജിക്കേണ്ടിയിരിക്കുന്നു.

സെപ്റ്റംബർ 23-ാം തീയതി പലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് തന്റെ രാജ്യത്തിന് പൂർണ രാഷ്ട്ര പദവി നൽകണമെന്ന് ആവശ്യപ്പെട്ട് നടത്തിയ ഹൃദയസ്പൃക്കായ അഭ്യർഥനയോട് 193 അംഗ രാജ്യങ്ങളുള്ള ഐക്യരാഷ്ട്ര സഭയിൽ ഇന്ത്യയടക്കം 120 രാജ്യങ്ങൾ പലസ്തീനികൾക്ക് പിന്തുണ അറിയിച്ചി ട്ടുണ്ട്. ഇപ്പോൾ പലസ്തീന് ഐക്യരാ ഷ്ട്ര സഭയിൽ നിരീക്ഷക പദവി മാത്രമേയുള്ളൂ.വോട്ടിങ്ങിൽ പങ്കെടു ക്കാൻ അവകാശമില്ല. സെപ്റ്റംബർ 23 ന് വെള്ളിയാഴ്ച്ച പൊതു സഭയിൽ നടത്തിയ പ്രസംഗത്തിന് ശേഷം മഹ്മൂദ് അബ്ബാസ് യുഎൻ സെക്രട്ടറി ജനറൽ ബാൻ കീ മൂണിന് അംഗത്വ അപേക്ഷ ഔപചാരികമായി സമർപ്പിക്കുകയുണ്ടായി. അദ്ദേഹമത് രക്ഷാസമിതിക്ക് കൈമാറും. തീരുമാനമെടുക്കേണ്ടത് രക്ഷാസമിതിയാണ്. അവിടെ അമേരിക്കയടക്കം അഞ്ചു വീറ്റോ അധികാരമുള്ള രാജ്യങ്ങളിരിപ്പുണ്ട്. ഇത്തരമൊരു പ്രമേയം മഹ്മൂദ് അബ്ബാസ് അവതരിപ്പിക്കാതിരിക്കാൻ അമേരിക്ക കിണഞ്ഞു പരിശ്രമിച്ചിട്ടും വഴങ്ങാതെയാണ് അദ്ദേഹം പ്രമേയവുമായി മുന്നോട്ട് പോയത്. ആയതിനാൽ അമേരിക്ക വീറ്റോയെന്ന വജ്രായുധം പ്രയോഗിക്കുമെന്നുറപ്പാണ്. എങ്കിലും അമേരിക്കയിലും എന്തിനധികം ഇസ്രായേലിലും പലസ്തീൻ പ്രശ്നത്തിൽ നീതിപാലിക്കാൻ വമ്പിച്ചതോതിൽ ജനകീയാഭിപ്രായങ്ങൾ രൂപപ്പെട്ട്വരികയാണ്. 1947 ൽ ഇസ്രായേൽ രാഷ്ട്രം നിലവിൽ വരുമ്പോൾ ഭൂരിപക്ഷം രാജ്യങ്ങളും ഇസ്രായേൽ രൂപീകരണത്തിനെതിരായിട്ടും വമ്പിച്ച സമ്മർദവും ലോബിയിങ്ങും ഭീഷണിയും ചെലുത്തി ആ ലോകാഭിപ്രായത്തെ സിയോണിസ്റ്റുകളും അമേരിക്കയും അട്ടിമറിക്കുകയായിരുന്നു എന്നകാര്യം നാമോർക്കുക.

1993ൽ നോർവേയിലെ ഓസ്ലോയിൽ വെച്ച് അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ലിന്റന്റെ ആഭിമുഖ്യത്തിൽ ഇസ്രായേലും പലസ്തീൻ അതോറിറ്റിയും ഒപ്പുവെച്ച കരാർ പ്രകാരം ഗാസ, വെസ്റ്റ് ബാങ്ക് എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പലസ്തീനികൾക്ക് സ്വതന്ത്ര രാഷ്ട്രം രൂപീകരിക്കാനുള്ള അവകാശമുണ്ട്. 5 വർഷത്തിനകം ഇത് നടപ്പാക്കണമെന്നുമായിരുന്നു കരാർ നിർദേശം. 18 വർഷത്തിന് ശേഷം ആ കരാർ



തകർക്കപ്പെട്ട ഒരു പലസ്തീൻ ഭവനം

പ്രകാരമാണ് പലസ്തീൻ നേതാവ് മഹ്മൂദ് അബ്ബാസ് ഐക്യരാഷ്ട്ര സഭയിൽ ഈ അഭ്യർഥന നടത്തിയിരിക്കുന്നത്. എന്നിട്ടും ഇസ്രായേലും അമേരിക്കയും അതിനെ എതിർക്കുകയാണ്. പലസ്തീൻ ജനതയ്ക്ക് സ്വയം നിർണയാവകാശത്തിനും സ്വതന്ത്ര പരമാധികാര രാഷ്ട്രമാവാനുമുള്ള അധികാരം 1974 ൽ ഐക്യരാഷ്ട്ര സഭ അംഗീകരിച്ചതാണ്. 2009 ഡിസംബറിൽ അധിനിവിഷ്ട പലസ്തീന്റെ പരമാധികാരവും മറ്റൊരു പ്രമേയത്തിലൂടെ വ്യക്തമാക്കുകയും ചെയ്തിട്ടുമുണ്ട്. ഇസ്രായേൽ ഉൾപ്പെടെ 8 രാജ്യങ്ങൾ അതിനെഎതിർക്കുകയും ഏഴു രാജ്യങ്ങൾ വോട്ടെടുപ്പിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്തെങ്കിലും 165 രാജ്യങ്ങൾ പ്രമേയത്തെ പിന്തുണച്ചു. പലസ്തീനികൾക്ക് സ്വന്തമായി പാസ്പോർട്ടുണ്ട്. പലസ്തീനിയൻ അതോറിറ്റിയുടെ പേരിലുള്ള ഈ പാസ്പോർട്ട് ഒരു യാത്രാരേഖയായി അമേരിക്കയും ബ്രിട്ടനും ഉൾപ്പെടെ മുപ്പത് രാജ്യങ്ങളെങ്കിലും അംഗീകരിച്ചിട്ടുമുണ്ട്. പക്ഷേ സയണിസ്റ്റ് ലോബി അതിൽ നിന്ന് ഒരിഞ്ച് മുന്നോട്ട് പോകാൻ അമേരിക്കയെ അനുവദിക്കില്ല. ആഫ്രിക്കൻ രാജ്യമായ സുഡാന്റെ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള തെക്കൻ ഭാഗത്തെ വിഭജിച്ചുകൊണ്ട് ഒരു പുതിയ ക്രൈസ്തവ രാഷ്ട്രം ഏകദേശം രണ്ടര മാസം മുമ്പ് 2011 ജൂലായ്14 ന് ഐക്യരാഷ്ട്ര സഭയുടെ അംഗീകാരത്തോടെ രൂപം കൊണ്ടത് നാം കണ്ടതാണ്. അമേരിക്കയുടെ ദ്രുതഗതിയിലുള്ള പ്രവർത്തനം കൊണ്ടാണ് ഈ രാജ്യം സ്ഥാപിതമായത്. പക്ഷേ ആറ് പതിറ്റാണ്ടായി പലസ്തീൻ വിഷയത്തിലുള്ള ഈ മുട്ടാപോക്ക് ലജ്ജാകരമായ പക്ഷപാതിത്വമല്ലേ?.

പലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിന്റെ ഐക്യരാഷ്ട്ര സഭയിലെ പ്രസംഗത്തിൽ നിന്ന് ഒരുഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. പുതു രാഷ്ട്രമായ തെക്കൻ സുഡാന് ആശംസകൾ നേർന്നുകൊണ്ടാണ് മഹ്മൂദ് അബ്ബാസ് പ്രസംഗമാരംഭിച്ചത്. ''1948ലെ ഒരു മഹാദുരന്തത്തിന്റെ ഫലമായാണ് പലസ്തീൻ പ്രശ്നം ഉടലെടുക്കുന്നത്. പിറന്ന മണ്ണിൽ നിന്നാട്ടിയോടിക്കപ്പെട്ട പലസ്തീനികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അഭയാർഥികളായി കഴിയുകയാണ്. അന്ന് തൊട്ട് ഞങ്ങളുടെ നീതിക്ക് വേണ്ടിയുള്ള പരിശ്രമവും തുടരുകയാണ്. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ നാം ഈ ഹാളിൽ പലസ്തീൻ വിഷയം ചർച്ച ചെയ്തിരുന്നുവല്ലോ. അന്ന് എല്ലാവരും പ്രത്യാശ പ്രകടിപ്പിച്ചു. മേഖലയിൽ സമാധാനമുണ്ടാകാനുള്ള എല്ലാ ശ്രമങ്ങൾക്കും ഞങ്ങൾ പൂർണമായും സന്നദ്ധരായിരുന്നു. എല്ലാ ചർച്ചകളും പരാജയപ്പെടുകയായിരുന്നു. എല്ലവാതിലുകളും ഞങ്ങൾ മുട്ടി. ഔദ്യോഗികമായ എല്ലാ ഏജൻസികളെയും ഞങ്ങൾ സമീപിച്ചു. പക്ഷേ എല്ലാം ഇസ്രായേലിന്റെ കടുംപിടുത്തത്തിന് മുമ്പിൽ തകരുകയായിരുന്നു. അന്താരാഷ്ട്രാനിയമങ്ങളും ഐക്യരാഷ്ട്ര സഭയുടെ നിർദേശങ്ങളും കാറ്റിൽ പറത്തി പലസ്തീൻ മണ്ണിൽ ഇസ്രായേൽ അധിനിവേശം തുടരുക യാണ്. പലസ്തീനികളെ നിത്യേന അവരുടെ വീടുകളിൽ നിന്ന് ആട്ടിയോടിക്കുകയാണ്. ഇസ്രായേൽ സൈന്യം സമാനതകളില്ലാത്ത ക്രൂരത കളാണ് പലസ്തീനികളോട് കണിക്കു ന്നത്. 1993ൽഇസ്രായേലും പലസ്തീനും തമ്മിലുള്ള ചർച്ച ചരിത്രപരമായ കാൽവെപ്പായിത്തീരുമെന്ന് നാം പ്രതീക്ഷിച്ചു. പക്ഷേ അതിനെ എല്ലാ നിലക്കും അവഗണിച്ച് ഇസ്രായേൽ അധിനിവേശം തുടരുകയായിരുന്നു. ആയിരക്കണക്കിന് വീടുകളും കെട്ടിടങ്ങളും തല്ലിതകർത്താണ് ഇസ്രായേൽ സൈന്യം നായാട്ട് നടത്തിയത്. ഖുദ്സിന്റെ വിശുദ്ധിയെ കളങ്കപ്പെടുത്തുന്ന രൂപത്തിലാണ് ഖനനമെന്നപേരിൽ അതിക്രമം നടന്നത്. പടിഞ്ഞാറെ കരയിൽ വ്യാപകമായ തോതിൽ അധിനിവേശമുണ്ടായി. പലസ്തീനികളെ ഒരു ചെറു ദ്വീപിലേക്ക് ചുരുക്കുന്നതിന്റെ ഭാഗമായി ചുറ്റും വൻ മതിൽ പണിതു. ആരാധനകൾപോലും നടത്താനുള്ള സ്വാതന്ത്ര്യം പലസ്തീനികൾക്ക് നഷ്ടപെട്ടു. എന്റെ ജനത ലോകത്തിന്റെ മറുപടി പ്രതീക്ഷിക്കുകയാണ്. അധിനിവേശം നടത്തുകയും എല്ലാ അന്താരാഷ്ട്രാ നിയമങ്ങളെയും കാറ്റിൽ പറത്തുകയും ചെയ്യുന്ന ഒരു ധിക്കാരി രാഷ്ട്രമായി ഇസ്രായേലിനെകെട്ടഴിച്ച് വിടുകയാണോ? പലസ്തീന്റെ മണ്ണ് ദൈവിക സന്ദേശത്തിന്റെ മണ്ണാണ്. ദൈവ ദൂതന്മാർ കാലൂന്നിയ വിശുദ്ധ മണ്ണ്. 63 വർഷമായി എന്റെ ജനത ഇവിടെ കടുത്തനിന്ദ്യത അനുഭവിക്കുകയാണ്. പലസ്തീൻ ജനതക്ക് സ്വാതന്ത്ര്യവും നീതിയും ലഭിക്കുവാൻ ഇനിയും സമയം വൈകിക്കൂടാ. ക്യാമ്പുകളിൽ കഴിയുന്ന പതിനായിരക്കണക്കിന് അഭയാർഥികൾക്ക് സ്വന്തം നാട്ടിലേക്ക് മടങ്ങിവരാൻ സമയമായി. അറബ് ലോകത്ത് വസന്തം വിരിയിച്ച ആ ജനത ജനാധിപത്യത്തിലേക്ക് അടുത്തിരിക്കുന്നു. പലസ്തീൻ വസന്തത്തിനും അധികനാൾ കാത്തിരിക്കേണ്ടിവരില്ല.”

അല്ലാഹു പലസ്തീൻ ജനതയുടെ എല്ലാ ദുരിതങ്ങൾക്കും അറുതി വരുത്തി അവരെസംരക്ഷിക്കുമാറാകട്ടെ. ■

# ഖുർആൻ എക്സിബിഷൻ ആക്രമണത്തിൽ പ്രതിഷേധം



ന്യൂഡൽഹി: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിനടുത്ത് സപ്റ്റംബർ23,24,25 തീയതികളിൽ വിശുദ്ധ ഖുർആന്റെ സമാധാന സന്ദേശം വിളംബരം ചെയ്യുന്ന ഖുർആൻ എക്സിബിഷൻ വിവാദ മതനേതാവ് ഡൽഹി ജുമാ മസ്ജിദ് ശാഹി ഇമാം സയ്യിദ് അഹ്മദ് ബുഖാരി യുടെ നേതൃത്വത്തിൽ ഒരുസംഘം തീവ്രവാദികൾ വന്ന് ഉപരോധിക്കുകയും അക്രമാസക്തരായി ഭീഷണിപ്പെടുത്തുകയും ചെയ്തത് പ്രതിഷേധാർഹവും ആശങ്കാജനകവുമാണ്. അക്രമാസക്തമായ പ്രതിഷേധത്തിൽ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് അംഗം കമാൽ ഫാറൂക്കിയും ചില തീവ്രവാദി മുസ്‌ലിം സംഘടനാ നേതാക്കളും നേതൃത്വം നൽകി. വിശുദ്ധ ഖുർആന്റെയും നബിതിരുമേനി(സ) യുടെയും ശാന്തിയുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി സംഘടിപ്പിക്കപ്പെട്ടതായിരുന്നു എക്സിബിഷൻ. 56 ലധികം ഭാഷകളിൽ അഹ്മദിയ്യാജമാഅത്ത് പ്രസിദ്ധീകരിച്ച ഖുർആൻ പരിഭാഷകൾ എക്സിബിഷനിൽ പ്രദർശിപ്പിക്കുകയുണ്ടായി. ഇസ്‌ലാമിനെതിരെ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾക്ക് മറുപടിയും വിശദീകരണങ്ങളും എക്സിബിഷനിൽ പ്രദർശിപ്പിച്ചിരുന്നു. ഇത്തരം പ്രചാരണ സംരംഭങ്ങൾ അസഹിഷ്ണുതയുടെ പേരിൽ തീവ്രവാദികൾ ആക്രമ ഭീഷണി മുഴക്കി നിർത്തിവെക്കാൻ ശ്രമിക്കുന്നത് ആശങ്കാജനകമാണ്. ഖുർആനിനെതിരെ പ്രക്ഷോഭവുമായി വന്ന അമേരിക്കയിലെ ഭീകരവാദിയായ പാസ്റ്റർ ടെറി ജോണിന്റെ പ്രവർത്തികളോട് സമാനമായ ജുഗുപ്സാവഹമായ തീവ്രവാദത്തിനാണ് ശാഹി ഇമാം നേതൃത്വം കൊടുക്കുന്നത്. ഇത് റസൂൽ തിരുമേനി(സ)യുടെ മാതൃകയാണോയെന്ന് ഇമാമും അനുയായികളും ചിന്തിച്ചുനോക്കണം. എല്ലാ വിശ്വാസികൾക്കും പ്രചാരണ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന നമ്മുടെ സെക്കുലർ രാജ്യത്തിന്റെ തലസ്ഥാന നഗരമായ ഡൽഹിയിൽ പാക്കിസ്താനിലും അഫ്ഗാനിസ്ഥാനിലും അരങ്ങേറുന്നത് പോലെയുള്ള താലിബാൻ മോഡൽ തീവ്രവാദവും അസഹിഷ്ണുതയും പടരുന്നത് ഒരിക്കലും അനുവദിക്കാൻ പാടുള്ളതല്ല. ബഹുസ്വരതയിലധിഷ്ഠിതമായ ഇന്ത്യയിലെ സെക്കുലർ നീതിതത്ത്വങ്ങൾക്ക് ഇത് കടുത്ത ഭീഷണി സൃഷ്ടിക്കുന്നു.

പ്രദർശനവുമായി സഹകരിച്ച പാർലമെന്റംഗങ്ങളെ ബഹിഷ്കരിക്കാനും അഹ്മദ് ബുഖാരി ആഹ്വാനം ചെയ്യുകയുണ്ടായി. പ്രദർശനം കാണാനെത്തിയ നാഷണൽ മൈനോറിറ്റി കമ്മീഷൻ ചെയർമാൻ വജഹത്തുള്ളാ ഹബീബ് പ്രദർശനത്തെ വളരെയേറെ പ്രകീർത്തിക്കുകയുണ്ടായി. അദ്ദേഹത്തെയും ഇമാം ഭീഷണിപ്പെടുത്തുകയുണ്ടായി. ക്രമസമാധാനപാലനത്തിന്റെ ഭാഗമായി ഡൽഹി പോലീസ് ബുഖാരിയേയും മറ്റു 56 പേരെയും ദാരിയാ ഗഞ്ച് സ്റ്റേഷനിൽ മണിക്കൂറുകളോളം തടങ്കലിൽ വെക്കുകയുണ്ടായി. മൂന്ന് ദിവസങ്ങളായി സംഘടിപ്പിക്കപ്പെട്ട എക്സിബിഷൻ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിചേക്കുമെന്ന് അധികൃതരുടെ ആശങ്ക മാനിച്ച് അഹ്ദികൾ എക്സിബിഷൻ നേരത്തെ നിർത്തിവെക്കുകയാണുണ്ടായത്.

ഇസ്‌ലാമിന്റെ എല്ലാ പ്രമാണങ്ങളിലും മറ്റു മുസ്‌ലിംകളെ പോലെ വിശ്വസിക്കുന്ന അഹ്മദികളെ അമുസ്‌ലിംകളാണെന്ന് ഫത്‌വയിറക്കാൻ ആർക്കും അധികാരമില്ല. അഭിപ്രായ വ്യത്യാസങ്ങൾ സംവദിച്ചു മനസ്സിലാക്കുന്നതിന്ന് പകരം ആക്രമണത്തിന്റെ മാർഗം കൈകൊള്ളുന്നത് ഇസ്‌ലാമിന്റെ മാർഗമല്ലെന്ന് എല്ലാ മുസ്‌ലിം കക്ഷികളും മനസ്സിലാക്കണം. മനുഷ്യ സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്ന എല്ലാവരും ഇത്തരം അക്രമണത്തെ അപലപിക്കേണ്ടതുണ്ട്.

# ഖലീഫത്തുൽ മസീഹിന് നോർവേയിൽ ഊഷ്മളമായ സ്വീകരണം



2011സെപ്റ്റംബർ 30ന് വെള്ളിയാഴ്ച നോർവെയുടെ തലസ്ഥാനമായ ഓസ്‌ലോയിൽ ഖലീഫത്തുൽ മസീഹ് ഉദ്ഘാടനം നിർവഹിച്ച ബൈത്തു നസ്ർ മസ്ജിദ്. സ്കാന്റിനേവിയൻ രാജ്യങ്ങളിൽ വെച്ച് ഏറ്റവും വലിയ ഈ പള്ളിയിൽ 4500 പേർക്ക് നമസ്ക്കരിക്കാനാവും നോർവെ മാധ്യമങ്ങൾ വൻ വാർത്താ പ്രാധാന്യമാണ് ഇതിന് നൽകിയത്.

സെപ്റ്റംബർ 27 ന് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) സ്കാന്റിനേവിയൻ രാജ്യമായ നോർവേ സന്ദർശിക്കുകയുണ്ടായി. നോർവീജിയൻ ഭരണകക്ഷിയായ ലേബർ പാർട്ടി നേതാവും പാർലമെന്റ് അംഗവുമായ ഹാരെ ഹെൽസത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം പാർലമെന്റ് അംഗങ്ങളാണ് തലസ്ഥാനമായ ഓസ്ലോയിൽ ഖലീഫത്തുൽ മസീഹിനെ സ്വീകരിച്ചത്. പാർലമെന്റ് അംഗ

ങ്ങളുടെ അഭിവാദ്യം സ്വീകരിച്ചതിന് ശേഷം നോർവേ ദേശീയ പാർലമെന്റായ സ്റ്റോർട്ടിങ്ങും ഖലീഫത്തുൽ മസീഹ് സന്ദർശിക്കുകയുണ്ടായി. അതിന്ന് ശേഷം ഖലീഫ തിരുമനസ്സ് പ്രസിഡന്റ് തെർജെ ആന്റേയ്സണുമായി പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയിൽ വെച്ച് കൂടികാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ പല വിഷയങ്ങളെ പറ്റിയും അവർ സംസാരിക്കുകയുണ്ടായി. സ്റ്റോർട്ടിങ്ങ് എന്ന് വിളിക്കപ്പെടുന്ന അതി ഗംഭീരമായ നോർവേ പാർലമെന്റ് കെട്ടിടത്തിന്റെ വാസ്തു ശിൽപ്പ സൗന്ദര്യത്തെ ഖലീഫ തിരുമനസ്സ് പ്രശംസിക്കുകയുണ്ടായി. അതിന്ന് ശേഷം ഖലീഫ തിരുമനസ്സിന് പാർലമെന്റ് അംഗങ്ങൾ ഊഷ്മളമായ ഒരു സ്വീകരണം നൽകുകയുണ്ടായി. സ്വീകരണത്തിൽ എം. പി. ഹാരെ ഹെൽസത്ത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും വളരെയേറെ ശ്ലാഘിക്കുകയുമുണ്ടായി. 2011 ജൂലൈ 22 ന്ന് ഓസ്ലോയിൽ വെച്ച് നോർവീജിയൻ പൗരന്മാരുടെ കൂട്ടക്കൊലയിൽ കൊല്ലപ്പെട്ട ഹതഭാഗ്യരെ അദ്ദേഹം അനുസ്മരിച്ചു. തുറന്ന ജനാധിപത്യത്തിന് നോർവേ ഭരണകൂടം എപ്പോഴും സന്നദ്ധമായിരിക്കുമെന്നും അദ്ദേഹം അറിയിച്ചു. ഹെൽസത്ത് ഹുസൂർ തിരുമനസ്സിന് നോർവീജിയൻ പാർലമെന്റിന്റെ ഉപഹാരം സമർപ്പിക്കുകയുണ്ടായി.

മറുപടി പ്രസംഗത്തിൽ എല്ലാവിധ തീവ്രവാദങ്ങൾക്കും ഭീകരവാദങ്ങൾക്കും അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എതിരായിരിക്കുമെന്ന് ഖലീഫത്തുൽ മസീഹ് പറയുകയുണ്ടായി ഞങ്ങളുടെ ഈ സമൂഹവും എപ്പോഴും തീവ്രവാദത്തിന്റേയും ഭീകരവാദത്തിന്റേയും ഇരയാണെന്ന് ഹുസുർ തിരുമനസ്സ് പറഞ്ഞു. ഏതാനും മാസം മുമ്പ് ഓസ്ലോയിൽ നടന്ന ദാരുണമായ കൂട്ടക്കൊലയിൽ ഇരയായവക്ക് അഹ്മദിയ്യാജമാഅത്തിന്റെ പൂർണമായ അനുതാപം ഹുസൂർ തിരുമനസ്സ് രേഖപ്പെടുത്തി. അതിന് ശേഷം അഹ്മദിയ്യാ ജമാഅത്ത് നോർവേയിൽ പണിയുന്ന പള്ളിയുടെ കൊച്ചു മാതൃക എല്ലാ പാർലമെന്റ് അംഗങ്ങൾക്കും ഖലീഫ തിരുമനസ്സ് നൽകുകയുണ്ടായി. ഈ മസ്ജിദ് നോർവേചരിത്രത്തിൽ ഒരു നാഴിക കല്ലായി തീരുമെന്ന് ഒരുപാർലമെന്റ് അംഗം പറയുകയുണ്ടായി.



2011 സെപ്റ്റംബർ 11, 12 തീയതികളിൽ തിരുവനന്തപുരത്തുവെച്ച് നടന്ന മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖാ ഇജ്തിമ കശ്മീർ സോണൽ ഖാഇദ് താരിഖ് ഹുസൈൻ മീർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു



2011 സെപ്റ്റംബർ 11, 12 തീയതികളിൽ പള്ളിപ്പുറം മസ്ജിദിൽ വെച്ച് നടന്ന മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സെൻട്രൽ ഇലാഖ ഇജ്തിമയിൽ ഖുദ്ദാം അഖിലേന്ത്യാ നാഇബ് സദർ ഷമീം അഹ്മദ് സാഹിബ് പ്രതിജ്ഞാ വാചകം ചൊല്ലികൊടുക്കുന്നു.



2011 സെപ്റ്റംബർ 11, 12 തീയതികളിൽ പഴയങ്ങാടി ഫസ്ലെഉമർ സ്കൂളിൽ വെച്ച് നടന്ന മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഇജ്തിമ കർണാടക നോർത്ത് ഖാഇദ് മുസവ്വിർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.

ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും
ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും
ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം




വില ₹ 800
സ്പെഷൽ പ്രൈസ്
₹400
മാത്രം

# വെളിപാട്
# യുക്തി
# ജ്ഞാനം സത്യം

**ഗ്രന്ഥകർത്താ:**
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
**വിവർത്തനം**
**ഏ. എം. മുഹമ്മദ് സലിം**

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ

സമഗ്രമായ ഇൻഡക്സ്

**പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ**

കോഴിക്കോട്
**അഹ്മദിയ്യാ ബുക്സ്റ്റാൾ**
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
ജി. എച്ച് റോഡ്, കോഴിക്കോട്

കണ്ണൂർ
**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
ഫോർട്ട് റോഡ്, കണ്ണൂർ

എറണാകുളം
**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**
സെന്റ് ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്

**ഒരു ഇസ്ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം**

2011 October

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No.10
Price Rs. **20/-**

**The Sathyadoothan Monthly**

# ഇസ്‌ലാം സമാധാനത്തിന്റെ മതം
# മുഹമ്മദ് നബി (സ) ശാന്തിയുടെ ദൂതൻ



എല്ലാവരോടും സ്‌നേഹം, വെറുപ്പ് ആരോടുമില്ല!..

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേരള**

**സംസ്ഥാന**

# സമ്മേളനം

2011 നവംബർ 12, 13 (ശനി, ഞായർ)

**കോഴിക്കോട്**

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**Toll free No.**

**1800 425 2020**

**(9 am to 9 pm)**